THE SUNDAY SCHOOL

Vol. 4 • No. 3 • July - September 2018

രക്ഷാധികാരി
മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ

പ്രസിഡന്റ്
ഡോ. ഗബ്രിയേൽ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ

ചീഫ് എഡിറ്റർ
ഫാ. ഡോ. ജേക്കബ് കുര്യൻ

പബ്ലീഷർ
പ്രൊഫ. ഡോ. ചെറിയാൻ തോമസ്

മാനേജിംഗ് എഡിറ്റർ
പ്രൊഫ. കെ. വി. ജോർജ്

എക്സിക്യൂട്ടീവ് എഡിറ്റർ
ജോസഫ് അലക്സാണ്ടർ

എഡിറ്റോറിയൽ ബോർഡ്
ഫാ. ഡോ. ബിജേഷ് ഫിലിപ്പ്
സന്തോഷ് ബേബി എ. കെ.
ഡോ. ഐപ്പ് വറുഗീസ്
പ്രൊഫ. ജോസ് വി. കോശി
ഡോ. വർഗീസ് പുന്നൂസ്
വർഗീസ് ജോൺ തോട്ടപ്പുഴ

കേന്ദ്ര ഓഫീസ്
ദേവലോകം
കോട്ടയം-686 004
✆ 0481 2572890
thesundayschoolossae@gmail.com

An OSSAE Publication
Printed at Alois Graphics
Kottayam-1, Tel: 0481 2569847
aloisgraphics@gmail.com

താളുകൾ മറിക്കുമ്പോൾ

- എഡിറ്റോറിയൽ
  ഫാ. ഡോ. ജേക്കബ് കുര്യൻ
- ആദ്ധ്യക്ഷം
  ഡോ. ഗബ്രിയേൽ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ
- അൽവാറിസ് മാർ യൂലിയോസ് മെത്രാപ്പോലീത്താ - മലങ്കരയുടെ പൊൻതാരം
  ഡോ. അജേഷ് റ്റി. ഫിലിപ്പ്
- പാഠപുസ്തകപഠനം
  ഫാ. ഏലിയാസ് കെ. വി.
- അന്തരിച്ച സി.എ. ഏബ്രഹാം സാർ എന്ന ഗുരുവരേണ്യൻ
  ഡോ. കെ.എം. കുര്യാക്കോസ്
- ആത്മീയ വളർച്ച സംതൃപ്ത ജീവിതത്തിന് നിദാനം
  ഡോ. ബീനാ ഉമ്മൻ
- A Divine Jolt Wakes me Up
  H. G. Dr. Paulos Mar Gregorios
- സൺഡേസ്കൂൾ: ക്രൈസ്തവ ജീവിതശൈലിയുടെ അടിസ്ഥാനപാഠശാല
  ജേക്കബ് കോച്ചേരി, വാകത്താനം
- പ്രാർത്ഥന
  ജോസ് കുര്യൻ പുളിയേരിൽ
- Question Bank
- സൺഡേസ്കൂൾ വാർത്തകൾ
- പിന്നാമ്പുറം



എഡിറ്റോറിയൽ

പെട്ടകം പണിയാൻ നോഹമാരെ ആവശ്യമുണ്ട്

മിക്ക പ്രസിദ്ധീകരണങ്ങളിലും എഴുതാൻ മാത്രമായോ വായിക്കാൻ ഒടുക്കമായോ ആകാറുള്ള ഭാഗമാണ് എഡിറ്റോറിയൽ. പക്ഷെ, 'ദി സൺഡേസ്കൂളും' എഡിറ്റോറിയലും ചിലരെങ്കിലും വായിക്കുന്നുവെന്നറിയുവാൻ കഴിഞ്ഞു.

ഒരു മഹാപ്രളയത്തിന്റെ പേടിപ്പെടുത്തുന്ന ഓർമ്മകളോടൊപ്പമാണല്ലോ ഈ ലക്കം 'ദി സൺഡേസ്കൂൾ' എത്തിച്ചേരുന്നത്. ഒരു നൂറ്റാണ്ടിന്റെ ഇടവേളയിൽ കേരളം കണ്ട മഹാപ്രളയമായിരുന്നല്ലോ കഴിഞ്ഞ മാസത്തിലേത്. സൺഡേസ്കൂൾ ക്ലാസ്സിൽ നോഹയുടെ പെട്ടകത്തെയും നോഹയുടെ കാലത്തെ പ്രളയത്തെയും കുറിച്ച് പഠിക്കുകയും പഠിപ്പിക്കുകയും ചെയ്തപ്പോൾ അതൊരു വെറും കഥയായി തോന്നി. ഇന്നിതാ അതൊരു സാധ്യതയായി നമ്മുടെ മുന്നിൽ തെളിയുന്നു. പ്രളയ ദുരിതാശ്വാസത്തിൽ സൺഡേസ്കൂളുകളും പ്രവർത്തകരും പലയിടത്തും മുൻപന്തിയിലായിരുന്നുവെന്ന് അറിയാൻ കഴിഞ്ഞതിൽ സന്തോഷവും അഭിമാനവും തോന്നുന്നു.

പ്രളയം പഠിപ്പിച്ചതും പഠിപ്പിക്കുന്നതുമായ പല പാഠങ്ങളും നർമ്മവും മർമ്മവും ചാലിച്ച് നമുക്കുമുമ്പിൽ സമൂഹമാധ്യമങ്ങൾ അവതരിപ്പിച്ചുകഴിഞ്ഞു. പൊടുന്നനവെ 'മനുഷ്യരെല്ലാരുമൊന്നുപോലെ' ആയ തിരുവോണ സ്മരണയും മുക്കുവരെ ശിഷ്യന്മാരായി യേശു തെരഞ്ഞെടുത്തതിന്റെ കാരണവും അക്കൂട്ടത്തിൽ നമുക്കു ലഭിച്ചു. പ്രളയ ദുരിതാശ്വാസ ക്യാമ്പിൽ ഏതാനും ദിവസം കഴിയേണ്ടിവന്ന സൺഡേസ്കൂൾ കുട്ടിയോട് അവിടത്തെ താമസം എങ്ങനെയുണ്ടായിരുന്നുവെന്ന് ചോദിച്ചപ്പോൾ കിട്ടിയ ഉത്തരം ഇതാണ് "ഒത്തിരി കൂട്ടുകാരെ കിട്ടി" മതത്തിന്റെയും കക്ഷിവഴക്കിന്റെയും ജാതിയുടെയും രാഷ്ട്രീയത്തിന്റെയും സമ്പത്തിന്റെയും അതിരുകൾക്കപ്പുറം മനുഷ്യത്വത്തിന്റെ ഒരു പൊതുതലം ഉണ്ടെന്ന് കാലങ്ങൾക്കുശേഷം തിരിച്ചറിയുവാൻ ഒരു പ്രളയം വേണ്ടിവന്നു. കലഹമുള്ള ഭൂതലത്തിൽ സമാധാനം ഉണ്ടാകുവാൻ ഇനിയെത്ര പ്രളയങ്ങൾ വേണ്ടിവരുമോ, അറിയില്ല. ഇനിയെത്ര നോഹമാർ പെട്ടകം പണിയണമോ അറിയില്ല.

"രാജ്യസ്നേഹിയായ വിശുദ്ധൻ" എന്നും ഗോവയിലെ 'സ്നേഹത്തിന്റെ അപ്പോസ്തലൻ' എന്നും വിശേഷിപ്പിക്കപ്പെട്ട മലങ്കര സഭയുടെ ബാഹ്യകേരള മെത്രാനായിരുന്ന പുണ്യപിതാവായ അൽവാരിസ് മാർ യൂലിയോസ് ഒരു പ്രളയസാധ്യതയ്ക്കുമുന്നിൽ പെട്ടകം പണിത നോഹയായിരുന്നു. ഗോവയടക്കം കൊങ്കൺ തീരത്തെ ക്രിസ്ത്യാനികളെ പാശ്ചാത്യവത്ക്കരണത്തിന്റെ പ്രളയത്തിൽനിന്ന് രക്ഷപെടുത്തുവാൻ ദേശീയ ചിന്തയുടെയും സാമൂഹ്യസേവനത്തിന്റെയും പെട്ടകം തീർത്ത ആ മഹാത്മാവിന്റെ ഓർമ്മയാണ് സെപ്റ്റംബർ 23-ന്. കൊങ്കൺ നസ്രാണികളെ പൗരാണിക മാർത്തോമ്മാ പൈതൃകത്തിലേക്ക് പുനരൈക്യപ്പെടുത്തിയ ആ പിതാവ്, ഭിന്നിപ്പിക്കുന്ന സ്വാതന്ത്ര്യചിന്തയ്ക്കു പകരം ഒന്നിപ്പിക്കുന്ന സ്വാതന്ത്ര്യചിന്തയെ പ്രതിനിധാനം ചെയ്തുവെന്നതാണ് ഇന്നത്തെ സാഹചര്യത്തിൽ അദ്ദേഹത്തെ ശ്രദ്ധേയനാക്കുന്നത്. ഭാരത സഭാമക്കൾക്ക്, ഓറിയന്റൽ ഓർത്തഡോക്സ് സഭകളുടെ കൂട്ടായ്മയിലും, ഭാരതത്തിലെ ദേശീയ സഭയെന്ന അവബോധത്തിലും അന്ത്യോഖ്യൻ സഭാപൈതൃകത്തോടുള്ള നല്ല ബന്ധത്തിലും, ഒന്നിച്ചു പുലരുവാനുള്ള ഒരു സാധ്യതയെയാണ് അൽവാരിസ് പിതാവ് അന്ന് ചൂണ്ടിക്കാട്ടിയത്.

ഫാ. ഡോ. ജേക്കബ് കുര്യൻ
(OSSAE ഡയറക്ടർ ജനറൽ)
ചീഫ് എഡിറ്റർ

ആദ്ധ്യക്ഷ്യം

ചിത്രവും ചിത്രരചനയും ഓർത്തഡോക്സ് പാരമ്പര്യത്തിൽ

ഡോ. ഗബ്രിയേൽ മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്ത

ആമുഖം

ചിത്രവും ചിത്രരചനയും പാശ്ചാത്യ പൗരസ്ത്യ ക്രിസ്തീയ പാരമ്പര്യങ്ങളിൽ രണ്ടു കൈവഴികളായി നീങ്ങുന്നു. അവ അടിസഥാനപരമായി രണ്ട് വ്യത്യസ്ഥ പ്രമാണങ്ങളിൽ ഊന്നിയ രണ്ട് ചിത്രരചനാസമ്പ്രദായങ്ങളാകുന്നു. പാശ്ചാത്യ ക്രിസ്തീയ പാരമ്പര്യത്തിൽ ചിത്രങ്ങൾ യഥാതഥമാണ്; ഛായാഗ്രഹണത്തിലെന്ന (ഫോട്ടോഗ്രാഫി) പോലെ. ഇവിടെ ഒരു പുരാതന കഥാപാത്രത്തെ ആവിഷ്കരിക്കാൻ മോഡലുകൾ ഉപയോഗപ്പെടുത്തുന്നു; ഉദാഹരണമായി വത്തിക്കാൻ കൊട്ടാരത്തോടുചേർന്നുള്ള സിസ്റ്റീൻ ചാപ്പലിലെ മൈക്കൾ ആഞ്ചലോയുടെ (AD 1475-1564) ചിത്രങ്ങൾ. അത്തരം ചിത്രങ്ങളുടെ കലാവൈഭവത്തെ ഇകഴ്ത്തി കാണുന്നില്ല. എന്നാൽ അവയ്ക്കാധാരമായ ആദർശങ്ങളും സങ്കേതങ്ങളും തിരിച്ചറിയണമെന്ന് ചൂണ്ടിക്കാണിക്കുന്നുവെന്നു മാത്രം. പൗരസ്ത്യ ക്രിസ്തീയ പാരമ്പര്യത്തിൽ ചിത്രങ്ങൾ യഥാതഥമല്ല. അക്കാരണത്താൽ അവയ്ക്ക് ആധാരമായിരിക്കുന്ന ആദർശവും സങ്കേതവും വ്യത്യസ്തമായിരിക്കുന്നു. പൗരസ്ത്യ ക്രിസ്തീയ ചിത്രങ്ങൾ പ്രചോദിത കലയാകുന്നു (inspired art). ആദ്ധ്യാത്മ പ്രചോദിത ചിത്രീകരണമാണ് അവയുടെ രീതി. യഥാതഥകല ബാഹ്യ രൂപത്തിന് പ്രാധാന്യം നൽകുന്നു. എന്നാൽ പ്രചോദിത ചിത്രരചന ഭാവപ്രധാനമാണ്. ആദ്യത്തേത് രേഖീയ (linear) കാഴ്ചയെങ്കിൽ രണ്ടാമത്തേത് ബഹുമുഖമാവുന്നു. ഒന്നാമത്തേത് പ്രകൃത(natural)മെങ്കിൽ രണ്ടാമത്തേത് പ്രകൃത്യാതീതമാവുന്നു (supernatural). പൗരസ്ത്യ ക്രിസ്തീയ ചിത്രരചന സർഗ്ഗകല തന്നെ. എന്നാൽ അവയുടെ പ്രചോദനം ക്രിസ്തീയ വിശ്വാസമത്രെ. മറ്റൊരുവിധത്തിൽ പറഞ്ഞാൽ അമൂർത്തമായ വിശ്വാസം മൂർത്തരൂപമായി ഭവിക്കുന്നു; വചനം ജഡമെടുക്കയായി. രചയിതാവും വിശ്വാസിയും ദൈവീക രഹസ്യങ്ങളുടെ ആഴമായ തലങ്ങളിലേക്ക് ഉൾപ്രവേശിച്ച് അവ അനുഭവിച്ചറിയുന്നു. പൗരസ്ത്യ ക്രിസ്തീയ ചിത്രരചനകളിൽ ബാഹ്യചാരുത ഉൾവലിഞ്ഞു രൂപാന്തരപ്പെട്ട അകത്തെ ആളത്വം പ്രകാശിതമായിത്തീരുന്നതു കാണാം. ഇതിനുപകരിക്കുന്ന കലാസാങ്കേതികത രചയിതാവു സ്വീകരിക്കുന്നു. ഉപവാസവും പ്രാർത്ഥനയും കൊണ്ട് പരിശുദ്ധാത്മ പ്രചോദിതനായ കലാകാരനും അതേഭാവത്തിൽ ഐക്യപ്പെട്ടുവരുന്ന വിശ്വാസികളായ ആസ്വാദകരും ഇവിടെ ഒരുമിക്കുന്നുവെന്ന് കാണാം. പാശ്ചാത്യ ചിത്രരചയിതാക്കളായ മൈക്കൽ ആഞ്ചലോ, റഫായേൽ ആദിയായവരുടെ രചനകൾ കലാപരമായ മികവുള്ളതാവാം. എന്നാൽ അവ ആദ്ധ്യാത്മ പ്രചോദിത ചിത്രങ്ങളായി പൗരസ്ത്യ സഭാപാരമ്പര്യത്തിൽ നിന്നു വരുന്ന എന്നെപ്പോലെയുള്ള വിശ്വാസികൾക്ക് സ്വീകാര്യമായി അനുഭവപ്പെടുന്നില്ല.

ഈ ആമുഖത്തോടെ നമ്മുടെ സഭയിൽ ഉപയോഗിച്ചു വരുന്ന ചിത്രങ്ങളും ചിത്രരചനാരീതികളും പരിശോധിച്ച്നോക്കാം.

1. യേശുവിനെ വഹിച്ചുകൊണ്ടുള്ള ദൈവമാതാവിന്റെ ചിത്രം

തുറന്നുപറയട്ടെ, മലങ്കര സഭയിൽ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന ഭൂരിഭാഗം ചിത്രങ്ങളും പൗരസ്ത്യ ക്രിസ്തീയ പാരമ്പര്യത്തിലുള്ളവയല്ല. പാശ്ചാത്യ സഭയുടെ ചിത്രരചനാസമ്പ്രദായത്തിൽ വരുന്നവയാ

ണവ. ബാഹ്യമുഖചാരുതയ്ക്കാണ് മുൻതൂക്കം. ഒട്ടും തന്നെ ആദ്ധ്യാത്മ പ്രചോദിത രചനയല്ല. കുഞ്ഞിനെ വഹിക്കുന്ന യുവതി എന്നു മാത്രം. അടുത്തകാലത്തായി ഏറെ പ്രചാരത്തിലായിരിക്കുന്ന ഒരു ചിത്രമാണ് ഉറങ്ങുന്ന കുഞ്ഞിനെ കൈകളിലേന്തി നിൽക്കുന്ന യുവതിയുടെ ചിത്രം. ഇത് ദൈവ മാതാവിന്റെ ചിത്രമായി പ്രചാരത്തിലാവാൻ എന്തു ന്യായീകരണമെന്ന് ചിന്തിക്കുകയായിരുന്നു. ഒരു സ്നേഹിതൻ വിശ്വാസയോഗ്യമായി എന്നോടുപറഞ്ഞതിവിടെ കുറിക്കുന്നു. അനാബൽ എന്ന യുവതി അവളുടെ ഇളയ സഹോദരനെ കൈകളിലേന്തി ഇറ്റലിയിൽ ഒരു നിരത്തിലൂടെ നടന്നുനീങ്ങുകയായിരുന്നു. ഇതിൽ ആകൃഷ്ടനായി ഒരു ഫോട്ടോഗ്രാഫർ ആ ചിത്രം ക്യാമറയിൽ പകർത്തി. ഇത് ചെറിയ മാറ്റങ്ങൾ വരുത്തി യേശുവിനെ വഹിക്കുന്ന കന്യകമറിയമിന്റെ ചിത്രമായി പരിണമിച്ചു. ചില ചിത്രങ്ങളിൽ ഉണ്ണിയേശു കണ്ണുതുറന്നിരിക്കുന്നു; യുവതി അനാബൽ തന്നെ. മാത്രമല്ല, യേശുകുഞ്ഞ് ഉറങ്ങിയിട്ടുണ്ട്." എന്നാൽ ആരാധന സന്ദർഭങ്ങളിലേക്ക് വരുമ്പോൾ ഈദൃശചിത്രീകരണങ്ങൾ സർവ്വാബദ്ധമായി വരുന്നു. ഇവിടെയും വിവേചനത്തിലെ ബലഹീനത വെളിവായി വരുന്നു. യേശുവിനെ മുന്നിൽകണ്ട് "ഉണർവേറും നാഥാ ഉണർവരുൾകനുതാപത്തിനായി" എന്നാണല്ലോ നാം പാടി പ്രാർത്ഥിക്കുന്നത്. അപ്പോൾ ഉറങ്ങുന്ന യേശുവിന്റെ ചിത്രീകരണം അപ്രസക്തമായിത്തീരുന്നു.

2. പൗരസ്ത്യ ചിത്രരചനാ പാരമ്പര്യത്തിൽ ദൈവപുത്രനെ വഹിച്ചുകൊണ്ടുള്ള ദൈവമാതാവിന്റെ ചിത്രത്തിൽ രണ്ടു സവിശേഷതകൾ കാണാനാകും. ഒന്ന്, യേശു ഒരേ സമയം ശിശുവും വൃദ്ധനുമായി ചിത്രീകരിച്ചിരിക്കുന്നു. ബൈസന്റയിൻ പാരമ്പര്യത്തിൽ രചിച്ചിട്ടുള്ള ഐക്കോണുകളിൽ ഇത് വളരെ സ്പഷടമായി കാണാനാവും. "പൗരാണികനാം വൃദ്ധനെയക്കന്യക പ്രസവിച്ചു; മലകളെയേന്തും ബലവാനേ ബാലിക ലാളിച്ചു" എന്ന വാങ്മയ ചിത്രം വരയും വർണ്ണവും കൊണ്ട് ചിത്രമായി അന്വർത്ഥമാക്കുകയാണിവിടെ. രണ്ട്, ഈ ചിത്രത്തിലെ മറ്റൊരു സവിശേഷത ദൈവമാതാവിന്റെ ഭാവാവിഷ്കാരമാകുന്നു. ദൈവപുത്രനെ വഹിച്ചതിനാലുള്ള സന്തോഷവും അതുവഴി ഏറ്റെടുക്കേണ്ടി വന്ന ദുരിതവും ദുഃഖവും ഒരേ സമയം ചിത്രത്തിലൂടെ പ്രസ്പഷ്ടമാകുന്നു. ഈ രണ്ടു സവിശേഷതകളും ആവിഷ്കരിക്കുന്നതിനുള്ള ചിത്രരചനയുടെ സങ്കേതവും വൈഭവവും വളരെ പ്രാധാന്യമർഹിക്കുന്നവയാണ്.

3. പൗരസ്ത്യ ക്രിസ്തീയ ചിത്രങ്ങൾ യഥാതഥമല്ലെന്നും ഭാവ പ്രാധാന്യമാണെന്നും മുന്നമേ സൂചിപ്പിച്ചുണ്ടല്ലോ. യേശുവിന്റെയോ, ദൈവമാതാവിന്റെയോ, പരിശുദ്ധരുടെയോ പൗരസ്ത്യ ക്രിസ്തീയ ചിത്രങ്ങൾ അംഗപ്രത്യംഗം നോക്കുമ്പോൾ അവ യഥാർത്ഥ ബാഹ്യരൂപത്തോട് നിരക്കുന്നില്ലെന്നു കാണാം. എന്നാൽ ചിത്രത്തിന്റെ സമഗ്രത നമ്മെ ആകർഷിക്കുന്നു, സ്വാധീനിക്കുന്നു, ദൈവീകസാന്നിദ്ധ്യം കൊണ്ടു നിറയ്ക്കുന്നു. ഇവിടെ ചിത്രരചനയിലൂടെ ആളത്വത്തിന് തന്നെ ദൈവീക വ്യാഖ്യാനം ചമയ്ക്കുകയാവുന്നു. ഒപ്പം വ്യക്തിയുടെ ബാഹ്യരൂപം നിർണ്ണയിക്കുന്നത് ലൗകീകരൂപവും അവയുടെ അളവും അളവുകോലുമല്ല. പിന്നയോ ദൈവീക യാഥാർത്ഥ്യങ്ങളാകുന്നു എന്നും നമുക്ക് ബോദ്ധ്യമായി വരുന്നു. ഇങ്ങനെ ഏതൊരു വ്യക്തിയും രൂപാന്തരം വന്നതും രൂപാന്തരപ്പെടുത്തുന്നതുമായ ദൈവീകസാന്നിദ്ധ്യമായി ഭവിക്കുന്നു.

4. യേശുവിന്റെയും കന്യകമറിയാമിന്റെയും "തിരുഹൃദയം" കാണിച്ചുകൊണ്ടുള്ള ചിത്രങ്ങൾ പൗരസ്ത്യ ക്രിസ്തീയ പാരമ്പര്യത്തിലില്ല. ഹൃദയത്തിന്റെ പവിത്രതയും അതുപവിത്രീകരിക്കുന്നതിനുള്ള സാധനയും പൗരസ്ത്യ ക്രിസ്തീയ പാരമ്പര്യം വളരെ പ്രാധാന്യം കൊടുക്കുന്നു. ഹൃദയതാളത്തോട് ജീവിത താളത്തെ പ്രാർത്ഥനയിൽ നിർബന്ധിച്ചുകൊണ്ട് നമ്മുടെ വ്യക്തിത്വത്തെ സമഗ്രമായി ഉയർത്തുന്നതിനുള്ള അദ്ധ്യാത്മീകോപായം പൗരസ്ത്യ ക്രിസ്തീയ പാരമ്പര്യത്തിൽ ശക്തമായുണ്ട്. എന്നാൽ അത് തിരുഹൃദയവണക്കമോ ആരാധനയോ ആയി മാറ്റുന്നത് മുൻ പറഞ്ഞ ലക്ഷ്യപ്രാപ്തിക്ക് സഹായകമല്ല. മറിച്ച് അത് ഒരു വ്യതിചലനമായി മാത്രമേ വരുന്നുള്ളു. അക്കാരണത്താൽ തിരുഹൃദയ ചിത്രീകരണവും വണക്കവും യഥാർത്ഥ ആദ്ധ്യാത്മികതയുടെ അപഭ്രംശമായി വരുന്നു. ആകയാൽ ഇത്തരം ചിത്രീകരണങ്ങളും ചിത്രങ്ങളും പൗരസ്ത്യ സഭകൾ നിരാകരിക്കുന്നു.

5. യേശുവിന്റെ ക്രൂശിത രൂപമോ ചിത്രമോ ഉള്ള കുരിശുകൾ ഓറിയന്റൽ ഓർത്തഡോക്സ് സഭകളുടെ (കോപ്റ്റിക് - ഈജിപ്റ്റ്, സിറിയൻ, അർമീനിയൻ, എത്യോപ്യൻ, ഇൻഡ്യൻ, എറിത്രിയൻ സഭക

ളുടെ) പാരമ്പര്യത്തിലില്ല. എന്നാൽ ബൈസന്റയിൻ ഓർത്തഡോക്സ് സഭകൾ (ഗ്രീക്ക്, റഷ്യൻ, റൂമേനിയൻ ഇത്യാദി 15 സഭകൾ) ക്രൂശിത ചിത്രമുള്ള കുരിശുകൾ ഉപയോഗിക്കുന്നു. കത്തോലിക്കാ സഭ ക്രൂശിത രൂപവും ചിത്രവുമുള്ള കുരിശുകൾ ഉപയോഗിക്കുന്നു. ഓറിയന്റൽ ഓർത്തഡോക്സ് സഭകളുടെ നിലപാടിന് രണ്ട് കാരണങ്ങൾ ഉണ്ട്. ഒന്ന്, കുരിശ് ഒരേ സമയം ക്രൂശിതനും കുരിശിനെയും മരണത്തേയും ജയിച്ച് ഉയിർത്തവനുമായ യേശുവിന്റെ സാന്നിദ്ധ്യമാവുന്നു. രണ്ട്, പൗരസ്ത്യ സഭാ പാരമ്പര്യത്തിൽ ക്രൂശീകരണവും ഉയിർത്തെഴുന്നേല്പും യേശുവിന്റെ ഒരേ രക്ഷാകര സംഭവത്തിന്റെ രണ്ട് അവിഭാജ്യ ഘടകങ്ങളുമാവുന്നു. ഇങ്ങനെ, ക്രൂശിതരൂപമോ ചിത്രമോ ഇല്ലാത്ത കുരിശുകൾ യേശുക്രിസ്തുവിന്റെ ക്രൂശീകരണത്തിന്റെയും ഉയിർപ്പിന്റെയും അഖണ്ഡത പ്രകാശിപ്പിക്കാൻ പര്യാപ്തമായിത്തീരുന്നു. എന്നാൽ ക്രൂശിത രൂപവും ചിത്രവുമുള്ള കുരിശുകൾ ഈ രക്ഷാകര സംഭവത്തെ ഭാഗികമായി മാത്രമേ സൂചിപ്പിക്കുകയുള്ളു. മാത്രമല്ല, പൗരസ്ത്യ സഭകൾ ഉയിർപ്പ്പെരുനാൾ, പെരുനാളുകളിൽ പരമപ്രധാനമായി കൊണ്ടാടുന്നുമുണ്ട്. ഇവ്വിധം നോക്കുമ്പോൾ ക്രൂശിതരൂപമോ ചിത്രമോ ഇല്ലാത്ത കുരിശ്, ഉയിർത്തെഴുന്നേറ്റ കർത്താവിന്റെ സവിശേഷസാന്നിദ്ധ്യമായും തീരുന്നു. ഏറ്റം പുരാതനമായ ക്രിസ്തീയ വിശ്വാസത്തോട് ഓറിയന്റൽ ഓർത്തഡോക്സ് സഭകൾ വിശ്വസ്തത പുലർത്തുന്നു എന്നും ചേർത്ത് പറയട്ടെ.

6. യേശുവിനെ വഹിച്ചുകൊണ്ടുള്ള ദൈവമാതാവിന്റെ ചിത്രങ്ങൾ ആണ് ഓർത്തഡോക്സ് സഭകൾ എല്ലാം തന്നെ ഉപയോഗിക്കുക. അപൂർവ്വമായി പ്രത്യേക സന്ദർഭങ്ങളിൽ മാത്രമേ യേശുവിനെ വഹിക്കാതെയുള്ള മാതാവിന്റെ തനിയെയുള്ള ചിത്രങ്ങൾ ഉപയോഗിക്കുന്നുള്ളു. കന്യകമറിയം ദൈവത്തെ വഹിക്കുന്നതിനാലാണ് ദൈവമാതാവാകുന്നത്. ദൈവമാതാവായ കന്യകമറിയാം എക്കാലവും ദൈവപുത്രനെ വഹിക്കുന്ന സഭയുടെ പ്രതിനിധിയും പ്രതീകവുമാകുന്നു എന്നുമാണ് ഈ പാരമ്പര്യത്തിന്റെ ദൈവശാസ്ത്രപരമായ അടിസ്ഥാനം

7. യേശുക്രിസ്തുവിന്റെയും പരിശുദ്ധരുടെയും ചിത്രങ്ങൾ ത്രിത്വമുദ്രയോടെ ആണ് പൗരസ്ത്യ ഓർത്തഡോക്സ് സഭകൾ രചിക്കുക. വലതുകൈയുടെ മൂന്ന് വിരലുകൾ ചേർത്തുവച്ചുള്ളതാണ് ത്രിത്വ മുദ്ര. ദൈവജനത്തെ ത്രിത്വ മുദ്രയിൽ ആശീർവദിക്കുന്നു. എന്നാൽ നമ്മുടെ ദേവാലയങ്ങളിൽ പരിശുദ്ധ മദ്ബഹായിൽ സ്വർഗ്ഗാരോഹണം ചെയ്യുന്ന ക്രിസ്തുവിനെ രണ്ട് കൈകളും നിവർത്തി ഉയർത്തി ആശീർവദിക്കുന്നതായി ചിത്രീകരിച്ചിരിക്കുന്നു. ഇത് പാശ്ചാത്യ സഭാ പാരമ്പര്യത്തിന്റെ അനുകരണമാണെന്ന് നാം തിരിച്ചറിയണം. പാശ്ചാത്യ സഭാ പാരമ്പര്യത്തിൽ വൈദീകർ രണ്ട് കൈകളും നിവർത്തിപ്പിടിച്ചാണ് ജനത്തെ ആശീർവദിക്കുക. ഓർത്തഡോക്സ് എന്നാൽ നേരായ ആരാധന എന്നർത്ഥം; അതായത് പിതൃപുത്ര പരുശുദ്ധാത്മാവാം ത്രിയേക ദൈവത്തിലുള്ള ആരാധന. ഓർത്തഡോക്സ് ആരാധന എപ്പോഴും ആദിയോടന്തം ത്രിത്വനാമത്തിലും ത്രിത്വമുദ്രയിലുമാകുന്നു. നമ്മുടെ സഭ ഓർത്തഡോക്സ് പാരമ്പര്യത്തിലുള്ള ചിത്രരചനാസമ്പ്രദായത്തിലേക്ക് മടങ്ങുക തന്നെ വേണം.

ഉപസംഹാരം

നമ്മുടെ സണ്ടേസ്കൂൾ അദ്ധ്യാപകരും വിദ്യാർത്ഥികളും ഓർത്തഡോക്സ് പാരമ്പര്യം തിരിച്ചറിഞ്ഞ് പഠിക്കണം, പഠിപ്പിക്കണം. അവയുടെ പ്രയോക്താക്കളും പ്രചാരകരും ആയിരിക്കണം. ചിത്രങ്ങൾ നമ്മിലുണ്ടാക്കുന്ന സ്വാധീനം അബോധപൂർവ്വമെങ്കിലും ആഴത്തിലുള്ളതാകുന്നു. ആകയാൽ ചിത്രരചനയും ഉപയോഗവും സൂക്ഷ്മതയോടെയും സത്യവിശ്വാസാനുസരണവുമാവാൻ നാം പ്രതിജ്ഞാബദ്ധരാവുക.

മുഖചിത്രലേഖനം

അൽവാറിസ് മാർ യൂലിയോസ് മെത്രാപ്പോലീത്താ - മലങ്കരയുടെ പൊൻതാരം

ഡോ. അജേഷ് റ്റി. ഫിലിപ്പ്

മരണത്തോളം ഒളിമങ്ങാതെ, യിസ്രായേലിനെ നടത്തിയ മോശയെപ്പോലെ, തന്റെ യൗവനത്തിൽ താൻ കണ്ട് തിരിച്ചറിഞ്ഞ സത്യവിശ്വാസത്തെ പ്രഭാവപൂർവ്വം കാത്തുസൂക്ഷിച്ച ക്രാന്തദർശിയായ പ്രവാചകൻ, കാറ്റിനും കടലിനും, കയ്പിനും വിശപ്പിനും, വിലങ്ങുകൾക്കും, വിലക്കുകൾക്കും മധ്യേ, സകല പ്രതിബന്ധങ്ങൾക്കും മീതെ ദൈവത്തിന്റെ കൈപിടിച്ചു നടന്ന സ്നേഹത്തിന്റെ ആൾ രൂപം അവസാനത്തോളം പിന്തുടർന്ന തപോനിഷ്ഠയും, മരണനാഴികയോളം കാത്തുകൊണ്ട സത്യവിശ്വാസവും ബോധ്യങ്ങളിലെ പ്രകാശവും നിലപാടുകളിലെ കരുത്തും കൊണ്ടു മാത്രമല്ല... ജീവിത വീഥിയിലുടനീളം താൻ വച്ചു പുലർത്തിയ കരുണയും, സേവന തല്പരതയുംകൊണ്ട് അശരണരുടെയും ആലംബഹീനരുടെയും അത്താണിയായ അനുപമനായ ആത്മീയ പിതാവായിരുന്നു, ഗോവയിലെ അൽവാറീസ് മാർ യൂലിയോസ്.

തിരുകൊച്ചിയിലും, മലബാറിലും മാത്രം ഒതുങ്ങിനിന്ന മലങ്കരസഭയ്ക്ക് ഒരു അന്തർദേശീയ മുഖം പ്രദാനം ചെയ്ത മഹാപുരോഹിതനായിരുന്നു മാർ അൽവാറിസ്. 125 വർഷങ്ങൾക്കപ്പുറത്ത് പരിശുദ്ധ സഭയുടെ അതിരുകൾ വിസ്തൃതമാക്കിയ ആ മഹാപുരോഹിതൻ കാലം ചെയ്തതിന്റെ 95–ാം വർഷത്തിലാണ് നാമിപ്പോൾ എത്തിനിൽക്കുന്നത്. മഹത്തുക്കളുടെ വംശം അറ്റുകൊണ്ടിരിക്കുന്നു എന്നതുമാത്രമല്ല, അവരെക്കുറിച്ചുള്ള ഓർമ്മകൾപോലും നഷ്ടമായിക്കൊണ്ടിരിക്കുന്നു എന്നതാണ് നമ്മുടെ കാലം നേരിടുന്ന വലിയ പ്രതിസന്ധി. നമ്മെ നയിച്ച മഹാത്മാക്കളുടെ ജീവിതത്തിൽനിന്ന് പ്രകാശം ഉൾക്കൊണ്ടുകൊണ്ട് ആ പ്രകാശം ലോകത്തിന് നൽകുവാൻ നാം ബാധ്യസ്ഥരാണ്. മാർ അൽവാറിസ് നമുക്ക് പകർന്നുതന്ന വെളിച്ചം ലോകത്തിന് മടക്കി നൽകുവാൻ നമുക്ക് ആത്മാർത്ഥമായി ശ്രമിക്കാം.

ജീവിതരേഖ

പോർച്ചുഗീസ് കോളനിയായിരുന്ന ഗോവയിലെ 'വെർണ്ണ' എന്ന ഗ്രാമത്തിൽ, ജോസഫ് ബാപ്റ്റിസ്റ്റ് അൽവാറിസിന്റെയും മരിയാനാ എക്സ്പറ്റാസോ ലോറൻസിന്റെയും മകനായി 1836 ഏപ്രിൽ 29–ന് 'ഫ്രാഞ്ചു' ജനിച്ചു. എട്ടാം ദിവസം ഇടവകപ്പള്ളിയുടെ മാമ്മോദീസാ തൊട്ടിയിൽനിന്ന് അന്റോണിയോ ഫ്രാൻസിസ്കോ സേവിയർ അൽവാറിസ് എന്ന പേരിൽ പുനർജനിച്ചു. ഗോവയിലും ചുറ്റുപാടുമുണ്ടായിരുന്ന സ്കൂളുകളിൽ നിന്ന് പ്രാഥമിക വിദ്യാഭ്യാസവും, തുടർന്ന് ലൊത്തിം സെന്റ് മൈക്കിൾസ് സ്കൂളിൽനിന്ന് സെക്കണ്ടറി വിദ്യാഭ്യാസവും നേടി.

ദൈവഭവനം (ദേവ്ഘർ) എന്ന് വിളിക്കപ്പെട്ടിരുന്ന ആ വീട്ടിൽനിന്ന് സ്വായത്തമാക്കിയ സുകൃതങ്ങൾ AFX അൽവാറിസിനെ സമർപ്പിത വഴിയിലേക്ക് നയിച്ചു. തുടർന്ന് 1853–ൽ ഗോവയിലെ അതിപുരാതനമായ 'റഷോൾ' സെമിനാരിയിൽ ചേർന്ന് ആറുവർഷം നീണ്ട വൈദികപഠനം പൂർത്തിയാക്കി. സെമിനാരി വിദ്യാഭ്യാസം പൂർത്തിയാക്കിയ അൽവാറിസിനെ വരവേറ്റത് കത്തോലിക്കാ സഭയിൽ പൊട്ടിപ്പുറപ്പെട്ട 'പദ്രോദോ–പ്രൊപ്പഗൽഡാ' പ്രശ്നങ്ങളായിരുന്നു. പട്ടം നൽകാൻ മെത്രാന്മാരില്ലാതെ ഒഴിഞ്ഞുകിടന്നിരുന്ന ഗോവൻ മെത്രാസനവും, വൈദികനാകാൻ സാധിക്കാതെ വന്നപ്പോഴുണ്ടായ അസ്വസ്ഥതകളും ആകുലതകളും ഗോവയിൽ നിന്ന് ബോംബെയിലേക്ക് പറിച്ചുനടാൻ അൽവാറിസിനെ നിർബന്ധിതനാക്കി.

ഇടുക്കി ഭദ്രാസനത്തിലെ മുണ്ടിയെരുമ സെന്റ് മേരീസ് ഇടവകാംഗം. ചുങ്കത്തറ മാർത്തോമ്മാ കോളജ് ബോട്ടണി വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ. Western Rites of Syriac-Malankara Orthodox Churches : The Mission Untold എന്ന ഗ്രന്ഥത്തിന്റെ കർത്താവ്. അൽവാറിസ് മാർ യൂലിയോസ് മെത്രാപ്പോലീത്തായെയും അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളെയും പറ്റി ഗവേഷണം നടത്തുന്ന OCP-MARP Chief co-ordinator. യുവജനപ്രസ്ഥാനം റീജണൽ സെക്രട്ടറിയായി പ്രവർത്തിച്ചിട്ടുണ്ട്.

ബോംബെ ജീവിതം അൽവാറിസിന് സമ്മാനിച്ചത് കരുത്തുറ്റ ഉൾക്കാഴ്ചയും ആത്മബലവുമായിരുന്നു. നഷ്ടങ്ങൾ നേട്ടങ്ങളായി പരിണമിച്ചു. ഇംഗ്ലീഷിൽ അഗാധമായ പ്രാവീണ്യം നേടുവാനും മികച്ച അദ്ധ്യാപകനും വാഗ്മിയും എഴുത്തുകാരനുമായി രൂപാന്തരപ്പെടുവാനും അൽവാറിസിന് സാധിച്ചു. 1862-ൽ ബോംബെ ബിഷപ്പ് വാൾട്ടർ ഐൻസ്റ്റീൻ അദ്ദേഹത്തെ പൗരോഹിത്യ പദവിയിലേക്ക് കൈപിടിച്ചുയർത്തി. പ്രേഷിത പ്രവർത്തനത്തിലും മതബോധനത്തിലും പ്രഗത്ഭനായ ഈ യുവ വൈദികൻ 1867-ൽ ഗോവയിൽ തിരിച്ചെത്തി.

യുവത്വത്തിന്റെ ഉത്സാഹവും ദൈവാത്മ പ്രേരിതമായ പ്രേക്ഷിതബോധവും നിറഞ്ഞു തുളുമ്പിയ ഈ യുവ വൈദികൻ കണ്ടത് ദാരിദ്ര്യവും അരക്ഷിതാവസ്ഥയും നിറഞ്ഞ മാതൃ രാജ്യമായിരുന്നു. ഇതിൽ മനംനൊന്ത പാദ്രെ അൽവാറിസ് തന്റെ ജീവിതം അശരണർക്കായി ഉഴിഞ്ഞുവച്ചു. ഗോവായിലെ അശരണരായ യാചകരുടെ പുനരധിവാസത്തിനായി 1870-ൽ Association of Charities എന്ന സംഘടന രൂപീകരിച്ച് പ്രവർത്തനമാരംഭിച്ചു. മികച്ച പ്രവർത്തനം ഗോവയെ യാചകവിമുക്ത പ്രദേശമാക്കി.

ഇതേസമയം മാതൃസഭയിലെ ആഭ്യന്തര കലഹങ്ങളും അരാജകത്വവും അഴിമതിയും പാദ്രെ അൽവാറിസിൽ വല്ലാത്ത വേദന സൃഷ്ടിച്ചു. സത്യാന്വേഷകനായ ആ യുവ വൈദികൻ സഭയുടെയും ഭരണാധികാരികളുടെയും ദുഷ്പ്രവണതകളെ നഖശിഖാന്തം എതിർത്തു. പോപ്പിന്റെ അപ്രമാദിത്വം, സഭാകാര്യങ്ങളിൽ ഗവൺമെന്റിന്റെ കൈകടത്തലുകൾ, വിശ്വാസ വികലതകൾ എല്ലാം വിമർശന വിധേയമായി. തന്റെ ആശയങ്ങളും വിഹ്വലതകളും മാധ്യമങ്ങളിലൂടെ തുറന്നെഴുതിയത് സഭയുടെയും ഗവൺമെന്റിന്റെയും അപ്രീതിക്ക് കാരണമായി. 1882-ൽ പാദ്രെ അൽവാറിസ് സഭയിൽനിന്ന് ഭ്രഷ്ടനാക്കപ്പെട്ടു. എന്നാൽ അദ്ദേഹത്തെ അനുകൂലിച്ചിരുന്ന ഒരു വലിയ ജനവിഭാഗം ഗോവയിലും, സിലോണിലും ബോംബെയിലും ഉണ്ടായിരുന്നു. സമാന മനസ്കരുടെ ഈ കൂട്ടായ്മ Independent Catholic Mission എന്ന പേരിൽ ഒരു സംഘടന രൂപീകരിച്ചു. അതിന്റെ ആദ്യ പ്രസിഡന്റ് പാദ്രെ അൽവാറിസായിരുന്നു.

പൗരസ്ത്യ വിശ്വാസങ്ങളിലും മൂല്യങ്ങളിലും ആകൃഷ്ടനായി ഭാരതത്തിലെ സ്വതന്ത്ര സഭയുടെ അംഗമാകാൻ ആഗ്രഹിച്ച പാദ്രെ അൽവാറിസിലും സംഘവും മലങ്കരസഭയിലെ പുലിക്കോട്ടിൽ ജോസഫ് ദിവന്നാസിയോസ് അഞ്ചാമനുമായി കൂടിക്കാഴ്ച നടത്തുകയും ക്ഷമയോടെ

> മഹത്തുക്കളുടെ വംശം അറ്റുകൊണ്ടിരിക്കുന്നു എന്നതുമാത്രമല്ല, അവരെക്കുറിച്ചുള്ള ഓർമ്മകൾപോലും നഷ്ടമായിക്കൊണ്ടിരിക്കുന്നത് എന്നതണ് നമ്മുടെ കാലം നേരിടുന്ന വലിയ പ്രതിസന്ധി. നമ്മെ നയിച്ച മഹാത്മാക്കളുടെ ജീവിതത്തിൽനിന്ന് പ്രകാശം ഉൾക്കൊണ്ടുകൊണ്ട് ആ പ്രകാശം ലോകത്തിന് നൽകുവാൻ നാം ബാധ്യസ്ഥരാണ്. മാർ അൽവാറിസ് നമുക്ക് പകർന്നുതന്ന വെളിച്ചം ലോകത്തിന് മടക്കി നൽകുവാൻ നമുക്ക് ആത്മാർത്ഥമായി ശ്രമിക്കാം.

'സത്യവിശ്വാസം' സ്വായത്തമാക്കുകയും ചെയ്തു. ഇതേത്തുടർന്ന് 1887-ൽ പാദ്രെ അൽവാറിസും ആറോളം വൈദികരും 4000-ത്തിൽപരം വരുന്ന വിശ്വാസ സമൂഹവും മലങ്കര സഭയുടെ ഭാഗമായിത്തീർന്നു.

സ്വയംഭരണാധികാരത്തോടെ മലങ്കരയുടെ ലത്തീൻ വിഭാഗമായി നിലകൊള്ളുവാൻ അനുവദിച്ചുകൊണ്ട് പാദ്രെ അൽവാറിസിനെ മെത്രാപ്പോലീത്തായ്ക്ക് തുല്യനായി (Apostolic Prefect) എന്ന അധികാരത്തോടെ കൗദാശികാധികാരമായ മൂറോനും സൈത്തും മലങ്കര മെത്രാപ്പോലീത്ത നൽകി. Independent Catholic Mission ന്റെ അഭ്യർത്ഥന പ്രകാരം 1889 ജൂലൈ 29-ന് പാദ്രെ അൽവാറിസ്, 'യൂലിയോസ്' ഒന്നാമൻ എന്ന പേരിൽ മെത്രാപ്പോലീത്തായായി കോട്ടയം പഴയസെമിനാരിയിൽവച്ച് വാഴിക്കപ്പെട്ടു. 1889 മുതൽ മലങ്കരയുടെ ലത്തീൻ ശാഖ പടർന്നു പന്തലിച്ചു. ലത്തീൻ രീതിയിൽതന്നെ തുടരാൻ മലങ്കര സഭ അദ്ദേഹത്തെ അനുവദിച്ചിരുന്നു. സിലോണിലും ഗോവയിലും ലണ്ടനിലും കന്യാകുമാരി മുതൽ മദിരാശി വരെയുള്ള തീരങ്ങളിലും ഗോവ മുതൽ ബോംബെ വരെയുള്ള തീരങ്ങളിലുമായി സഭയുടെ പ്രവർത്തനം വ്യാപിച്ചു. സിലോണിൽ ഇരുപത്തിമൂന്നും, തമിഴ്നാട്ടിൽ അറുപത്തിയഞ്ചോളവും ഗോവ മുതൽ ബോംബെ വരെ പതിനഞ്ചോളവും ബ്രിട്ടണിലും മലങ്കരയിലും സാത്തുവാടിയിലും രണ്ടു വീതവും പള്ളികളും ഏതാണ്ട് ഒന്നരലക്ഷത്തിലധികം അംഗങ്ങളും ഉണ്ടായി.

മാർ യൂലിയോസിന്റെ ഉത്തമ നേതൃത്വത്തിൽ മിഷൻ അതിവേഗം വളർന്നു. മലങ്കരയുമായി നിരന്തരമായ ബന്ധം, പരുമലതിരുമേനിയുടെയും, പുലിക്കോട്ടിൽ തിരുമേനിയുടെയും നിസ്സീമമായ പിന്തുണ ഇടവകകൾ തോറും പള്ളിക്കൂടങ്ങളും

പഠന ക്ലാസ്സുകളും വാർഷിക അപ്പോസ്തോലിക സന്ദർശനങ്ങൾ – ഇത് കത്തോലിക്കാ സഭയ്ക്ക് മാർ അൽവാറിസിനോടുള്ള ശത്രുത വർദ്ധിപ്പിച്ചു. പല ഘട്ടത്തിലും ഈ ശത്രുത പീഢനത്തിലും കൊലപാതക ശ്രമങ്ങൾ വരെയും എത്തിനിന്നു. പ്രതിസന്ധികളിൽനിന്ന് കരുത്താർജ്ജിച്ച മെത്രാപ്പോലീത്ത തളരാത്ത പോരാളിയായി നിലനിന്നു. 1912 വരെ മലങ്കര സഭയുടെ ദൈനംദിന കാര്യങ്ങളിൽ പോലും ശ്രദ്ധവച്ചിരുന്ന പിതാവ്, ആരോഗ്യപരമായ കാരണങ്ങളാൽ തുടർന്നുള്ള വർഷങ്ങൾ വിശ്രമജീവിതത്തിനായി മാറ്റിവച്ചു.

76 വയസ്സു പ്രായമുണ്ടായിരുന്ന ഈ വന്ദ്യപിതാവിന്റെ ആരോഗ്യം തൃപ്തികരമല്ലായിരുന്നു. എങ്കിലും പഴയതുപോലെ രോഗികളുടെയും അശരണരുടെയും രക്ഷ തന്റെ കർത്തവ്യമാണെന്ന ബോധ്യത്തോടെ വന്ദ്യവയോധികനായ ആ മഹാപുരോഹിതൻ അവരെ തന്നോടൊപ്പം തന്റെ വാടക വീട്ടിൽ താമസിപ്പിച്ചു. ആഹാരവും വസ്ത്രവും മരുന്നും നൽകി അവരെ ശുശ്രൂഷിച്ചു. സാമ്പത്തിക പരാധീനതകൾ ബാധിച്ചപ്പോൾ, പലരുടെയും സഹായം സ്വീകരിച്ചു. ഒരു ഭിക്ഷകനെപ്പോലെ തെരുവിൽ യാചിച്ചു. പലപ്പോഴും അടിയും തുപ്പലും ഏറ്റുവാങ്ങി, തന്റെ നാഥന്റെ ക്രൂശിനെ വഹിച്ചുകൊണ്ട് അഗതികൾക്കായി ജീവിച്ചു.

വാർദ്ധക്യത്തിന്റെ ക്ഷീണവും രോഗാവസ്ഥയും മൂലം അദ്ദേഹത്തിന്റെ ആരോഗ്യം അനുദിനം വഷളായിക്കൊണ്ടിരുന്നു. 1923 സെപ്റ്റംബർ 23–ാം തീയതി പ്രഭാതത്തിൽ അഗതികളുടെ അപ്പോസ്തോലൻ തന്റെ നാഥന്റെ സന്നിധിയിലേക്ക് വിളിക്കപ്പെട്ടു. സെപ്റ്റംബർ 24–ാം തീയതി ഗോവയിലെ St. Inez പള്ളിയുടെ സെമിത്തേരിയിൽ നാനാജാതിമതസ്ഥരായ ആയിരക്കണക്കിന് ആളുകളുടെ സാന്നിധ്യത്തിൽ അദ്ദേഹത്തിന്റെ ശവസംസ്കാരം നടത്തപ്പെട്ടു.

നിർഭാഗ്യവശാൽ സഭാ രീതിയനുസരിച്ചുള്ള ഒരു കബറടക്കം അദ്ദേഹത്തിന് ലഭിക്കുകയോ മലങ്കരയിൽനിന്ന് ആരെങ്കിലും ഈ കർമ്മത്തിൽ പങ്കെടുക്കുകയോ ചെയ്തില്ല. അതേസമയം പോർച്ചുഗീസ് ഭരണാധികാരത്തെ അവഗണിച്ച്, ബ്രഹ്മവാറിൽനിന്ന് ഫാ. നൊറോനോയും ഒരു കൂട്ടം വിശ്വാസികളും വേഷപ്രച്ഛന്നരായി എത്തിയിരുന്നു എന്ന് ചരിത്രരേഖകൾ വ്യക്തമാക്കുന്നുണ്ട്.

മലങ്കരയുമായുള്ള സജീവബന്ധം

മലങ്കരയിലെ സജീവ സാന്നിധ്യമായിരുന്ന മാർ അൽവാറിസ്, അന്നുണ്ടായിരുന്ന ഒട്ടുമിക്ക പള്ളികളിലും സന്ദർശനം നടത്തിയിരുന്നു. കോട്ടയം എം.ഡി. സെമിനാരി, മാർ ഏലിയാ ചാപ്പൽ, വാകത്താനം വലിയ പള്ളി, വള്ളിക്കാട്ട് ദയറാ, നാലുന്നാക്കൽ പള്ളി, കോട്ടയം ചെറിയ പള്ളി, കോട്ടയം വലിയപള്ളി, പരുമല സെമിനാരി, മണ്ണത്തൂർപള്ളി, കോലഞ്ചേരിപള്ളി എന്നിവിടങ്ങളിൽ താമസിക്കുകയും ആരാധന നടത്തുകയും ചെയ്തിട്ടുണ്ട്. നിരണം പള്ളി, നടമേൽ പള്ളി, വടക്കൻ പറവൂർ പള്ളി എന്നിവയുടെ കൂദാശയ്ക്കും റാന്നി മുക്കാലിമൺ പള്ളിയുടെ നിർമ്മാണത്തിനും അഭിവന്ദ്യ പിതാവ് നേതൃത്വം നൽകി. സത്യവിശ്വാസത്തെ അചഞ്ചലം കാത്ത പിതാവ് മലങ്കര അസ്സോസിയേഷൻ വൈസ് പ്രസിഡന്റും മാനേജിംഗ് കമ്മിറ്റി അംഗവുമായിരുന്നു. അദ്ദേഹം വെറുമൊരു ബാഹ്യകേരള മെത്രാൻ മാത്രം ആയിരുന്നില്ല. 1919–ൽ അനാരോഗ്യം മൂലം മെത്രാസന ഭരണം മലങ്കര മെത്രാപ്പോലീത്തായ്ക്ക് കൈമാറുന്നതുവരെ മലങ്കരയുടെ ശക്തനായ പോരാളിയായിരുന്നു.

സഭാ സ്വാതന്ത്ര്യത്തിനായി പോരാടിയ സഭാസ്നേഹി

മലങ്കര സഭാചരിത്രത്തിൽ ഒരിക്കലും വിസ്മരിക്കുവാൻ കഴിയാത്ത നാമമാണ് മാർ അൽവാറിസിന്റേത് ഭാരതസഭ സ്വതന്ത്രമാണെന്നും അതിന്റെ സ്വാതന്ത്ര്യം ആർക്കും അടിയറ വയ്ക്കുവാൻ പാടില്ലെന്നും ഉറക്കെപ്പറഞ്ഞ്, കത്തോലിക്കാസഭയുടെ പരമാധികാരത്തെ വെല്ലുവിളിച്ച് സഭാമോചന സമരങ്ങൾക്ക് മാർ അൽവാറിസ് നേതൃത്വം നൽകി. മലങ്കരയുടെ സ്വാതന്ത്ര്യത്തിനുമേൽ അന്ത്യോക്യൻ പാത്രിയാർക്കീസ് കടന്നുകയറിയപ്പോൾ അതിനെ തൃണവൽഗണിച്ചുകൊണ്ട് മലങ്കര സുറിയാനി അസ്സോസിയേഷനിലും മാനേജിംഗ് കമ്മിറ്റിയിലും അദ്ദഹം നടത്തിയ പ്രസംഗങ്ങൾ ശ്രദ്ധേയമാണ്. പരി. വട്ടശ്ശേരിൽ തിരുമേനിയെ മുടക്കിയ അബ്ദുള്ള പാത്രിയർക്കീസിന്റെ നടപടി കാനോനികമല്ലെന്ന് കല്പനയിലൂടെ പരസ്യമായി വ്യക്തമാക്കി. 1911 ജൂൺ 25–ലെ മാനേജിംഗ് കമ്മിറ്റിയിൽ കാതോലിക്കേറ്റിലേക്കും സ്വാതന്ത്ര്യത്തിലേക്കും വഴിതെളിച്ച ആശയരൂപീകരണത്തിലും മാർ അൽവാറിസ് അഗ്രഗണ്യനായി നിന്നിരുന്നു.

ആത്മവിശ്വാസവും ധൈര്യവും കൈമുതലാക്കിയ സുവിശേഷകൻ

ഒരു യഥാർത്ഥ സുവിശേഷകനു വേണ്ട ആത്മവിശ്വാസവും ധൈര്യവും ആന്തരിക നിർബന്ധവും കൈമുതലാക്കിയ മഹാനുഭാവനായിരുന്നു, മാർ യൂലിയോസ് അൽവാറിസ്. പൗലോസ് അപ്പോസ്തോലനെപ്പോലെ സുവിശേഷീകരണ രംഗത്ത് തീവ്ര വീക്ഷണം സ്വീകരിച്ച വ്യക്തിയായിരുന്നു അദ്ദേഹം. കച്ച് മുതൽ കൽക്കട്ടാവരെയുള്ള ഇന്ത്യൻ തീരദേശത്തിന് സുപരിചിതനാ

യിരുന്നു അൽവാറിസ്. ദക്ഷിണ ഇന്ത്യയും പോർച്ചുഗീസ് ഗോവയും കടന്ന് സിലോണും ഇംഗ്ലണ്ടും അമേരിക്കൻ ഭൂഖണ്ഡം വരെ പടർന്നു പന്തലിച്ചതായിരുന്നു അദ്ദേഹത്തിന്റെ 'മിഷൻ സഭ'. മിഷൻ എന്നത് 'മതം' മാറ്റമല്ല 'മനം' മാറ്റമാണെന്ന് തിരിച്ചറിഞ്ഞ മാർ അൽവാറിസ്, വിദ്യാഭ്യാസ ആരോഗ്യ പരിപാലനത്തിനും സാമൂഹിക സാമ്പത്തിക മുന്നേറ്റത്തിനും പ്രാധാന്യം കല്പിച്ചിരുന്നു. അദ്ദേഹത്തിന്റെ രചനകളും പ്രസിദ്ധീകരണങ്ങളും (Times of Goa, Brado, Indiano, The Cruze, Verdade) ഇത് വ്യക്തമാക്കുന്നു. വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം മനസ്സിലാക്കി ഗോവയിലും സിലോണിലും പള്ളികളോട് ചേർന്ന് പള്ളിക്കൂടങ്ങൾ സ്ഥാപിച്ചു. സിലോൺ ട്രേഡ് മൂവ്മെന്റ് എന്ന തൊഴിലാളി സംഘടനയുടെ ഉപജ്ഞാതാക്കളിൽ ഒരാൾ മാർ അൽവാറിസ് ആയിരുന്നു.

ഗോവയുടെ രാഷ്ട്രീയ - സാമൂഹിക - വിദ്യാഭ്യാസ നഭോമണ്ഡലങ്ങളിൽ സ്മര്യപുരുഷൻ ഒരു പൊൻതാരകം ആയിരുന്നു. ഗോവയിലെ പോർച്ചുഗീസ് അധിനിവേശത്തെ വെല്ലുവിളിച്ച അദ്ദേഹം തദ്ദേശീയരെ സ്വന്തം കാലിൽ നിർത്താനും തദ്ദേശീയ വിഭവസമാഹരണ വിനിയോഗത്തിലൂടെ (Indigenous Resource Management) സാമ്പത്തിക പുരോഗതി കൈവരിക്കാനും പ്രേരിപ്പിച്ചു. സുവിശേഷീകരണ പാതയിലെ നല്ല ഇടയൻ ആകാൻ ഇത് കാരണഭൂതമായി.

സ്വതന്ത്ര കാത്തോലിക്കാ സഭ എന്ന മലങ്കരയുടെ റീത്ത്

19-ാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ സുവിശേഷീകരണ പാതയിൽ പുതിയ ശൈലി രൂപപ്പെടുത്തിവന്ന മലങ്കര സഭയ്ക്ക് കൈവന്ന ഭാഗ്യമായിരുന്നു സ്വതന്ത്ര കാത്തോലിക്കാ സഭ പുലിക്കോട്ടിൽ രണ്ടാമന്റെ വികസന സ്വപ്നങ്ങൾക്ക് വിശുദ്ധിയുടെ നറുമണമേകി പരുമല തിരുമേനി പിന്തുണ നൽകിയപ്പോൾ മലങ്കര സഭയ്ക്ക് രണ്ട് ഉപവിഭാഗങ്ങൾ (റീത്തുകൾ) ഉണ്ടാകുവാൻ കാരണമായി.

അങ്ങനെ 1887-ൽ സ്വയംഭരണവും ലത്തീൻ ആചാരങ്ങളും ആരാധനാ പാരമ്പര്യങ്ങളുമുള്ള ഒരു ലത്തീൻ ഉപസഭ (Latin Rite) ഉണ്ടായി. സ്വയംശീർഷകത്വമുള്ള മലങ്കര സഭയെ സ്വപ്നം കണ്ട സ്വയംഭരണം ഉൾക്കൊള്ളുന്നതും സഹവർത്തിത്വം പാലിക്കുന്നതുമായ ഈ ഉപസഭ മലങ്കരയുടെ ആത്മീയ അതിരുകൾ (Spiritual Boundary) പാശ്ചാത്യദേശങ്ങളിലേക്ക് കൂടി വ്യാപിപ്പിച്ചു. 2009-ൽ ആരംഭിച്ച Metropolitan Alvares Mar Julius Research Project (OCP-MARP) ന്റെ ഗവേഷണ പഠനങ്ങൾ വ്യക്തമാക്കുന്നത്, ഏതാണ്ട് അറുപതോളം ആരാധനാലയങ്ങളും ഒരുലക്ഷത്തിലധികം വിശ്വാസികളും ഉൾക്കൊള്ളുന്ന ഒരു സമൂഹമായി അത് മാറി എന്നാണ്. വിശ്വാസതീക്ഷ്ണതയിൽ പടർന്ന് പന്തലിച്ച ഈ സമൂഹത്തിന്റെ പിൻമുറക്കാർ വിശ്വാസസംരക്ഷകരായി ശ്രീലങ്കയുടെ തീരദേശ ഗ്രാമങ്ങളിലും (കൊളമ്പോ, മന്നാർ, പള്ളിമുനെ, മുള്ളിട്ടുവാ, ജിന്റുചിത്യ, വാവുനിയ) ഉത്തര-ദക്ഷിണ കാനറയിലെ (ബ്രഹ്മവാർ, ഹോണവാർ) പ്രദേശങ്ങളിലും സാവന്ത് വാടി, സിന്ദുദുർഗ്ഗ് മേഖലകളിലും തമിഴ്നാട്ടിലെ തിരുച്ചിറപ്പള്ളി, കല്ലിയാംകുളം, ദിൻഡികൽ, ചെമ്പട്ടി, പള്ളിത്താമം, നാഗർകോവിൽ, എന്നിവിടങ്ങളിലും അവശേഷിക്കുന്നു എന്ന് ഈ ലേഖകൻ കണ്ടെത്തിയിട്ടുണ്ട്.

2009 മുതലുള്ള പഠനങ്ങളുടെ ഫലമായി, സ്വതന്ത്രകത്തോലിക്കാ സഭയുടെ കത്തീഡ്രൽ പള്ളി കണ്ടെത്തുവാനും (Our Lady of Good Death, Hulsdorf) ദിൻഡികൽ എന്ന സ്ഥലത്തിന് സമീപം 'ചിന്നലപട്ടി' എന്ന ഗ്രാമത്തിൽ പരിശുദ്ധ പരുമല തിരുമേനിയുടെ നാമത്തിൽ സിദ്ധവൈദ്യം നടത്തുന്ന സേവ്യർ, പോൾ രാജ് എന്നിവരെയും കണ്ടെത്തുവാനും സാധിച്ചു. അതേ തുടർന്ന് ചെമ്പട്ടിയിലെ St. James Independent Catholic പള്ളിയും കണ്ടെത്തി ബന്ധം സ്ഥാപിച്ചു. തുടർന്നു നൂറ്റാണ്ടുകൾ പഴക്കമുള്ള 'തബ്ലൈത്ത' മധുര മൂവരശർ ആലയത്തിൽനിന്ന് കണ്ടെത്തി. മലങ്കര സഭയുടെ ചെന്നൈ ഭദ്രാസനത്തിന്റെ അഭ്യർത്ഥന മാനിച്ച് ഇത് താംബരത്തുള്ള അരമനയിൽ സൂക്ഷിച്ചിരിക്കുന്നു.

ലേഖകന്റെ നേതൃത്വത്തിലുള്ള ഗവേഷണ സംഘത്തിന്റെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ചെന്നൈ ഭദ്രാസനം Dindigal mission ആരംഭിച്ചു പ്രവർത്തനം നടത്തിവരുന്നു. 2017 ജൂൺ 6-ന് മിഷൻ ഓഫീസ് ഗാന്ധിഗ്രാം സിലോൺ കോളനിക്ക് സമീപം അൽവാറിസ് മാർ ജൂലിയോസ് സെന്റർ എന്ന പേരിൽ ആരംഭിച്ചു എന്നത് അഭിമാനത്തോടെ പറയട്ടെ.

ഭക്തനായ ഒരു വൈദികൻ, കർമ്മനിരതനായ ആതുര സേവകൻ, മഹാനായ എഴുത്തുകാരൻ, യഥാർത്ഥ സന്യാസി, പ്രഗത്ഭനായ പ്രസംഗകൻ, ധീരോദാത്തനായ പത്രപ്രവർത്തകൻ, അഗ്രഗണ്യനായ രാജ്യസ്നേഹി, ഉന്നതനായ വിദ്യാഭ്യാസ വിചക്ഷണൻ, ജനഹൃദയങ്ങളിലെ കരുണയുടെ അപ്പോസ്തലൻ എന്നീ നിലകളിൽ അതുല്യനായിരുന്ന ആ പരിശുദ്ധ പിതാവിന്റെ പ്രാർത്ഥന സഭയ്ക്കും ദേശത്തിനും അനുഗ്രഹത്തിനായി ഭവിക്കട്ടെ. ●

പാഠപുസ്തക പഠനം

ക്ലാസ് - 9 യൂണിറ്റ് - 1

ഫാ. ഏലിയാസ് കെ. വി.

ആമുഖം

ഒമ്പതാം ക്ലാസ്സിലെ പാഠാവലിയാണ് ഇത്. ബാലപാഠം മുതൽ 12-ാം ക്ലാസ്സുവരെയുള്ള പുസ്തകങ്ങളെ ബേത്‌ലഹേം, നസ്രേത്ത്, ഗലീലി, യരുശലേം, താബോർ എന്നിങ്ങനെ അഞ്ചായി തിരിച്ചിരിക്കുന്നതിൽ നാലാം ഭാഗത്തു വന്നതാണ് ഈ പുസ്തകം. നമ്മുടെ കർത്താവ് ബേത്‌ലഹേമിൽ ജനിച്ചു. നസ്രേത്തിൽ വളർന്നു. ഗലീലായിൽ പരസ്യശുശ്രൂഷ ചെയ്തു. യരുശലേമിൽ ബന്ധിതനായി. താബോറിൽ മഹത്വീകരിക്കപ്പെട്ടു. യരുശലേം കർത്താവ് ലോകത്തിനുവേണ്ടി, തന്റെ സൃഷ്ടിക്കുവേണ്ടി ഏല്പിക്കപ്പെട്ട സ്ഥലവും പഴയനിയമ യിസ്രായേലിന് ദൈവത്തിന്റെ നിത്യസാന്നിദ്ധ്യത്തിന്റെ പ്രതീകമായ ദേവാലയം ഉള്ള ഇടവുമാണ്. അതുകൊണ്ട് ഈ വിഭാഗത്തിൽ പഠിപ്പിക്കുന്ന അദ്ധ്യാപകൻ/അദ്ധ്യാപിക മുൻഭാഗങ്ങളിലെ പാഠഭാഗങ്ങൾക്കൂടി അറിഞ്ഞിരിക്കണമെന്നാണ് വിവക്ഷ. 8-10 ക്ലാസ്സുകളാണ് യരുശലേം വിഭാഗത്തിൽ വരുന്നത് എന്നതുകൊണ്ട് എട്ടാം ക്ലാസ്സിലെ പാഠഭാഗം നിർബന്ധമായും മനസ്സിലാക്കിയിരിക്കണം.

ബാലപാഠം മുതൽ 10 വരെ എത്തുമ്പോഴേയ്ക്കും കുഞ്ഞുങ്ങൾക്ക് വേദപുസ്തകത്തെക്കുറിച്ചും ദൈവത്തെക്കുറിച്ചും അറിവും വിശ്വാസവും വർദ്ധിക്കുംവിധമാണ് പാഠഭാഗങ്ങൾ ക്രമീകരിച്ചിരിക്കുന്നത്. വിശ്വാസ ജീവിതം അർത്ഥപൂർണ്ണമാകുന്നത് ആരാധനയിലൂടെയാണ്. യാഥാർത്ഥ്യം അറിഞ്ഞ് ചരിത്രാവബോധത്തോടെ അർത്ഥമറിഞ്ഞ് ആരാധിക്കുന്ന സമൂഹത്തിന്റെ സൃഷ്ടിയാണ് ഈ പഠനത്തിലൂടെ ഒ.എസ്.എസ്.എ.ഇ. ലക്ഷ്യമാക്കുന്നത്. ഭാവിസമൂഹത്തിന്റെ നേതൃനിരയിൽ വരേണ്ടവർ ആരാധിക്കുന്നവരും ദൈവത്തെ അറിഞ്ഞ് ജീവിക്കുന്നവരുമായി വളരണം. അദ്ധ്യാപകർ ഈ കുഞ്ഞുങ്ങൾക്ക് മാതൃകയാകണം. അവർ നല്ലതുപോലെ ഒരുങ്ങി കുഞ്ഞുങ്ങളെ അഭ്യസിപ്പിക്കണം. ശിക്ഷണം അർത്ഥപൂർണ്ണമാകുന്നത് അപ്പോഴാണ്. ഈ കാഴ്ചപ്പാടോടുകൂടെ നമുക്ക് മുന്നോട്ട് നീങ്ങാം.

ഒമ്പതാം ക്ലാസ്സിൽ (യരുശലേം വിഭാഗത്തിൽ) 8 യൂണിറ്റുകളിലായി 30 പാഠങ്ങളാണ് ഉൾക്കൊള്ളിച്ചിട്ടുള്ളത്. അതിൽ ആദ്യ യൂണിറ്റ് വേദപുസ്തക പാഠങ്ങൾ (പഴയനിയമവും പുതിയ നിയമവും) 10 എണ്ണം ഉൾക്കൊള്ളുന്നവയാണ്. പഴയനിയമം 5 പാഠം, പുതിയനിയമം 5 പാഠം. ഈ പാഠങ്ങൾ പഠിപ്പിക്കുന്നവർ വേദപുസ്തകം വായിച്ചു മനസ്സിലാക്കിവേണം അതു ചെയ്യുവാൻ. മലങ്കരസഭ പ്രസിദ്ധീകരണവിഭാഗം ഇറക്കിയിരിക്കുന്ന തിരുവചനഭാഷ്യം (രണ്ടുവാല്യം) സൺഡേസ്കൂൾ ലൈബ്രറിയിൽ വാങ്ങിവച്ചാൽ പുതിയനിയമ പഠനത്തിന് അതു സഹായകമാകും. പഴയപുതിയ നിയമ പുസ്തകങ്ങൾ പഠിക്കുന്നതിന് തിരുവല്ല സി.എസ്.എസ്. പ്രസിദ്ധീകരിച്ച വേദപുസ്തകഭാഷ്യമോ ബൈബിൾ വിജ്ഞാനകോശമോ ലൈബ്രറിയിൽ ഉണ്ടാകുന്നത് ഉത്തമം. ഏതിനും പ്രഥമമായി വേദപുസ്തകം വായിക്കണമെന്ന് പ്രത്യേകം ഓർമ്മിപ്പിക്കട്ടെ.

ഒമ്പതാം ക്ലാസ്സിലെ പുസ്തകം എട്ടാം ക്ലാസ്സിന്റെ തുടർച്ചയാണ്. വേദപുസ്തകത്തെ പഴയനിയമം, പുതിയനിയമം എന്ന് രണ്ടായി തിരിച്ചിട്ടുള്ള കാര്യം സുവിദിതമാണല്ലോ. പഴയനിയമത്തെ പൊതുവായി ന്യായപ്രമാണം (പഞ്ചഗ്രന്ഥം, തോറ), പ്രവാചകന്മാർ, എഴുത്തുകൾ എന്നിങ്ങനെ മൂന്നായി തിരിച്ചിട്ടുണ്ട്. പ്രവാചക

ഫാ. കെ.വി. ഏലിയാസ്
പഴയസെമിനാരിയിൽ
പഴയനിയമ വിഭാഗത്തിലെ
അദ്ധ്യാപകനാണ്.
സൺഡേസ്കൂൾ കൺട്രോളർ ഓഫ്
എക്സാമിനേഷനായി പ്രവർത്തിച്ചു.
ഇപ്പോൾ കണ്ടനാട് (ഈസ്റ്റ്)
ഭദ്രാസന ഡയറക്ടറാണ്.

ന്മാർ എന്ന ഗണത്തെ മുൻകാല പ്രവാചകന്മാർ, പിൻകാല പ്രവാചകന്മാർ (Former Prophets, Later Prophets) എന്നിങ്ങനെയും. മുൻകാല പ്രവാചകന്മാർ എന്നറിയപ്പെടുന്നത് യോശുവ, ന്യായാധിപന്മാർ, 1, 2 ശമുവേൽ, 1, 2 രാജാക്കന്മാർ എന്നീ 6 പുസ്തകങ്ങളാണുള്ളത്. ആദിമകാല പ്രവാചകന്മാർ എന്നപേരിൽ 8-ാം ക്ലാസ്സിൽ പഠിച്ച നാഥാൻ, ഏലിയ, എലീശാ മുതലായവർ അവരുടെ പ്രവചനങ്ങൾ എഴുതിവച്ചില്ല; എന്നാൽ അവരുടെ പ്രവർത്തനങ്ങൾ മുൻകാല പ്രവാചകന്മാരുടെ പുസ്തകങ്ങളിൽനിന്ന് നാം പഠിച്ചു.

പിൻകാല പ്രവാചകന്മാർ എന്ന ഗണത്തെ രണ്ടായിതിരിച്ചിട്ടുണ്ട്. വലിയ പ്രവാചകന്മാർ എന്നും ചെറിയ പ്രവാചകന്മാർ എന്നും ഈ പ്രവാചകന്മാരുടെ പേരിൽ എഴുതപ്പെട്ട പുസ്തകങ്ങൾ പഴയ നിയമത്തിലുണ്ട്. ഇവരെ എഴുതുന്ന പ്രവാചകന്മാർ എന്നുകൂടി പറയുന്നുണ്ട്. ഇതിൽ വലിയ പ്രവാചകന്മാരായി ഓർത്തഡോക്സ് സുറിയാനി സഭ പരിഗണിക്കുന്നത് യെശയ്യാവ്, യിരെമ്യാവ്, യെഹെസ്കിയേൽ, ദാനിയേൽ എന്നിവരെയാണ്. പ്രൊട്ടസ്റ്റന്റ് സഭകൾ ദാനിയേലിനെ പ്രവാചകഗണത്തിലല്ല, എഴുത്തുകൾ എന്ന ഗണത്തിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ചെറിയ പ്രവാചകന്മാർ ഹോശേയ, യോവേൽ, ആമോസ്, ഒബദ്യാവ്, യോനാ, മീഖാ, നഹൂം, ഹബക്കൂക്ക്, സെഫന്യാവ്, ഹഗ്ഗായി, സെഖര്യാവ്, മലാഖി എന്നീ പന്ത്രണ്ടു പുസ്തകങ്ങളാണ്.

ചെറുത്, വലുത് എന്ന് പിൽക്കാല പ്രവാചക ഗ്രന്ഥങ്ങളുടെ വിഭജനത്തിന്റെ അടിസ്ഥാനം അവരുടെ പേരിൽ എഴുതിക്കിട്ടിയിരിക്കുന്ന ഗ്രന്ഥത്തിന്റെ വലിപ്പം മാത്രമാണ്. പ്രവചന മഹത്വത്തിൽ ഇവർ തമ്മിൽ ഇങ്ങനെയൊരന്തരം ഒരിക്കലും പരിഗണിക്കുന്നില്ല. ദാനിയേലിന്റെ പുസ്തകം ബി.എസ്.ഐ. സത്യവേദപുസ്തകത്തിൽ 12 അദ്ധ്യായങ്ങളേ ഉള്ളൂ. ഹോശേയായും സെഖര്യാവും 14 അദ്ധ്യായങ്ങൾ വീതവും- എന്നിട്ടും എന്തേ ദാനിയേൽ വലിയ പ്രവാചകനായി പരിഗണിക്കുന്നു?

ദാനിയേലിന്റെ പുസ്തകം പൗരസ്ത്യസഭ പ്രവാചകഗണത്തിൽപെടുത്തുമ്പോൾ സത്യവേദപുസ്തകത്തിൽ ഉള്ളതിനേക്കാൾ കുറച്ചുകൂടി ഭാഗങ്ങൾ കൂടുതലുള്ളതായി കരുതുന്നു. സഭയുടെ വേദപുസ്തകമായ പെഷീത്തായിൽ ഈ കൂട്ടിച്ചേർക്കലുകൾ ഉണ്ട് (വന്ദ്യ കണിയാംപറമ്പിലച്ചന്റെ വിശുദ്ധഗ്രന്ഥം നോക്കുക).

പ്രൊട്ടസ്റ്റന്റ് സഭകൾ ഇതിനെ പ്രവചന ഗ്രന്ഥമായല്ല, എഴുത്തുകളിലൊന്നായി (വെളിപ്പാടുസാഹിത്യം) കാണുന്നതുകൊണ്ട് വലിയ പ്രവാചകന്മാർ മൂന്നുമാത്രം. അവ വലിയ ഗ്രന്ഥങ്ങളുമാണ്.

> വിശ്വാസ ജീവിതം അർത്ഥപൂർണ്ണമാകുന്നത് ആരാധനയിലൂടെയാണ്. യാഥാർത്ഥ്യം അറിഞ്ഞ് ചരിത്രാവബോധത്തോടെ അർത്ഥമറിഞ്ഞ് ആരാധിക്കുന്ന സമൂഹത്തിന്റെ സൃഷ്ടിയാണ് ഈ പഠനത്തിലൂടെ ഒ.എസ്.എസ്.എ.ഇ. ലക്ഷ്യമാക്കുന്നത്. ഭാവിസമൂഹത്തിന്റെ നേതൃനിരയിൽ വരേണ്ടവർ ആരാധിക്കുന്നവരും ദൈവത്തെ അറിഞ്ഞ് ജീവിക്കുന്നവരുമായി വളരണം.

ഇത്രയും കാര്യങ്ങൾ ആമുഖമായി മനസ്സിലാക്കിക്കൊണ്ട് നമുക്ക് ഒൻപതാം ക്ലാസ്സിലെ പാഠഭാഗങ്ങൾ ശ്രദ്ധിക്കാം.

പാഠം 1

വലിയ പ്രവാചകന്മാർ

ഈ പാഠത്തിൽ യെശയ്യാവ് (66 അദ്ധ്യായങ്ങൾ), യിരെമ്യാവ് (52 അദ്ധ്യായം), യെഹസ്കിയേൽ (48 അദ്ധ്യായം), ദാനിയേൽ (12/14 അദ്ധ്യായം) എന്നീ പ്രവാചകന്മാരെക്കുറിച്ചും അവരുടെ പേരിലുള്ള പുസ്തകങ്ങളെക്കുറിച്ചുമാണ് പഠിക്കുന്നത്.

പഠനോദ്ദേശ്യവും മനഃപാഠവാക്യവും, പഠനസഹായികളും പാഠപുസ്തകത്തിൽ നൽകിയിരിക്കുന്നത് ശ്രദ്ധിക്കുക ആവശ്യമായ തയ്യാറെടുപ്പുകളോടെ ക്ലാസ്സ് കൈകാര്യം ചെയ്യുക.

അല്പം നിർത്താം..... ചിന്തിക്കാം....

1. പ്രവാചകന്മാരുടെ ദൗത്യം: ദൈവത്തിന്റെ വാക്കുകൾ ലോകത്തെ അറിയിക്കുക. ഇവിടെ ഭാവിയെക്കുറിച്ച് പരാമർശമുണ്ട്. ആനുകാലിക സംഭവങ്ങളുടെ വിശകലനമുണ്ട്. ദൈവത്തിന്റെ ഇടപെടലുണ്ട്. സധൈര്യമുള്ള പ്രവാചകന്റെ പ്രസ്താവമുണ്ട്. അവർ ദൈവഹിതം സ്വീകരിച്ച് അത് ജനത്തിനു കൈമാറി, അവരെ ദൈവഹിതത്തിനു വിധേയരായി ജീവിതം നയിക്കുവാൻ യത്നിച്ചവരാണ്.
2. യെശയ്യാ പ്രവചനത്തിൽ 66 അദ്ധ്യായങ്ങളാണുള്ളത്.

3. യഹോവ എന്റെ രക്ഷ യഹോവയിലുള്ള രക്ഷയെ പ്രഘോഷിച്ചവൻ എന്നാണ് യെശയ്യാവ് എന്ന വാക്കിന്റെ അർത്ഥം.

ഈ പ്രവചനത്തിന് മൂന്നു ഭാഗങ്ങളാണുള്ളത് 1-39; 40-55; 56-66. ആശയം, ഭാഷ, സന്ദേശം, ശൈലി എന്നിവ പരിഗണിച്ച് ഈ മൂന്നുഭാഗങ്ങൾ മൂന്നു വ്യത്യസ്ത കാലങ്ങളിൽ നിന്നുള്ളത് എന്ന് വേദപഠിതാക്കൾ കരുതുന്നു. ആദ്യഭാഗം ഉസ്സീയാ രാജാവിന്റെ മരണത്തെ തുടർന്നുള്ള കാലം (യെശ. 6:1മു). ഇത് ബാബേൽ പ്രവാസത്തിനു മുമ്പുള്ള കാലമാണ്. ബാബേൽ പ്രവാസകാലത്തു നിന്നുള്ളതാണ് രണ്ടാംഭാഗം. പ്രവാസാനന്തരമുള്ള സാഹചര്യമാണ് മൂന്നാംഭാഗം വ്യക്തമാക്കുന്നത്. ഇവ പാഠപുസ്തകത്തിൽ വിവരിച്ചിട്ടുള്ളത് വായിക്കുക. അനുബന്ധ വേദഭാഗങ്ങളും ശ്രദ്ധയോടെ വായിക്കുക.

അല്പം നിർത്താം..... ചിന്തിക്കാം....

1. ഉസ്സിയാവിന്റെ ഭരണകാലത്തെ പ്രത്യേകതകൾ
   - അര നൂറ്റാണ്ടോളം യഹൂദാരാജ്യം ഭരിച്ചു (ബിസി 786-742)
   - ആദ്യകാലം ദൈവത്തോട് വിശ്വസ്തത കാണിച്ചു
   - നീതിയോടെ രാജ്യം ഭരിച്ചു.
   - ബലവാനായപ്പോൾ - അഹങ്കരിച്ചു
   - ദൈവശിക്ഷയായി (കുഷ്ഠരോഗം) ഏറ്റുവാങ്ങി.
2. യഹോവ ജനത്തോടു കോപിച്ചത്
   - യഹോവയോടുള്ള ഉടമ്പടി ലംഘിച്ചു
   - വിഗ്രഹാരാധകരായി
   - അഹങ്കാരം, അനീതി, ആഡംബരപ്രിയം എന്നിവയുണ്ടായി
   - വിജാതീയ രാജാക്കന്മാരോടുള്ള സഖ്യത ചെയ്തു
   - വഷളത്വം വർദ്ധിച്ചു
   - അധർമ്മം പെരുകി (ആരാധനയിൽ പോലും)
3. പ്രവാചക സന്ദേശത്തിലെ പ്രധാന സദ്ഗുണങ്ങൾ
   - യഹോവയോടുള്ള വിശ്വസ്തത
   - മാതാപിതാക്കന്മാരോടുള്ള അനുസരണം വിധേയത്വം
   - നീതിപൂർവ്വമായ ജീവിതത്തിനുള്ള സന്നദ്ധത
4. അ. 40-55 പ്രവാസത്തിൽ കഴിഞ്ഞ ജനത്തിന് പ്രത്യാശ നൽകുന്ന വചനങ്ങളാണ്

യിരെമ്യാവ് പ്രവാസത്തിനു തൊട്ടുമുമ്പുള്ള കാലഘട്ടത്തിൽ തുടങ്ങി പ്രവാസത്തിലേയ്ക്കു കടന്ന ഒരു പ്രവാചകനാണ്. പുരോഹിതന്റെ മകനാണ്. യഹൂദാരാജാവായ യോശിയാവിന്റെ (ക്രി. മു. 640-609) കാലത്ത് പ്രവചന ശുശ്രൂഷയാരംഭിച്ചു. പ്രവാസമാരംഭിക്കുംവരെ അത് തുടർന്നു എന്ന് 1:1-3 വാക്യങ്ങളിൽനിന്ന് വ്യക്തം. 'യഹോവ ഉയർത്തുന്നു' / 'യഹോവ സ്ഥാപിക്കുന്നു' എന്നാണ് വാക്കിന്റെ അർത്ഥം.

യെഹസ്കിയേൽ എന്ന വാക്കിന് 'ദൈവം ശക്തിപ്പെടുത്തുന്നു' എന്നും ദാനിയേൽ എന്ന വാക്കിന് 'ദൈവം വിധിക്കുന്നു'/'ദൈവം എന്റെ ന്യായാധിപൻ' എന്നും രണ്ടർത്ഥം.

യെഹെസ്കിയേൽ ബാബേൽ പ്രവാസികൾക്കൊപ്പം ജീവിച്ച വ്യക്തിയാണ് (1:1 കെബാർ നദി ബാബേലിലെ ഒരു നദിയാണ്). അദ്ദേഹം ഒരു പുരോഹിതൻ കൂടിയായിരുന്നു (1:3).

ദാനിയേലിന്റെ പുസ്തകം ബാബേൽ പ്രവാസത്തിന്റെ പശ്ചാത്തലത്തിൽ രചിക്കപ്പെട്ട ഒരു പുസ്തകമാണ്. ബാബേൽ, മേദ്യാ പാർസി രാജാക്കന്മാരാണ് ഈ ഗ്രന്ഥത്തിൽ പരാമർശിക്കപ്പെടുന്ന രാജാക്കന്മാർ. ബാബേൽ രാജാവായ നെബുഖദ്നേസ്സർ മുതൽ പാർസിരാജാവായ കോരെശിന്റെ കാലംവരെയും തുടർന്ന് ദാര്യാവേശ് II-ന്റെ കാലത്ത് യരുശലേം ദേവാലയം പുതുക്കി പണിത കാലംവരെയും ആണ് യിസ്രായേലിന്റെ ബാബേൽ പ്രവാസം. (ക്രി. മു. 587-515). ഈ ചരിത്രകാലഘട്ടം പശ്ചാത്തലമായി മനസ്സിലാക്കിവേണം ഈ പ്രവാചകരെക്കുറിച്ച് പഠിപ്പിക്കുവാൻ.

നമുക്ക് ചിന്തിക്കാം

1. യെശയ്യാവ്, യിരെമ്യാവ്, യെഹസ്കിയേൽ, ദാനിയേൽ എന്നിവരാണ് വലിയ പ്രവാചകന്മാർ
   യെശയ്യാവ് 66
   യെഹസ്കിയേൽ 48
   യിരെമ്യാവ് 52
   ദാനിയേൽ 12/14
2. മൂന്നായി തിരിച്ചിരിക്കുന്നു
   ഒന്നാം യെശയ്യാവ് 1-39
   രണ്ടാം യെശയ്യാവ് 40-55
   മൂന്നാം യെശയ്യാവ് 56-66
3. യഹൂദ രാജാക്കന്മാരായ ഉസ്സിയാവ്, യോഥാം, ആഹാസ്, യെഹെസ്കിയാവ് എന്നിവരുടെ കാലത്താണ് ഒന്നാമത്തെ ഭാഗം. രണ്ടാംഭാഗം പ്രവാസകാലത്തുനിന്നും മൂന്നാം ഭാഗം പ്രവാസാനന്തര കാലത്തുനിന്നും ഉള്ളതാണ്.
4. യഹോവയുടെ കഷ്ടപ്പെടുന്ന ദാസനെക്കുറിച്ചുള്ള അതിമനോഹരങ്ങളായ നാലുഗീതങ്ങൾ യെശയ്യാ പ്രവചനത്തിന്റെ രണ്ടാംഭാ

ഗത്ത് കാണുന്നു (42:1-9; 49:1-7; 50:4-9; 52:13-53:12). ഈ ഗീതങ്ങളെയാണ് ദാസ ഗീതങ്ങൾ എന്നു പറയുന്നത്.

നീതിപൂർവ്വകമായ കഷ്ടതയുടെ മഹത്വമാണ് ഈ ഗീതങ്ങളിലെ മുഖ്യവിഷയം.

5. യഹൂദ രാജാവായ യെഹോയാക്കിം (1:1), ബാബേൽ രാജാക്കന്മാരായ നെബുഖദ്നേസ്സർ (1:1), ബേൽശസ്സർ (5:1,22; 7:1), മേദ്യരാജാവായ ദാര്യാവേശ് (5:31; 9:1), പാർസിരാജാവായ കോരെശ് (10:1) എന്നീ രാജാക്കന്മാരാണ് ദാനിയേലിന്റെ പ്രവചനവുമായി ബന്ധപ്പെട്ട് പരാമർശിക്കപ്പെടുന്നത്.

ദൈവത്തിന് യിസ്രായേലിനോടുള്ള സ്നേഹം, അതിനോടുള്ള യിസ്രായേലിന്റെ അനുകൂല പ്രതികരണം, ആ ആദ്യസ്നേഹത്തിൽ നിന്നുള്ള യിസ്രായേലിന്റെ മാറിപ്പോക്ക്, അതിൽ ദുഃഖിക്കുന്ന യഹോവ, അതോർത്ത് ക്ഷോഭിക്കുന്ന പ്രവാചകൻ എന്നിവ യിരെമ്യാവിന്റെ പുസ്തകം പ്രസ്താവിക്കുന്നു.

6. 1:3-ൽ വ്യക്തമായി പുരോഹിതൻ എന്നു പറയുന്നുണ്ട്. ദൈവവചന പ്രകാരം ജീവിക്കുവാൻ ജനത്തെ പ്രബോധിപ്പിക്കുന്ന കാവൽക്കാരനായി പ്രവാചകനെ ചിലയിടങ്ങളിൽ ചിത്രീകരിക്കുന്നുണ്ട് (3:17; 8:1-18; 33:1-9) ഈ പ്രത്യേക ചുമതലയും പൗരോഹിത്യത്തിന്റേതാണ് (ലേവ്യ. 8-11, ആവ. 17:8-13)

7. ദാനിയേലിന്റെ പുസ്തകം ഏഴാം അദ്ധ്യായത്തിലാണ് ദാനിയേലിന്റെ ദർശനത്തെക്കുറിച്ച് പരാമർശിക്കുന്നത്. നാലു മൃഗങ്ങൾ സമുദ്രത്തിൽനിന്ന് കയറിവരുന്നു. ഒടുവിൽ ന്യായാസനത്തിലിരിക്കുന്ന വയോധികൻ വരുന്നു. അവൻ മൃഗങ്ങളെ മരണത്തിനേല്പിക്കുന്നു. നാലുമൃഗങ്ങൾ ബാബേൽ, മേദ്യ, പാർസി, യവന (ഗ്രീക്ക്) രാജ്യങ്ങളെയും വയോധികനായ ന്യായാധിപൻ ദൈവത്തെയും സൂചിപ്പിക്കുന്നുവെന്നാണ് വ്യാഖ്യാനം. ദാനി 7:1-28 ശ്രദ്ധയോടെ വായിക്കുക.

യെഹെസ്കിയേൽ 1-ാം അദ്ധ്യായത്തിൽ തന്നെ പ്രവാചകൻ മൃഗത്തെ ദർശിക്കുന്നു. നാലു മുഖമുള്ളതെങ്കിലും ഒറ്റ മൃഗമായാണ് യെഹസ്കിയേലതിനെ കാണുന്നത്. ചിറകുകളും ചക്രങ്ങളും വ്യത്യസ്ത മുഖങ്ങളും ഭാവങ്ങളുമുള്ള മൃഗം (1:4-28 ശ്രദ്ധയോടെ വായിക്കുക).

മൂന്നാം അദ്ധ്യായത്തിൽ പ്രവാചകൻ കാണുന്നത് ഒരു ചുരുളാണ് അത് പ്രവാചകനോട് തിന്നുവാൻ യഹോവ ആവശ്യപ്പെട്ടു. അവനത് തിന്നു.

അസ്ഥികളുടെ താഴ്വരയും (37:1-14) രണ്ടു വടികളും (37:15-22) യിസ്രായേലിന്റെ വീണ്ടെടുപ്പിനെ വർണിക്കുന്ന രണ്ടു ദർശനങ്ങളാണ്.

47-ാം അദ്ധ്യായത്തിൽ ദേവാലയത്തിൽ പുറപ്പെടുന്ന ഒരു നദിയെക്കുറിച്ചുള്ള ദർശനമുണ്ട്. അത് ജീവജലനദിയാണെന്ന് വ്യാഖ്യാനം.

ഈ വേദഭാഗങ്ങളെല്ലാം നല്ലതുപോലെ വായിച്ചു മനസ്സിലാക്കിവേണം അദ്ധ്യാപകൻ ക്ലാസ്സെടുക്കേണ്ടത്.

പ്രവർത്തനങ്ങൾ

1. യെശയ്യാ 6-ൽ പ്രവാചകന്റെ വിളിയും 2 ദിനവൃ. 26ൽ ഉസ്സിയാരാജാവിന്റെ ചരിത്രവുമാണ് പരാമർശം. ഉസ്സിയാവിന് അസര്യാവ് എന്നൊരു പേരാണ് 2 രാജാ. 15:1-7 ഭാഗത്ത് കാണുന്നത്. ഈ വേദഭാഗങ്ങൾ വായിച്ച് ഡയറിക്കുറിപ്പ് തയ്യാറാക്കാൻ കുട്ടികളെ സഹായിക്കുക.
2. അധർമ്മമുള്ള അധരങ്ങളിൽനിന്നുള്ള പ്രാർത്ഥനകൾ ദൈവം കേൾക്കയില്ല എന്നാണ് യെശയ്യാ 1:10-20 ഭാഗങ്ങളിൽനിന്ന് മനസ്സിലാക്കാനാവുന്നത്. ഈ സന്ദർഭവും പ്രവാചകഗ്രന്ഥങ്ങളിലും പുതിയ നിയമ പുസ്തകങ്ങളിലും കാണുന്ന പ്രസ്താവങ്ങളും ചേർത്തുവച്ച് ചർച്ചയ്ക്ക് നേതൃത്വം നൽകാം.
3. 7:14 ഇമ്മാനുവേൽ പ്രവചനമായി സഭ മനസ്സിലാക്കുന്ന വ്യാഖ്യാനിക്കുന്ന 9:6-7ൽ പരാമർശിക്കുന്ന രാജാവ് യേശുവെന്ന് വ്യാഖ്യാനം.

   11:1-2ലെ 'മുള' യേശുതന്നെ ആ കാലത്തിന്റെ നന്മയെ 5-9 വാക്യങ്ങളിൽ വിവരിച്ചിരിക്കുന്നു.

   32:1-ലെ നീതിയുള്ള രാജാവ് യേശുതന്നെ.

   രണ്ടാം യെശയ്യാവിലെ ദാസഗീതങ്ങളിൽ പരാമർശിക്കപ്പെടുന്ന കഷ്ടപ്പെടുന്ന ദാസൻ (നമ്മുടെ ഹാശാവെള്ളിയിലെ പ്രോമ്യോൻ - സെദ്റാകൾ ശ്രദ്ധിക്കുക) ക്രിസ്തുവിനെ സൂചിപ്പിക്കുന്നതായാണ് സഭാപിതാക്കന്മാർ മനസ്സിലാക്കുന്നത് (42:1-9; 49:1-7; 50:4-11; 52:13-53:12)

   61:1-3 (ലൂക്കൊ. 4:18-19) പുതിയനിയമ എഴുത്തുകാരും സഭയും ക്രിസ്തുവിനെ സൂചിപ്പിക്കുന്നതായാണ് മനസ്സിലാകുന്നത്.
4. നമുക്കു ചിന്തിക്കാം എന്ന ഭാഗത്തെ ഒന്നാം ചോദ്യത്തിന്റെ ഉത്തരംനോക്കി പട്ടിക തയ്യാറാക്കാൻ കുട്ടികളെ സഹായിക്കാം.
5. എളുപ്പത്തിൽ ചെയ്യിക്കാവുന്ന ഒരു പ്രവൃത്തി. അദ്ധ്യാപകൻ നിർദ്ദേശങ്ങൾ കൊടുത്താൽ മതിയാകും.

തുടർവായനയ്ക്ക് നിശ്ചയിച്ചിരിക്കുന്ന വേദഭാഗങ്ങൾ കുട്ടികൾ വായിക്കുന്നുണ്ട് എന്ന് അദ്ധ്യാപകൻ ഉറപ്പുവരുത്തുമല്ലോ.

അനുസ്മരണം

അന്തരിച്ച സി.എ. എബ്രഹാം സാർ എന്ന ഗുരുവരേണ്യൻ

(17.7.1925–09.07.2018)

ഡോ. കെ.എം. കുര്യാക്കോസ്

സൺഡേസ്കൂൾ പ്രസ്ഥാനത്തിനു തേജസ്സായി ദീർഘകാലം പ്രവർത്തിച്ച, ഭക്തശിരോമണിയും സഭാസ്നേഹിയും ആദർശവാനും മാതൃകാദ്ധ്യാപകനുമായിരുന്ന ദിവംഗതനായ ബഹു. സി.എ. ഏബ്രഹാം സാറിനെ അദ്ദേഹത്തിന്റെ ശിഷ്യനും ബഹുഭാഷാ പണ്ഡിതൻ, റിട്ട. പ്രിൻസിപ്പൽ, ഞാലിയാകുഴി എം.ജി. സൺഡേസ്കൂൾ അദ്ധ്യാപകനുമായ ഡോ. കെ.എം. കുര്യാക്കോസ് അനുസ്മരിക്കുന്നു.

വിദ്യാഭ്യാസമേഖലയിലും ആത്മീയരംഗത്തും മികച്ച സേവനം കാഴ്ചവച്ച വാകത്താനം സ്വദേശി സി.എ. ഏബ്രഹാം സാർ ജൂലൈ 9-ന് 94-ാമത്തെ വയസ്സിൽ അന്തരിച്ചു. അദ്ദേഹവുമായി അടുത്തിടപെട്ടിട്ടുള്ളവരും സഹപ്രവർത്തകരും ശിഷ്യഗണങ്ങളും വിയോഗവാർത്ത അതിദുഃഖത്തോടെയാണ് ശ്രവിച്ചത്.

ആത്മീയതയുടെ നിറകുടം

ആത്മീയത പലർക്കും 'പുറംപൂച്ചു' മാത്രമായി മാറിയിരിക്കുന്ന ഇക്കാലത്ത് തികച്ചും ആത്മീയ നിലവാരം പുലർത്തി ജീവിച്ച സ്മര്യപുരുഷൻ വീടിനും നാടിനും സഭയ്ക്കും അഭിമാനഭാജനമായിരുന്നു. മനുഷ്യജീവിതത്തിൽ ഇരുട്ടിന്റെയും വെളിച്ചത്തിന്റെയും അനുഭവങ്ങൾ സ്വാഭാവികമാണ്. ചന്ദ്രനെ ചിലപ്പോൾ കാർമേഘങ്ങൾ വന്നു മൂടുന്നു. എന്നാൽ പിന്നീട് കാർമേഘങ്ങളെ തന്റെ സ്വച്ഛശീതള പ്രകാശത്താൽ ചന്ദ്രൻ മൂടുന്നു. ഇതൊരു പ്രപഞ്ച സത്യമാണ്. കയ്പിന്റെ അനുഭവങ്ങൾ വരുമ്പോൾ അടിപതറാതെയും മാധുര്യത്തിന്റെ അനുഭവങ്ങൾ ഉണ്ടാകുമ്പോൾ അമിതമായി ആഹ്ലാദിക്കാതെയും ഇരിക്കുവാൻ ഒരു സ്ഥിതപ്രജ്ഞനുമാത്രമേ സാധിക്കൂ. ഈ സ്ഥിതിവിശേഷം ആർജ്ജിക്കണമെങ്കിൽ തികഞ്ഞ ദൈവാശ്രയം കൂടിയേ തീരൂ. ദൈവഭക്തനായിരുന്ന സാറിന് അതു സാധിച്ചു.



തികഞ്ഞ സഭാസ്നേഹി

മലങ്കര ഓർത്തഡോക്സ് സഭയെ ഉള്ളുതുറന്നു സ്നേഹിച്ചു. ലഭിച്ച പദവികളിലെല്ലാം സഭയുടെ എളിയ പ്രവർത്തകനായി ആത്മാർത്ഥതയോടും സത്യസന്ധതയോടും കൂടി ഈ കർത്തവ്യ പരായണൻ സേവനമനുഷ്ഠിച്ചു. സഭയുടെ കല്പനകൾ അക്ഷരംപ്രതി പാലിച്ചു ജീവിച്ചു. സഭയുടെ എല്ലാ നോമ്പുകളും മുടങ്ങാതെ അനുഷ്ഠിച്ചിരുന്നു. എഴുന്നേറ്റുനിന്ന് പ്രാർത്ഥിക്കയും കുമ്പിട്ടു നമസ്കരിക്കയും പതിവായിരുന്നു. ആരോഗ്യം അനുവദിച്ച കാലത്തോളം 40 കുമ്പിടീൽ നടത്തേണ്ട അവസരങ്ങളിൽ അപ്രകാരം ചെയ്തിരുന്നു. ഞായറാഴ്ചകളിലും മോറാനായപ്പെരുന്നാളുകളിലും മുടങ്ങാതെ പള്ളി ആരാധനയിൽ പങ്കെടുത്തിരുന്നു. നമസ്ക്കാരപുസ്തകവുമായിട്ടായിരുന്നു പള്ളിയിലേക്കു പോയിരുന്നത്. വൈദികരെ ദൈവത്തിന്റെ അഭിഷിക്തരായിക്കണ്ടിരുന്നതുകൊണ്ട് അവരെ കുറ്റംപറയുന്നത് ഇഷ്ടപ്പെട്ടിരുന്നില്ല. ആദർശസമ്പന്നരും

സമുന്നതരുമായ വൈദികരുമായി അദ്ദേഹത്തിനു കോട്ടയത്തുവച്ച് ഉണ്ടായ സമ്പർക്കമാണ് ഈ നിലപാടിന് അദ്ദേഹത്തെ വശംവദനാക്കിയത്. എം.ഡി. ഹൈസ്കൂളിൽ ബോർഡിംഗ് മാസ്റ്ററായി ഏലിയ ചാപ്പൽ വളപ്പിൽ കഴിയുന്ന കാലത്ത് കെ. ദാവീദച്ചൻ, എം.വി. ജോർജ് ശെമ്മാശൻ (ഒസ്താത്തിയോസ് തിരുമേനി), ടി.ജെ. ജോഷ്വാ ശെമ്മാശൻ (ജോഷ്വാ അച്ചൻ), ഏലിയാ ചാപ്പൽ വികാരിയായിരുന്ന വാളനടിയിൽ തോമസ് അച്ചൻ എന്നിവരുമായി ഉറ്റസമ്പർക്കം പുലർത്തിയിരുന്നു. എം.വി. ജോർജ് ശെമ്മാശൻ കൂടെക്കൂടെ വന്ന് സൗഹൃദ സംഭാഷണം നടത്തിയിരുന്നതും വാളനടിയിലച്ചന്റെ കരച്ചിലോടുകൂടിയ ഹൃദയസ്പർശിയായ ആരാധനയും അദ്ദേഹത്തിനു കുളിർമ്മ നൽകിയിരുന്നതായി അന്ത്യഘട്ടത്തിൽ അനുസ്മരിക്കുമായിരുന്നു.

മികച്ച സൺഡേസ്കൂൾ പ്രവർത്തകൻ

സൺഡേസ്കൂൾ ഏബ്രഹാം സാറിന് ജീവനാഡിയായിരുന്നു. ഏഴു കിലോമീറ്റർ നടന്ന് (പുതുപ്പള്ളി) നിലയ്ക്കൽ പള്ളിയിൽ ചെന്നാണ് അദ്ദേഹം സൺഡേസ്കൂൾ പഠിച്ചിരുന്നത്. അന്നത്തെ ഏറ്റവും ഉയർന്ന ഏഴാം ക്ലാസ്സ് പരീക്ഷയിൽ മികച്ച വിജയം കരസ്ഥമാക്കി അദ്ദേഹം അഖില മലങ്കര സമ്മാനം നേടുകയുണ്ടായി. ഈ കൈമുതലുമായിട്ടാണ് സൺഡേസ്കൂൾ പ്രവർത്തനത്തിനിറങ്ങിയത്.

മലങ്കര ഓർത്തഡോക്സ് സഭയിൽ സൺഡേസ്കൂൾ പ്രസ്ഥാനത്തിന് ബീജാവാപം ചെയ്തത് പരി. വട്ടശ്ശേരിൽ തിരുമേനിയായിരുന്നു. എൻ. ഐ. പോത്തൻ ശെമ്മാശനും പ്രാരംഭപ്രവർത്തനങ്ങൾ നടത്തുകയുണ്ടായി. എന്നാൽ ഒരു മഹാപ്രസ്ഥാനമായി അതിനെ വളർത്തിയത് ഫാ. കെ. ഡേവിഡ് ബി.എ.ബി.ഡി. എന്ന പേരിൽ വിഖ്യാതനായ കെ. ദാവീദച്ചൻ (ഡേവിഡ് കോർ എപ്പിസ്കോപ്പാ) ആയിരുന്നു. സഹപ്രവർത്തകൻകൂടിയായിരുന്ന സി.എ. ഏബ്രഹാം സാറിന്റെ സേവനം അദ്ദേഹത്തിന് കൈത്താങ്ങായിരുന്നു. സ്മര്യപുരുഷൻ സൺഡേസ്കൂൾ ഇൻസ്പെക്ടർ, വാകത്താനം യുണൈറ്റഡ് സിറിയൻ സൺഡേസ്കൂൾ അദ്ധ്യാപകൻ, ഹെഡ്മാസ്റ്റർ, ഞാലിയാകുഴി എം.ജി. സൺഡേസ്കൂൾ ഹെഡ്മാസ്റ്റർ എന്നീ നിലകളിൽ ദീർഘകാലം പ്രവർത്തിച്ചു. 1965നു മുമ്പ് കോട്ടയം ഭദ്രാസന സൺഡേസ്കൂൾ സെക്രട്ടറിയായും പിന്നീട് (1989 –1992) ഭദ്രാസന പ്രതിനിധിയായും സേവനമനുഷ്ഠിച്ചു. ആദ്യഘട്ടത്തിൽ പുതുപ്പള്ളി, വാകത്താനം, മീനടം തുടങ്ങിയ പ്രദേശങ്ങൾ ഉൾപ്പെടുന്ന വിസ്താരമേറിയ ഒരു ഭൂവിഭാഗമായിരുന്നു സൺഡേസ്കൂൾ ഇൻസ്പെക്ടറുടെ പ്രവർത്തനപരിധി. ഈ പ്രദേശങ്ങളിലെയും കൂരോപ്പട, പാമ്പാടി തുടങ്ങിയ സ്ഥലങ്ങളിലെയും സൺഡേസ്കൂൾ സന്ദർശിച്ച് പ്രബോധനങ്ങൾ നൽകുന്നതിനും മാതൃകാ ക്ലാസ്സുകൾ എടുത്തുകാണിക്കുന്നതിനും അനേക കിലോമീറ്റർ കാൽനടയായി സഞ്ചരിച്ചിരുന്ന ഏബ്രഹാം സാറിനെ കൃതജ്ഞതയോട് മാത്രമേ പ്രസ്ഥാനത്തിന് ഓർക്കാൻ സാധിക്കൂ. എന്റെ സൺഡേസ്കൂൾ അദ്ധ്യാപകൻ കൂടിയായിരുന്ന സാർ എനിക്കും അനേകായിരങ്ങൾക്കും സുഹൃത്തും വഴികാട്ടിയും തത്വോപദേശകനുമായിരുന്നു.

സൺഡേസ്കൂൾ പ്രസ്ഥാനത്തിന്റെ കരിക്കുലം തയ്യാറാക്കിയതിൽ ഇദ്ദേഹം നിർണ്ണായക പങ്കുവഹിച്ചു. ഓറിയന്റൽ ഓർത്തഡോക്സ് കരിക്കുലം തയ്യാറായപ്പോൾ പുസ്തകങ്ങൾ മലയാളത്തിലേക്കു വിവർത്തനം ചെയ്യുന്നതിലും പ്രധാന പങ്കുവഹിച്ചു. സി.വി. ജോർജ് കോർ എപ്പിസ്കോപ്പാ ഡയറക്ടർ ജനറലായിരിക്കുമ്പോൾ സൺഡേസ്കൂൾ ടെക്സ്റ്റ് ബുക്കും രചിക്കുകയുണ്ടായി. സൺഡേസ്കൂൾ വിദ്യാർത്ഥികൾക്കും ആത്മീയപ്രസ്ഥാനങ്ങളിലുള്ള മറ്റുള്ളവർക്കും ഏറെ പ്രയോജനപ്രദമായ 'പൊതുവിജ്ഞാന പഠനസഹായി' രൂപപ്പെടുത്തിയതും ഇദ്ദേഹംതന്നെ. കോട്ടയത്ത് ബോർഡിംഗ് മാസ്റ്ററായിരുന്ന കാലത്ത് ഉച്ചയ്ക്കുശേഷം വാകത്താനത്തുവന്ന് യുണൈറ്റഡ് സിറിയൻ സൺഡേസ്കൂളിൽ പഠിപ്പിച്ചിരുന്ന സാറിന്റെ സൺഡേസ്കൂൾ ആഭിമുഖ്യം പ്രശംസനീയംതന്നെ.

മാതൃകാദ്ധ്യാപകൻ

കോട്ടയം എം.ഡി. സെമിനാരി ഹൈസ്കൂളിൽ 1944–ൽ അദ്ധ്യാപകവൃത്തി സ്വീകരിച്ച ഇദ്ദേഹം 1976 വരെ അവിടെ തുടർന്നു. മാതൃകാദ്ധ്യാപകനായി അറിയപ്പെട്ടിരുന്ന ഏബ്രഹാം സാർ ഇംഗ്ലീഷ് ഗ്രാമറിന്റെയും ജോഗ്രഫിയുടെയും ഒരു അതോറിട്ടിയായി പരിഗണിക്കപ്പെട്ടിരുന്നു. സ്കൗട്ട് മാസ്റ്ററായും പ്രവർത്തിച്ചിട്ടുള്ള ഇദ്ദേഹം വിദ്യാർത്ഥികളെ മക്കളെപ്പോലെ സ്നേഹിച്ചിരുന്നു. പഠിക്കാതെവരുന്നവരെയും കുസൃതിക്കാരെയും ശിക്ഷിച്ചിരുന്നുവെങ്കിലും അവർ തങ്ങളുടെ ഗുരുവിനെ വളരെ ഇഷ്ടപ്പെട്ടിരുന്നു. ബോർഡിംഗ് മാസ്റ്ററായി സേവനമനുഷ്ഠിക്കുന്ന കാലത്ത് ഏബ്രഹാം സാറിന്റെ ശിക്ഷണത്തിൽ വളർന്നയാളാണ് പ്രശസ്ത സിനിമാ നടനായി മാറിയ തിലകൻ. ഒരു രാത്രിയിൽ ബോർഡിംഗ് മാസ്റ്ററുടെ കണ്ണുവെട്ടിച്ച് തിലകൻ സിനിമ കാണാൻ പോയതും തിരികെവന്നപ്പോൾ പിടികൂടി പ്രഹരിച്ചതും അദ്ദേഹം പുഞ്ചിരിയോടെ

അനുസ്മരിക്കുമായിരുന്നു. 1976 മുതൽ വാകത്താനം യു.പി.സ്കൂളിൽ ഹെഡ്മാസ്റ്ററായി പ്രവർത്തിച്ച ഏബ്രഹാം സാർ വിരമിച്ചശേഷം ഞാലിയാകുഴി എം.ജി.ഇ.എം. സ്കൂളിലും തലവനായി സേവനമനുഷ്ഠിക്കുകയുണ്ടായി.

ആദർശപുരുഷൻ

സൽഗുണസമ്പൂർണ്ണനായി ജീവിക്കുവാൻ അദ്ദേഹം അങ്ങേയറ്റം ശ്രമിച്ചു. എല്ലാവരോടും സ്നേഹമസൃണമായി പെരുമാറി. ആരെയും കുറ്റംപറയുക സ്വഭാവമായിരുന്നില്ല. മറ്റുള്ളവർ പറയുന്നത് ശ്രദ്ധയോടെ കേൾക്കും. താമസിച്ചു മാത്രമേ പ്രതികരിക്കൂ. "ഏതു മനുഷ്യനും കേൾപ്പാൻ വേഗതയും പറയാൻ താമസവും കോപത്തിനു താമസവുമുള്ളവനായിരിക്കട്ടെ" എന്ന പ്രബോധനം അദ്ദേഹം ഉൾക്കൊണ്ടു. മിതഭാഷിയും കഠിനാദ്ധ്വാനിയും കർഷകനും കൂടിയായിരുന്ന ഇദ്ദേഹം ലളിതജീവിതവും ഉന്നതചിന്തയും മുദ്രാവാക്യമായി സ്വീകരിച്ചിരുന്നു. "ജ്ഞാനിയും വിവേകിയുമായവൻ ജ്ഞാനലക്ഷണമായ സൗമ്യതയോടെ നല്ല നടപ്പിൽ തന്റെ പ്രവൃത്തികളെ കാണിക്കട്ടെ'' എന്നുള്ള യാക്കോബ് ശ്ലീഹായുടെ പ്രബോധനം അക്ഷരം പ്രതി പാലിച്ചു. അനുകരണീയ മാതൃകകൾ നന്നേ കുറഞ്ഞിരിക്കുന്ന ഇക്കാലത്ത് ആദർശവാനായ സി.എ. ഏബ്രഹാം സാർ ഒരു നല്ല മാതൃക വെച്ചിട്ടാണ് വിട്ടുപിരിഞ്ഞു ക്രിസ്തുവിനോടു ചേരുവാൻ പറുദീസയിലേക്കു പറന്നുയർന്നത്. ●

പ്രൊഫ. പി. സി. ഏലിയാസ്



സഭയുടെ പബ്ലിക് റിലേഷൻസ് ഓഫീസറായി നിസ്വാർത്ഥസേവനം നടത്തിയ ഏലിയാസ് സാർ ഒരു മികച്ച അദ്ധ്യാപകനായിരുന്നു. വിവിധ കോളേജുകളിൽ പ്രിൻസിപ്പലായി സേവനമനുഷ്ഠിച്ചു. സൺഡേസ്കൂൾ അദ്ധ്യാപക മീറ്റിംഗുകളിൽ ശ്രദ്ധേയമായ ക്ലാസ്സുകൾ എടുത്ത് സഹായിച്ചിട്ടുള്ള ഗുരുശ്രേഷ്ഠന് ആദരാഞ്ജലികൾ.

1972 മാർച്ചിലെ ദി സൺഡേസ്കൂളിന്റെ ആദ്യ ലക്കത്തിൽ പ്രസിദ്ധീകരിച്ച അദ്ദേഹത്തിന്റെ ഒരു ചെറുകഥ ഇവിടെ പുനഃപ്രസിദ്ധീകരിക്കുകയാണ്.

കഥ

മാനി

പി. സി. ഏലിയാസ് എം. എ.

'സാർ'

തല ഉയർത്തി നോക്കി. വെറുപ്പു തോന്നി. ഭാഗ്യക്കുറി ടിക്കറ്റ് വിൽപ്പനക്കാരൻ തന്നെ. ഇത്തവണ ഒരു ചെറിയ പയ്യനാണെന്നു മാത്രം.

'ഒരു ടിക്കറ്റ് എടുക്കണം സാർ' അവൻ അഭ്യർത്ഥന ആരംഭിക്കുകയായി.

വിരക്തിയോടെ മുഖം തിരിച്ചു. ഭാഗ്യക്കുറി! ഭാഗ്യക്കുറി! എവിടെച്ചെന്നാലും ശല്യം തന്നെ.

'ഒരു രൂപാ മുടക്കണം സാർ. ഒന്നാം സമ്മാനം ഒരു ലക്ഷം രൂപയാണ്.' അവൻ പിൻതിരിയാനുള്ള ഭാവമില്ല. അല്പം മുമ്പ് ഒരു രൂപയ്ക്ക് പത്തു ലക്ഷവുമായി ഒരാൾ വന്നതേയുള്ളു.

'എനിക്കു വേണ്ട' കോപമടക്കിക്കൊണ്ട് പറഞ്ഞു.

'ഒന്നു പരീക്ഷിച്ചു നോക്കൂ സാർ. ഒരു രൂപ മാത്രം. കിട്ടിയാൽ ഒരു ലക്ഷം.' അവൻ പരസ്യ പരിപാടി തുടരുകയാണ്.

'എനിക്കു വേണ്ടെന്നു പറഞ്ഞില്ലേ. ശല്യം ചെയ്യാതെ ഒന്നു പോകാമോ.' അടക്കിവച്ചിരുന്ന കോപം അല്പം പുറത്തു കാണിച്ചു.

അത് അവനേറ്റു. അടുത്ത യാത്രക്കാരനെ സമീപിച്ചു.

ഏറെ സമയം അങ്ങനെയിരുന്നു. പലപ്പോഴും ബസ്സിന്റെ സമയം ഓഫീസിൽ തിരക്കി.................. .... തല കൈകളിൽ താങ്ങി എത്രനേരം അങ്ങനെ ഇരുന്നു എന്നോർമ്മയില്ല.

'സാർ'

വിളി കേട്ടുണർന്നു. ഭാഗ്യക്കുറി ടിക്കറ്റുമായി വന്ന അതേ പയ്യൻ.

'ഞാനിന്ന് ഒന്നും കഴിച്ചില്ല സാർ... ഒരു ടിക്കറ്റ്...' മുഴുവനാക്കാതെ അവൻ അവസാനിപ്പിച്ചു.

ഞാവനെ സൂക്ഷിച്ചു നോക്കി. അവന്റെ ഭാവം അവൻ പറയുന്നത് സത്യമാണെന്ന് വിളിച്ചറിയിക്കുന്നു. കീറിയ ഉടുപ്പും പഴയതെങ്കിലും മുഷിയാത്ത നിക്കറും. ദൈന്യത നിറഞ്ഞ അവന്റെ മുഖം എന്റെ ഹൃദയത്തിൽ പതിഞ്ഞു. വരണ്ട

(ശേഷം പേജ് 19-ൽ)

Our Alumni

ആത്മീയ വളർച്ച സംതൃപ്ത ജീവിതത്തിന് നിദാനം

ഡോ. ബീനാ ഉമ്മൻ

ബാലൻ നടക്കേണ്ടുന്ന വഴിയിൽ അവനെ അഭ്യസിപ്പിക്ക; അവൻ വൃദ്ധനായാലും അത് വിട്ടു മാറുകയില്ല (സദൃ. 22:6).

മക്കളെക്കുറിച്ചും അവരുടെ നല്ല ഭാവിയെക്കുറിച്ചും സ്വപ്നം കാണുകയും അതിനുവേണ്ടി രാപ്പകൽ അദ്ധ്വാനിക്കുകയും ചെയ്യുന്ന ആധുനിക തലമുറയിലെ മാതാപിതാക്കൾ മുകളിൽ കൊടുത്തിരിക്കുന്ന വാക്യം ഓർക്കുന്നത് നന്നായിരിക്കും. ഒരു കുഞ്ഞ് ജനിക്കുമ്പോൾത്തന്നെ അവന്റെ ഭാവി സുരക്ഷിതമാക്കാൻ ആവശ്യമായ തുക മുഴുവൻ ബാങ്കിൽ നിക്ഷേപിക്കുകയും കുഞ്ഞ് പിച്ചവച്ച് നടക്കാൻ തുടങ്ങുമ്പോഴേക്കും ഉന്നതപഠനത്തിനുള്ള സീറ്റ് ഉറപ്പാക്കുകയും ചെയ്യുന്ന കാലഘട്ടത്തിലാണ് ഇന്ന് നാം ജീവിക്കുന്നത്. കുഞ്ഞിന്റെ ശാരീരിക വളർച്ചയ്ക്കുവേണ്ടി പരസ്യങ്ങളിൽ കാണുന്നു എല്ലാ പോഷകാഹാരങ്ങളും തീറ്റിക്കുകയും ബുദ്ധി വികസിക്കാൻ മാർക്കറ്റിൽ ലഭ്യമായ എല്ലാ തട്ടിപ്പ് സാധനങ്ങളും വാങ്ങിനൽകുകയും വിജ്ഞാന സമ്പാദനത്തിനായി തുമ്പിയെക്കൊണ്ട് കല്ലെടുപ്പിക്കും പോലെ ട്യൂഷനും കോച്ചിംഗും എല്ലാം അടിച്ചേൽപ്പിക്കുകയും ചെയ്യും. ഇതിനേക്കാളേറെ ഭയാനകമാണ് കുഞ്ഞുങ്ങളിൽ നാം കുത്തിവെയ്ക്കുന്ന മത്സരബുദ്ധി. ശിഷ്യന്മാരോടൊപ്പം പെസഹ ഭക്ഷിച്ചശേഷം നിങ്ങൾ തമ്മിൽ തമ്മിൽ സ്നേഹിക്കണം എന്ന പുതിയ കല്പനയും (യോഹ. 13:34) സ്വന്ത സഹോദരനുവേണ്ടി ജീവനെ നൽകുന്നതിനേക്കാൾ വലിയ സ്നേഹമില്ല, ഒരു നാഴികദൂരം നടക്കാൻ ആവശ്യപ്പെട്ടാൽ അവനോടുകൂടെ രണ്ടുനാഴിക നടക്കുക തുടങ്ങിയ കർത്താവിന്റെ പാഠങ്ങളൊക്കെ നാം വിസ്മരിച്ചിട്ട് സ്വന്തം കുടുംബത്തിൽ ഒരു മരണം സംഭവിച്ചാലും മക്കളെ ട്യൂഷന് പറഞ്ഞയയ്ക്കുന്ന മത്സരബുദ്ധിക്കാരായി മാറി നാം ഇന്ന്. മാതാപിതാക്കളുടെ സ്വപ്നസാക്ഷാത്കാരത്തിനായി കാട്ടിക്കൂട്ടുന്ന ഇത്തരം പ്രവർത്തനങ്ങൾ കുഞ്ഞുങ്ങളുടെ വ്യക്തിജീവിതത്തിൽ പരാജയം ആയിത്തീരാറുണ്ട്. കുട്ടികളുടെ ഭൗതിക വളർച്ചയിൽ ഇത്രയേറെ താല്പര്യം കാണിക്കുന്നവർ അവരുടെ ആത്മീയ വളർച്ചയിലും പ്രാധാന്യം നൽകേണ്ടതുണ്ട്.

നിറഞ്ഞ മനസ്സോടെയാണ് ഞാനിത് എഴുതുന്നത്. കാരണം ആത്മീയവും ഭൗതികവുമായ ജീവിതത്തിൽ ഞാൻ അനുഭവിക്കുന്ന സംതൃപ്തിയാണ് അതിന് കാരണം. എന്റെ ഭൗതിക വളർച്ചയ്ക്ക് കാരണമായത് ആത്മീയജീവിതത്തിലൂടെ ലഭിച്ച അനുഗ്രഹമാണെന്ന് ഞാൻ പൂർണ്ണമായി വിശ്വസിക്കുന്നു.

പരിശുദ്ധ പരുമല തിരുമേനിയുടെ നാമധേയത്തിൽ സ്ഥാപിതമായ മലങ്കരസഭയിലെ ആദ്യ ദേവാലയമായ മാവേലിക്കര പുന്നമൂട് എം.ജി.എം. ഓർത്തഡോക്സ് പള്ളിയാണ് എന്റെ മാതൃദേവാലയം. ഇന്ന് സെന്റ് ഗ്രീഗോറിയോസ് ചർച്ച് എന്നറിയപ്പെടുന്ന ആ ദേവാലയവും അവിടുത്തെ സൺഡേസ്കൂളുമാണ് എന്റെ ജീവിതത്തെ കരുപിടിപ്പിച്ച ആദ്യഘടകം. മണ്ണങ്കരയിൽ ഫിലിപ്പ് സാറായിരുന്നു എന്റെ സൺഡേസ്കൂൾ പഠനത്തിന്റെ ആദ്യകാലങ്ങളിൽ ഹെഡ്മാസ്റ്റർ. പിന്നീട് എന്റെ പിതാവ് വി.എം. ഉമ്മൻ ഹെഡ്മാസ്റ്ററായി ചുമതലയേറ്റു. അന്നത്തെ ഒ.വി.ബി.എസ്സും സഹപാഠ്യമത്സരങ്ങളും ഇന്നും മന

ഡോ. ബീനാ ഉമ്മൻ മത്സരപരീക്ഷ 9, 10 ക്ലാസ്സുകളിൽ ഒന്നാം റാങ്കും (1981, 1982) സഹപാഠ്യമത്സരങ്ങളിൽ നിരവധി സമ്മാനങ്ങൾ കരസ്ഥമാക്കിയിട്ടുണ്ട്.
ഇപ്പോൾ കോഴിക്കോട് സെന്റ് ജോർജ് കത്തീഡ്രൽ ഇടവകാംഗം. കോഴിക്കോട് ഗവ. മെഡിക്കൽ കോളജ് ഇഎൻടി വിഭാഗം അഡീഷണൽ പ്രൊഫസർ.
ഭർത്താവ് - ഡോ. അലക്സ് ഉമ്മൻ (കോഴിക്കോട് ഗവ. മെഡിക്കൽ കോളജ് സർജറി വിഭാഗം അഡീഷണൽ പ്രൊഫസർ).
മക്കൾ - അലീന, എബിൻ.

സ്സിലെ ആവേശമാണ്. ഡിസ്ട്രിക്റ്റ്, ഭദ്രാസന, സോണൽ തല മത്സരങ്ങൾക്കായി മറ്റുദേവാലയങ്ങളിൽ പോയപ്പോൾ ലഭിച്ച സൗഹൃദങ്ങൾ ഇന്നും നിറം മങ്ങാതെ സൂക്ഷിക്കുന്നുണ്ട്. അവരെല്ലാം ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ആയിരിക്കുന്നതിനാൽ പല അത്യാവശ്യ ഘട്ടങ്ങളിൽ ഉപകാരികൾ ആവാറുമുണ്ട്. അന്ന് ഞങ്ങളുടെ വികാരി ആയിരുന്ന ബഹു. ഏബ്രഹാം മാത്യു അച്ചൻ ആയിരുന്നു മത്സരങ്ങളിൽ പങ്കെടുക്കുവാൻ ഏറ്റവും കൂടുതൽ പ്രചോദനവും പ്രോത്സാഹനവും നൽകിയത് എന്ന് വളരെ അഭിമാനത്തോടെയും സന്തോഷത്തോടെയും ഞാൻ ഓർക്കുന്നു. ഇന്നും അച്ചനോടുള്ള സ്നേഹവും ബഹുമാനവും കാത്തുസൂക്ഷിക്കുകയും സമയം ലഭിക്കുമ്പോഴൊക്കെ അച്ചനെ സന്ദർശിക്കാറുമുണ്ട്. സുവിശേഷ പ്രവർത്തകനായ ചാക്കോ മാസ്റ്ററിൽ നിന്നും പഠിച്ച ആരാധനാ ഗീതങ്ങളുടെ പുതിയ ട്യൂണുകൾ (മത്സരങ്ങളിൽ വിജയിക്കാൻ പലപ്പോഴും സഹായിച്ചിട്ടുണ്ട്) അതൊക്കെ ഇന്നും നിറം മങ്ങാതെ പാടാനും തലമുറയ്ക്ക് പകർന്നു നൽകാനും സാധിക്കുന്നുണ്ട്.

എന്റെ ദേവാലയംപോലെ തന്നെ എന്റെ ആത്മീയ ജീവിതത്തിൽ പ്രാധാന്യമുള്ളതാണ് എന്റെ വിദ്യാലയമായ മാവേലിക്കര ബി.എച്ച്. ഹൈസ്കൂളും അവിടുത്തെ സഹപാഠികളായ റീനാ മാത്യു, മേരിക്കുട്ടി ശമുവേൽ, ആനിമോൾ, മേരി കോശി എന്നിവർ (എല്ലാവരും മാവേലിക്കരയിലെ വിവിധ ഓർത്തഡോക്സ് ദേവാലയങ്ങളിൽനിന്നുള്ളവരായിരുന്നു) സ്കൂളിൽ എല്ലാ ദിവസവും ക്ലാസ് തുടങ്ങുന്നതിനുമുമ്പ് വേദപഠന ക്ലാസ് ഉണ്ടായിരുന്നു. കൂടാതെ എല്ലാ വെള്ളിയാഴ്ചയും ഉച്ചയ്ക്ക് സി.എസ്.ഐ. പള്ളിയിൽ കൂട്ടായ്മയും ഉണ്ടായിരുന്നു. മറ്റുദിവസങ്ങളിൽ ഉച്ചഭക്ഷണത്തിന് ശേഷമുള്ള സമയം ഞങ്ങൾ മറ്റു കുട്ടികളെയും കൂട്ടി ക്ലാസ്സിൽ പ്രാർത്ഥന നടത്തുകയും, ആരാധനാ ഗീതങ്ങളുടെ പുതിയ ട്യൂണുകൾ പഠിക്കുകയും ചെയ്തിരുന്നു. അങ്ങനെ സ്കൂളിലും ഒരു ആത്മീയ അന്തരീക്ഷം സൃഷ്ടിക്കാൻ ഞങ്ങൾക്ക് സാധിച്ചിരുന്നു.

1982-ലെ എസ്.എസ്.എഫ്.സി. പരീക്ഷ ഒന്നാംറാങ്കോടെ പാസ്സായതും വേദവാക്യത്തിലും പൊതുവിജ്ഞാനത്തിലും സോണൽ തലത്തിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കിയതും ആവേശത്തോടെ ഓർക്കുന്നു. 1981-ലെ എസ്.എസ്.എഫ്.സി. പരീക്ഷയിൽ ഒന്നാംറാങ്ക് നേടിയ എന്റെ സുഹൃത്ത് പ്രിൻസ് വർഗീസ് പരി. ബാവാതിരുമേനിയിൽനിന്നും സമ്മാനം വാങ്ങുന്ന ഫോട്ടോ സൺഡേസ്കൂൾ റിപ്പോർട്ട് ബുക്കിന്റെ കവർ ചിത്രമായി കണ്ടത്. അടുത്തവർഷം ആ സ്ഥാനത്ത് നിൽക്കാൻ കഴിഞ്ഞിരുന്നുവെങ്കിൽ എന്ന ഒരു മോഹം എന്നിൽ സൃഷ്ടിച്ചിരുന്നു. എന്നാൽ ദേവലോകം അരമനയിൽ വച്ചുനടത്തപ്പെട്ട സമ്മാനദാന ചടങ്ങിൽ സംബന്ധിക്കുവാൻ പപ്പായോടൊപ്പം ഞാനെത്തുമ്പോഴേയ്ക്കും ചടങ്ങുകൾ എല്ലാം അവസാനിച്ച് എല്ലാവരും പിരിഞ്ഞുപോയിരുന്നു. അന്ന് ദേവലോകം അരമനയുടെ മുറ്റത്തെ മാവിൻ ചുവട്ടിലിരുന്ന് പൊട്ടിക്കരഞ്ഞ എന്നെ പരി. മാത്യൂസ് പ്രഥമൻ ബാവാ തിരുമേനി മുറിയിലേക്ക് ക്ഷണിക്കുകയും സമ്മാനങ്ങൾ നൽകി എന്റെ തലയിൽ കൈവച്ച് അനുഗ്രഹിക്കുകയും ചെയ്തു. എന്നിട്ട് എന്റെ പിതാവിനോട് പറഞ്ഞു ഇവളെ നന്നായി പഠിപ്പിച്ച് വലിയ ഒരു ഡോക്ടർ ആക്കണം എന്ന്. ജീവിതത്തിൽ ഒരിക്കലും ഒരു ഡോക്ടർ ആവണമെന്ന് ഞാൻ ആഗ്രഹിച്ചിരുന്നില്ല. ഇതാണ് ഞാൻ ആദ്യമേ സൂചിപ്പിച്ചത് എന്റെ ഭൗതിക വളർച്ചയ്ക്ക് കാരണമായത് ആത്മീയ ജീവിതത്തിലൂടെ എനിക്ക് ലഭിച്ച അനുഗ്രഹമാണെന്ന്. തിരുമേനിയിൽനിന്നും സമ്മാനം വാങ്ങുന്ന ഫോട്ടോ അന്നെടുക്കാൻ കഴിഞ്ഞില്ല എങ്കിലും വർഷങ്ങൾക്കുശേഷം 2014ൽ സൺഡേസ്കൂൾ പ്രതിഭാസംഗമത്തിൽ പങ്കെടുക്കാനും അഭിവന്ദ്യ ഐറേനിയോസ് തിരുമേനിയിൽനിന്നും സമ്മാനം വാങ്ങുന്ന ഫോട്ടോ എടുക്കാൻ കഴിഞ്ഞതും ഒരുപോലെ ദൈവം എന്റെ ആഗ്രഹം സഫലീകരിച്ചതാവാം എന്ന് ഞാൻ വിശ്വസിക്കുന്നു. പരി. ബാവാ തിരുമേനിയുടെ അന്നത്തെ ദീർഘദർശനത്തിനും അനുഗ്രഹത്തിനും മുന്നിൽ ഞാൻ തല കുനിക്കുന്നു. അന്ന് തിരുമേനി എന്റെ പിതാവിനോട് പറഞ്ഞ മറ്റൊരു കാര്യംകൂടിയുണ്ട്. ഇവൾ ഡോക്ടറായി വന്നാൽ നമ്മളൊക്കെ വയ്യാതെ ആവുമ്പോൾ നമ്മെ ശുശ്രൂഷിക്കുമല്ലോ എന്ന്. ആ അനുഗ്രഹവും എനിക്ക് നിറവേറ്റാനായി. എന്റെ മാതാപിതാക്കളെ അവരുടെ ജീവിതത്തിന്റെ അവസാന നാളുകളിൽ ആവശ്യമായ എല്ലാ ശുശ്രൂഷകളും നൽകുവാൻ എനിക്ക് സാധിച്ചു. പരി. മാത്യൂസ് പ്രഥമൻ ബാവായെ ശുശ്രൂഷിക്കാൻ സാധിച്ചില്ല എങ്കിലും മലബാറിന്റെ മെത്രാപ്പോലീത്താ അഭിവന്ദ്യ സഖറിയ മാർ തെയോഫിലോസ് തിരുമേനിയെ ആവശ്യമായ സമയങ്ങളിലെല്ലാം ശുശ്രൂഷിക്കാൻ എനിക്കും എന്റെ ഭർത്താവ് ഡോ. അലക്സിനും സാധിച്ചത് ഞങ്ങളുടെ ജീവിതത്തിലെ ഏറ്റവും വലിയ അനുഗ്രഹമായി ഞങ്ങൾ കരുതുന്നു. തെയോഫിലോസ് തിരുമേനിയുടെ ഇഹലോക

വാസത്തിന്റെ അവസാന നാളുകളിൽ കൂടെ നിന്നുകൊണ്ട് ഒരു ഡോക്ടറുടെ സേവനം മാത്ര മല്ല ഒരു ആത്മീയ മകളുടെ കർത്തവ്യവും നിർവ്വ ഹിക്കുവാൻ എനിക്ക് സാധിച്ചു. തിരുമേനി കാലം ചെയ്യുന്ന ദിവസം രാവിലെ മുതൽ സങ്കീർത്തന ങ്ങൾ വായിച്ചും പ്രാർത്ഥനകൾ ചൊല്ലിയും ആ പിതാവിന്റെ കട്ടിലിനരികിൽ ഞാനുണ്ടായിരുന്നു. 23-ാം സങ്കീർത്തനം ചൊല്ലിക്കൊണ്ട് ആ നാവി ലേക്ക് അവസാന തുള്ളി വെള്ളവും ഇറ്റിച്ചുകൊ ടുക്കാനുള്ള ഭാഗ്യം എനിക്ക് ദൈവം നൽകി. എന്റെ പപ്പായുടെയും എന്റെ ആത്മീയ പിതാ വായ തെയോഫിലോസ് തിരുമേനിയുടെയും അന്ത്യനിമിഷങ്ങൾ മനസ്സിലാക്കി അവരെ പ്രാർത്ഥനയുടെ അന്തരീക്ഷത്തിൽ യാത്രയാ ക്കാൻ സാധിച്ചത് ഞാൻ ഒരു ഡോക്ടർ ആയ തുകൊണ്ടായിരുന്നു. ഞാൻ ഡോക്ടർ ആവാൻ കാരണമായത് പരി. ബാവാ തിരുമേനിയുടെ അനുഗ്രഹവും. തന്റെ മുമ്പിൽ വന്ന ഒരു സൺഡേസ്കൂൾ വിദ്യാർത്ഥിനിയുടെ ഭാവിജീവി തവും അവളിലൂടെ ദൈവം എന്താണ് പ്രവർത്തി ക്കാൻ ആഗ്രഹിക്കുന്നത് എന്ന് തിരിച്ചറിഞ്ഞ് അവളെ അനുഗ്രഹിക്കുകയും ചെയ്ത പരി. മാത്യൂസ് പ്രഥമൻ ബാവായെപ്പോലുള്ള പിതാ ക്കന്മാർ ഇനിയും നമ്മുടെ സഭയ്ക്ക് ആവശ്യമാ ണ്. നമ്മുടെ തലമുറയെ സഭയോട് ചേർത്ത് നിർത്തുവാൻ ബാല്യത്തിലെ എന്റെ ഭദ്രാസനാ ധിപനായിരുന്ന മാത്യൂസ് മാർ കൂറിലോസ് തിരു മേനിയും (പിന്നീട് മാത്യൂസ് ദ്വിതീയൻ ബാവാ) ഗീവറുഗീസ് മാർ ഒസ്താത്തിയോസ് തിരുമേ നിയും എന്റെ ജീവിതത്തെ സ്വാധീനിച്ച രണ്ടു പിതാക്കന്മാരാണ്.

ആരാധന, പഠനം, സേവനം എന്നതാണല്ലോ നമ്മുടെ ആത്മീയ സംഘടനകളുടെയെല്ലാം ലക്ഷ്യം. ഡോക്ടർ എന്ന നിലയിൽ എന്റെ അടു ക്കൽ വരുന്ന രോഗികളെ ശുശ്രൂഷിക്കുക എന്ന തിൽനിന്ന് വ്യത്യസ്തമായി അവരിലേക്ക് ഇറങ്ങി ച്ചെന്ന് ആവശ്യമായ ശുശ്രൂഷ നൽകണം എന്ന് പഠിപ്പിച്ചത് അഭിവന്ദ്യ തെയോഫിലോസ് തിരു മേനി ആയിരുന്നു. സ്കൂൾ വിദ്യാർത്ഥി ആയി രിക്കെ മലങ്കര സഭാ മാസികയിൽ എം.സി. ചെറി യാൻ ശെമ്മാശൻ കൈകാര്യം ചെയ്തിരുന്ന ബൈബിൾ ക്വിസിന് ഉത്തരം തെരഞ്ഞായിരുന്നു ഞാൻ ബൈബിൾ ക്രമമായി വായിക്കുവാനും പഠിക്കുവാനും തുടങ്ങിയത്. ആ ആത്മീയബന്ധം മലബാറിന്റെ മെത്രാപ്പോലീത്തായായി ചാർജ്ജെ ടുത്തപ്പോൾ ഊട്ടിയുറപ്പിക്കുവാനും കുറെ ഉത്ത രവാദിത്വങ്ങൾ എന്നെ ഏല്പിക്കുന്നതിനും ഇട യാക്കി. കോഴിക്കോട് ചേവായൂരിൽ പ്രവർത്തി ക്കുന്ന പരുമല മാർ ഗ്രീഗോറിയോസ് ഗൈഡൻസ് സെന്ററിൽവച്ച് നിർദ്ധനരായ രോഗി കൾക്ക് സൗജന്യമരുന്ന് വിതരണം ചെയ്യാനും മെഡിക്കൽ കോളേജിൽ ചികിത്സാർത്ഥം എത്തുന്ന രോഗികൾക്ക് ആവശ്യമായ സഹായ ങ്ങൾ ചെയ്തുകൊടുക്കാനും തിരുമേനി എന്നെ ഏർപ്പാടാക്കി. പിന്നീട് കോഴിക്കോട് കത്തീഡ്ര ലിലുള്ള മറ്റ് ഡോക്ടർമാരുടെ സഹകരണ ത്തോടെ സെന്റ് ജോർജ് ക്ലിനിക്ക് ആരംഭിക്കു വാനും പുതുപ്പാടിയിൽ ഒരു ഡയാലിസിസ് സെന്റർ തുടങ്ങുവാനുമുള്ള പ്രചോദനം തിരുമേ നിയുടെ ദീർഘവീക്ഷണവും പ്രാർത്ഥനയുമാണ്. ഈ പ്രവർത്തനങ്ങളിൽ എല്ലാം എന്നെ പങ്കാളി യാവാൻ പ്രേരിപ്പിച്ചത് തിരുമേനിയുടെ അനുഗ്ര ഹവും അതോടൊപ്പം സൺഡേസ്കൂൾ ക്ലാസ്സിൽ പഠിച്ച നല്ല ശമര്യാക്കാരന്റെ കഥയും. "ഈ ചെറി യവരിൽ ഒരുവന് നിങ്ങൾ ചെയ്യുന്നതെല്ലാം എനി ക്കാണ് ചെയ്യുന്നത്" എന്ന് നമ്മുടെ കർത്താ വിന്റെ വാക്കുകളുമാണ്.

●

(16-ാം പേജിൽനിന്നു തുടർച്ച)

ചുണ്ടും, കരിവാളിച്ച കവിളും അവശത വിളിച്ചറി യിക്കുന്നവയാണ്. 'എന്താ നിന്റെ പേര്' ഞാൻ സൗമ്യഭാവത്തിൽ ചോദിച്ചു.

'ബാബു'

'ഒരു ടിക്കറ്റ് വിറ്റാൽ നിനക്കെന്തു കിട്ടും?' സ്നേഹപൂർവ്വം ഞാൻ തിരക്കി.

'എനിക്കു പത്തു പൈസ കിട്ടും.'

'ശരി, എന്നാൽ നിനക്ക് ഞാൻ പത്തു പൈസ തന്നേക്കാം. എനിക്കു ടിക്കറ്റ് വേണ്ട.' ഞാൻ പത്തു പൈസ എടുത്തു നീട്ടി.

അവൻ തല കുമ്പിട്ടു നിൽക്കുകയാണ്.

'സാരമില്ല, നീ ഈ ടിക്കറ്റ് മറ്റാർക്കെങ്കിലും വിറ്റു കൊള്ളൂ. ഇതാ പത്തു പൈസ.' അവൻ ആർത്തി യോടെ കൈ നീട്ടി വാങ്ങുന്നതും കാത്ത് ഞാനൊരു നിമിഷം നിന്നു. അവൻ തലയുയർത്തി.

'ദാനമായി എനിക്കു പണം വേണ്ട സാറേ.' പട്ടി ണിയാണെങ്കിലും ഞാൻ തെണ്ടിത്തുടങ്ങിയിട്ടില്ല.' അവന്റെ ശബ്ദം ദൃഢമായിരുന്നു. ശബ്ദിക്കാൻ കഴി യാതെ ഞാനല്പം ഇരുന്നുപോയി. ഞാൻ പരാജ യപ്പെട്ടിരിക്കുന്നു. കോരിത്തരിച്ചു. ഞാൻ പേഴ്സിൽനിന്ന് ഒരു രൂപയെടുത്തു. ഒരു ടിക്കറ്റ് വാങ്ങിക്കളയാം. പക്ഷേ അവൻ നടന്നു നീങ്ങിക്ക ഴിഞ്ഞു. ഞാനവനെ നോക്കിയിരുന്നുപോയി. അങ്ങ കലെ എത്തിയപ്പോൾ അവൻ എന്റെ കൺമുമ്പിൽ വളർന്നു വലുതായതുപോലെ എനിക്കു തോന്നി.



By late lamented H. G. Dr. Paulos Mar Gregorios

"A Divine Jolt Wakes me Up"

(An Article from his Spiritual Autobiography)

One day one of my fifth grade boys came to me and complained that he was not feeling well. I felt his forehead with my fingers to see if he was running a temperature. He was A blister had already formed on his forehead. I asked him what that was. He did not know. I advised him to go home and rest, and then go to the hospital and see the doctor. He was in bed with Chicken Pox and did not come to class for several days.

On the fifteenth day after I had felt his forehead, I was my self down with Chicken Pox. This is normally a child disease, and once you get a mild attack in childhood, you are supposed to be immune for life. I never had it in childhood and was therefore not immune.

The attack, in my 25th year, was far from mild. The blisters were cherry-sized, and I had them all over my body. They were excruciatingly painful; new ones kept coming up every day, on my head, on my back, on my face, on my chest, on my seat. I could not sit or lie down because of the blisters. I was shut up in my room, and my fellow residents of the house, Mr. Daniel and Mr. Rathinaswami, asked me to lock my door and not go out of my room, for fear of giving it to others in the house. No one came to see me, and some food was occasionally slipped in under the door, like to a convict or to a prisoner.

The pain was sharp and intense; the loneliness was unbearable. Students wanted to visit me; they were forbidden to do so, understandably. If I was thirsty there was no way of asking for a hot drink. I could not wash myself, or even clean my mouth and teeth. Unable to sit or lie down, I placed my room up and down. I felt this was not quite fair on the part of God to put me through all this pain. like Job, I wanted to ask God for an explanation.

That is what I finally did. At the height of my pain, about the fourth day, **I went and sat fiercely on my chair at my desk. The seat hurt, but I grit my teeth. Across the desk, on the wall, there was a color portrait of Christ (Salman's Head of Christ, a not too artistic American product) facing me. I started the dialogue or debate or whatever it was. I accused God of being cruel and unfair, devoid of compassion and letting people suffer more than they deserved. I was talking quite aloud in the anguish of my pain and the loneliness of my room, and threw a stream of abuse at the portrait of Christ. as the torrent of words rose in crescendo, I was carried away by the rhetoric of my own petulance.**

Finally, and not without hesitation, I blurted out what I knew were insolent words: "Was your suffering on the Cross anything comparable to what I am going through now?" That put a stopper to the flow of my own sulky abuse. I felt I had said more than what I had a right to say. There was a calm. The experience that followed is so poignant that I have no words in which to describe it with some sense of adequacy.

A voice came, distinct and clear. I cannot be sure that any of our modern equipment could have registered the sound waves that reached my ears and the meaning that hit my heart. I heard those words. I do not know where they came from. I was speaking to God in English, and the reply was also in English. The tone was by no means rebuking or reproving; on the contrary, it was most compassionate and tenderly loving:

"yes, my son, it was"

That was all it said. But it brought about a total transformation in my condition. My pain was gone, though the blisters were still there. I was wafted up to a higher plane of happiness where pain cannot penetrate. I felt an incredible lightness of body, as if I was being effortlessly lifted up on wings of joy.

I bowed my head in humble adoration. I surrendered myself without reservation, into the loving hands of God in Christ. And I said, with deep contrition: "To thee, I bow my head, Lord, to Thee I surrender myself. I am Thine. Pardon me my folly, Pardon me my insolence. Take me, do with me as it pleases Thee. Break me if need be, but give me grace and wisdom and strength to walk in Thy ways. I love Thee and I bless Thee, with all my heart".

The blisters were there, as before. No miraculous healing had taken place. The pain started slowly coming back, but I was a stronger person now and could easily and joyfully take it. The Chicken Pox took its normal time to heal, but I came out of that sickness radically transformed. I could not share my experience with too many people, but I renewed my commitment many a time those days. I may share with you some of the jottings in my diary from that time: ●

ആദരാഞ്ജലികൾ



ജേക്കബ് സഖറിയ

വാകത്താനം സെന്റ് ജോൺസ് വലിയപള്ളി സൺഡേസ്കൂൾ ഹെഡ്മാസ്റ്ററായിരുന്ന ജേക്കബ് സഖറിയ രോഗബാധിതനായതിനെത്തുടർന്ന് ഒരു വർഷം മുമ്പ് സ്ഥാനമൊഴിഞ്ഞു. എം.ജി.ഒ.സി.എസ്.എം.ന്റെ കേന്ദ്ര കമ്മറ്റിയിൽ അംഗമായിരുന്ന അദ്ദേഹം വിശ്വസ്തനായ ഒരദ്ധ്യാപകനും മികച്ച ഒരു സംഘാടകനുമായിരുന്നു.



ചാക്കോ മത്തായി

നിലമ്പൂർ ഡിസ്ട്രിക്റ്റിലെ
പനമണ്ണ് സെന്റ് മേരീസ് സൺഡേസ്കൂൾ
മുൻ ഹെഡ്മാസ്റ്റർ
ശ്രീ. ചാക്കോ മത്തായിയുടെ
നിര്യാണത്തിൽ ഒ.എസ്.എസ്.എ.ഇ.യുടെ
അനുശോചനം

Present Autocephalous Catholicoi in the World

1. Karekin II Nersessian - *Supreme Patriarch & Catholicos of all Armenians* - Etchmiadzin, Armenia - **Armenian Apostolic Church.**
2. Aram I Keshishian - *Catholicos of the Eminent House of Cilicia* - Antelias, Lebanon - **Armenian Apostolic Church.**
3. Ilya II - *Catholicos - Patriarch of all Georgia* - Tbilisi, Georgia - **Georgian Orthodox Church.**
4. Mar Gewargis III Sliwa - *Catholicos - Patriarch of the Holy Apostolic Catholic Assyrian Church of the East* - Erbil, Iraq - **Assyrian Church of the East.**
5. Mar Addai II Shimun Geevarghese - *Catholicos - Patriarch of the Ancient Apostolic & Catholic Assyrian Church of the East* - Baghdad, Iraq - **Assyrian Church of the East.**
6. Mar Baselius Marthoma Paulos II - *Catholicos of the East & Malankara Metropolitan* - Kottayam, India - **Malankara Orthodox Syrian Church.**

VJT

സൺഡേസ്കൂൾ: ക്രൈസ്തവ ജീവിതശൈലിയുടെ അടിസ്ഥാനപാഠശാല

ജേക്കബ് കോച്ചേരി, വാകത്താനം

വീടുകൾ മോടിപിടിപ്പിക്കുമ്പോൾ, അവ കോൺക്രീറ്റ് സൗധങ്ങളാണെങ്കിലും അതിഥികൾ ശ്രദ്ധിക്കാൻ സാധ്യതയുള്ള സ്ഥാനങ്ങളിൽ പഴയ ഉപകരണങ്ങൾ നന്നായി മിനുക്കി വയ്ക്കുന്ന പതിവ് ഇന്ന് വ്യാപകമാണ്. തടിപ്പെട്ടികൾ, കൽഭരണികൾ തുടങ്ങിയ വീട്ടുപകരണങ്ങൾ, ജലചക്രം പോലെയുള്ള കാർഷിക ഉപകരണങ്ങൾ, തൂക്കുവിളക്കുകൾ ഉൾപ്പെടുന്ന ഓട്ടുപകരണങ്ങൾ എന്നിങ്ങനെ നീളുന്നു അവയുടെ പട്ടിക. ചിലരെങ്കിലും പഴയ സാധനങ്ങൾ വിൽക്കുന്ന കടകളിൽനിന്ന് ഇവ വിലകൊടുത്തു വാങ്ങി പ്രദർശനം നടത്തുന്നതും ഇക്കാലത്തെ നേർകാഴ്ചയാണ്. കുടുംബത്തിന്റെ പൗരാണികത പറയാതെ പറയാൻ വേണ്ടിയാണ് ഈ പരിശ്രമങ്ങളൊക്കെയെന്ന് ചുരുക്കിപ്പറയാം.

എന്നാൽ ഈ ഉപകരണങ്ങളിൽ ഒന്നുപോലും യഥാസ്ഥാനത്ത് ഉപയോഗിക്കപ്പെടുന്നില്ലെന്നതാണ് സത്യം. പകരം എല്ലാം അലങ്കാര വസ്തുക്കൾ മാത്രം. തൂക്കുവിളക്കുകൾ വീടിന്റെ ഉമ്മറത്ത് തൂക്കുമെങ്കിലും രാവിലെയും സന്ധ്യയ്ക്കും ദീപം തെളിച്ചു പ്രാർത്ഥിക്കാൻ പലരും സമയം കണ്ടെത്താറില്ല. ചുരുക്കത്തിൽ അലങ്കാര ഭ്രമത്തിനിടയിൽ യഥാർത്ഥ ഉപയോഗം, പ്രസക്തി എല്ലാം വിസ്മരിക്കപ്പെട്ടു പോകുന്നു.

'മലങ്കര നസ്രാണികൾ' എന്ന് അഭിമാനിക്കുന്ന നമ്മുടെ ജീവിതശൈലിയിലും ഇത്തരമൊരു മാറ്റം കടന്നുകൂടിക്കഴിഞ്ഞു. പിതാക്കന്മാർ കൈമാറിത്തന്ന നമ്മുടെ 'സത്ത'യെന്നു വിശേഷിപ്പിക്കാവുന്ന ജീവിതരീതി അലങ്കാരങ്ങളും ചടങ്ങുകളുമായി മാറ്റപ്പെടുകയാണ്. പൊതുസമൂഹത്തിൽ ക്രൈസ്തവരുടെ സ്ഥാനം ഉയർത്തിപ്പിടിച്ച് ഉറച്ച ദൈവവിശ്വാസവും സമർപ്പണമുള്ള ജീവിതവും പ്രത്യാശയുള്ള മനസ്സും ചേർന്ന ക്രിസ്തീയ ജീവിതശൈലി എന്നും നമ്മുടെ മുഖമുദ്രയായിരുന്നു, സ്വകാര്യ അഹങ്കാരമായിരുന്നു. ചെന്നെത്തുന്ന സ്ഥലങ്ങളിൽ, മേഖലകളിൽ ദൈവാശ്രയത്തോടെ കഠിനാദ്ധ്വാനം ചെയ്തു ജീവിക്കുകയും മക്കൾക്ക് നല്ല വിദ്യാഭ്യാസം നൽകുന്നതിനോടൊപ്പം ആത്മീയവെളിച്ചം കൂടി പകരുവാൻ ആഗ്രഹിച്ചവരുടെ പിൻമുറക്കാരാണ് നമ്മൾ. സന്ധ്യയിലും പ്രഭാതത്തിലും കുടുംബമായി പ്രാർത്ഥിക്കുകയും ഞായറാഴ്ചകളിൽ കുടുംബമായി ദേവാലയത്തിൽ പോയി വി. കുർബ്ബാനയുടെ ഭാഗമാകുകയും പരസ്പരസഹായവും സമൂഹബന്ധങ്ങളും നിലനിർത്തി ജീവിക്കുകയും ചെയ്ത ജീവിതശൈലി ഇതര കേരളീയ സമൂഹങ്ങൾ ആദരവോടെ നോക്കിക്കാണുകയും അനുകരിക്കാൻ ശ്രമിക്കുകയും ചെയ്തിരുന്നു.

ഇന്നാകട്ടെ, കടന്നുവരുന്ന എല്ലാ ട്രെന്റുകളെയും വേഗം സ്വീകരിക്കുന്നവരായിത്തീർന്നിരിക്കുന്നു മലങ്കര നസ്രാണികൾ. സ്വീകരിക്കുകമാത്രമല്ല അവയ്ക്ക് നമ്മുടെ പാരമ്പര്യങ്ങളെപ്പോലും മാറ്റിമറിക്കത്തക്ക നിലയിൽ സ്ഥാനവും നൽകുന്നു. വേഷത്തിലും സമീപനത്തിലും വന്ന മാറ്റങ്ങൾ നമ്മുടെ ദേവാലയങ്ങളിലെ ആരാധനയിൽപ്പോലും ഇന്ന് കാണുവാൻ കഴിയും. നമ്മുടെ പൂർവ്വികർ കൈമാറിത്തന്ന ജീവിതശൈലി നമുക്ക് കൈമോശം വന്നു തുടങ്ങിയിരിക്കുന്നു. കുറേക്കൂടി കാലം മുന്നോട്ടുപോകുമ്പോൾ സ്വത്വബോധം നഷ്ടപ്പെടുന്ന ക്രൈസ്തവ സഭാവിഭാഗമായിപ്പോലും നാം മാറ്റപ്പെടാറുള്ള സാധ്യത തള്ളിക്കളയുവാൻ കഴിയില്ല. ഇവിടെയാണ് സൺഡേസ്കൂളുകളുടെ പ്രാധാന്യം ചർച്ചചെയ്യപ്പെടേണ്ടത്.

സൺഡേസ്കൂളുകളുടെ സ്ഥാനം: അപരിമേയം

സഞ്ചാരസാഹിത്യകാരനായ ശ്രീ. എസ്. കെ. പൊറ്റക്കാടിന്റെ യാത്രാനുഭവങ്ങളിൽ ആഫ്രിക്കൻ ഗോത്രവർഗ്ഗക്കാരുടെ ജീവിതരീതി വിവരിക്കുന്നുണ്ട്. വനമേഖലയിൽ പുല്ലുമേഞ്ഞ കുടിലുകളിൽ കൂട്ടമായി ജീവിക്കുന്ന അവർ ഏറ്റവും ഭയപ്പെട്ടത് കാട്ടുതീയെ ആയിരുന്നു. ആളിപ്പടരുന്ന കാട്ടുതീയെ തടയാൻ കഴിയില്ലെന്ന തിരിച്ചറിവ് അവർക്കുണ്ടായിരുന്നു. പക്ഷെ കാട്ടുതീയെ അതിജീവിക്കാൻ അവർ കണ്ടെത്തിയ മാർഗ്ഗം ശ്രദ്ധേയമായിരുന്നു.

---

*തിരുവല്ലാ എം.ജി.എം.
ഹയർ സെക്കണ്ടറി സ്കൂൾ പ്രിൻസിപ്പൽ
സ്ഥാനത്തുനിന്നും വിരമിച്ചു. സഭാ മാനേജിംഗ്
കമ്മറ്റി അംഗവും വാകത്താനം എം.ഡി.
സൺഡേസ്കൂൾ അദ്ധ്യാപകനുമായ
ജേക്കബ് കോച്ചേരി, രണ്ടാം കാതോലിക്കാ
ബാവാ വള്ളിക്കാട്ട് ബാവയുടെ 'ജീവിതരേഖ'
പുസ്തകമായി പ്രസിദ്ധീകരിച്ചു.*

എല്ലാ ദിവസങ്ങളിലും തങ്ങളുടെ വീടിന്റെ നൂറു മീറ്റർ ചുറ്റളവിൽ വീഴുന്ന കരിയിലകളെ കരിച്ചുകളഞ്ഞുകൊണ്ടിരുന്നു. അതുകൊണ്ടുതന്നെ എത്ര വലിയ കാട്ടുതീയുണ്ടായാലും മുന്നോട്ടു കത്തിക്കയറാനുള്ള കരിയിലകൾ ഇല്ലാത്തതിനാൽ അവരുടെ വീടിന്റെ നൂറുമീറ്റർ അകലത്തിൽ വച്ചുതന്നെ താനെ അണഞ്ഞുപോകുമായിരുന്നു. ഞായറാഴ്ചയിലെ സൺഡേസ്കൂൾ ക്ലാസ്സുകളും അദ്ധ്യാപകരുടെ നല്ല നിർദ്ദേശങ്ങളും വിദ്യാർത്ഥികളുടെ ജീവതപാതയിൽ വീണുകിടക്കുന്ന തെറ്റുകളുടെ കരിയിലകളെയാണ് കരിച്ചുകളയുന്നത്. താൻ ആരാണെന്ന ബോധവും സഭാസ്നേഹവും കുടുംബബന്ധങ്ങളുടെ സ്ഥാനവും സഹവർത്തിത്വവും പ്രാർത്ഥനാജീവിതവും സൺഡേസ്കൂൾ ക്ലാസ്സുകൾ പകർന്നു നൽകുന്നുണ്ട്. ദാവീദ് രാജാവിനെപ്പോല 'മനുഷ്യനിൽ ആശ്രയിക്കുന്നതിനേക്കാൾ യഹോവയിൽ ആശ്രയിക്കുന്നത് നല്ലത്' എന്ന തിരിച്ചറിവും നൽകുന്നു. ഇങ്ങനെ ചിട്ടയായി സൺഡേസ്കൂൾ പത്താം ക്ലാസ്സ് പൂർത്തിയാക്കുന്ന ഒരു വിദ്യാർത്ഥി ഉന്നതവിദ്യാഭ്യാസത്തിനോ ജോലിക്കുവേണ്ടിയോ ഏതു നാട്ടിൽ പോയാലും പാശ്ചാത്യ സംസ്കാരത്തിന്റെ വേലിയേറ്റമെന്ന കാട്ടുതീ എത്ര മാത്രമുണ്ടായാലും അതിനെ അതിജീവിക്കാൻ പ്രാപ്തനായിരിക്കുമെന്നതിന് സംശയമില്ല. മുപ്പത്തൊൻപതു വർഷത്തെ സൺഡേസ്കൂൾ അദ്ധ്യാപകജീവിതം എന്നെ പഠിപ്പിച്ച സത്യം അതു തന്നെയാണ്.

സെക്കുലർ വിദ്യാഭ്യാസത്തിലെ മികവിനു വേണ്ടി ഞായറാഴ്ചയുടെ പ്രാധാന്യത്തെപ്പോലും മക്കളിൽനിന്ന് മറച്ചുവെയ്ക്കുന്ന മാതാപിതാക്കളും കുറവല്ല. വ്യക്തമായ വഴികാട്ടികളില്ലാതെ, പ്രതിസന്ധികളിൽ ആരെ ആശ്രയിക്കുമെന്നറിയാതെ ജീവിതപാതകളിൽ പകച്ചുപോകുന്നതും ഇത്തരം മാതാപിതാക്കളുടെ മക്കൾതന്നെ. പെട്ടെന്ന് നൽകുന്ന ഉപദേശമോ കൗൺസിലിംഗോ ഒന്നും ഈ അവസ്ഥയ്ക്കു പരിഹാരം ആകുകയുമില്ല. വാർദ്ധക്യകാലത്ത് നല്ല മക്കളായി ഇവർ മാറുന്നില്ലന്നതോർത്തു കണ്ണീരൊഴുക്കേണ്ടി വരുന്നതും സാധാരണമാണ്. "ബാലൻ നടക്കേണ്ട വഴിയിൽ അവനെ അഭ്യസിപ്പിക്ക; അവൻ വൃദ്ധനായാലും അത് വിട്ടുമാറുകയില്ല" എന്ന ദൈവവചനം മാതാപിതാക്കളുടെ കാതിൽ അലയടിക്കണം. പിതാക്കന്മാരുടെ കണ്ണീരോടെയുള്ള പ്രാർത്ഥനകളുടെ ഫലമാണ് നാം അനുഭവിക്കുന്ന നന്മകൾ എന്ന തിരിച്ചറിവും, ദൈവാശ്രയമില്ലെങ്കിൽ ഐശ്വര്യവും പണവുമൊന്നും രണ്ടു തലമുറപോലും നിലനില്ക്കില്ലെന്ന ജീവിതസത്യവും തിരിച്ചറിയുന്നവർക്കേ നല്ല മാതാപിതാക്കളാകാൻ കഴിയൂ.

ചിലപ്പോഴെങ്കിലും സൺഡേസ്കൂൾ പഠനം ഒരു ബാധ്യതയായി കാണുന്ന കുട്ടികളുമുണ്ടാകാം. സ്വന്തം ബുദ്ധിയിൽ, കഴിവിൽ അഹങ്കരിച്ചവരാരും ജീവിതവസാനംവരെ ആ അഭിപ്രായം നിലനിർത്തിയതായി കാണുന്നില്ല. നാം എത്ര നിസ്സാരരാണെന്നു അടുത്തയിടെയുണ്ടായ ജലപ്രളയം നമ്മെ പഠിപ്പിച്ചു കടന്നുപോയി. ഒരു പക്ഷെ രക്ഷകർത്താവിന്റെ സ്ഥാനത്തെത്തുമ്പോഴാകും സൺഡേസ്കൂൾ പഠനത്തിന്റെ ആഴവും പരപ്പും പലരും തിരിച്ചറിയുന്നതെന്നു മാത്രം.

സൺഡേസ്കൂൾ അദ്ധ്യാപനം: എന്നും മഹത്തരം

പുതുതായി അദ്ധ്യാപകരായിച്ചേരുന്ന ചിലരെങ്കിലും 'യാദൃശ്ചികമായി സൺഡേസ്കൂൾ അദ്ധ്യാപകനായി' എന്നു ചിന്തിച്ചുവെന്നു വരാം. ആരും സൺഡേസ്കൂൾ അദ്ധ്യാപകരായി തീരുന്നത് യാദൃശ്ചികമല്ല; ദൈവനടത്തിപ്പ് എന്നേ വിശ്വസിക്കാൻ കഴിയൂ. പുൽക്കൊടിത്തുമ്പിന്റെ ചലനം പോലും അറിയുന്ന ദൈവം അറിയാതൊന്നും സംഭവിക്കുകയില്ലല്ലോ? സൺഡേസ്കൂൾ അദ്ധ്യാപകനായി ആത്മാർത്ഥമായി സേവനം ചെയ്യാൻ കഴിയുന്നത് ജീവിതാനുഗ്രഹമാണ്. യേശുക്രിസ്തു നൽകുന്ന നല്ലയിടയന്റെ ഗുണവിശേഷങ്ങളായ ആടുകളുടെ ശബ്ദം തിരിച്ചറിയുന്നവരായി, ആടുകളെ പേർ ചൊല്ലി വിളിക്കുന്നവരായി, ആടുകളുടെ മുമ്പേ നടക്കുന്നവരായി, ആടുകളെ ജീവനെപ്പോലെ സ്നേഹിക്കുന്നവരായി മാറുന്ന സൺഡേസ്കൂൾ അദ്ധ്യാപകർക്ക് ലഭിക്കുന്ന ദൈവാനുഗ്രഹം തലമുറകളോളം നിലനിൽക്കുന്ന അനുഭവം ഓരോ ഇടവകയിലും കാണുവാൻ കഴിയും. സൺഡേസ്കൂൾ പത്താം ക്ലാസ്സ് പാസ്സായ തന്റെ മകനെക്കൂടി അദ്ധ്യാപകനായി ചേർക്കണമെന്ന് ഹെഡ്മാസ്റ്റോട് അഭ്യർത്ഥിച്ച പിതാവിന്റെ വാക്കുകൾ ഒരുപാട് ചോദ്യങ്ങൾക്കുള്ള ഉത്തരമാണ്. എന്റെ മകൻ സൺഡേസ്കൂൾ അദ്ധ്യാപകനാകണമെന്ന് ഞാനും അവനും ആഗ്രഹിക്കുന്നു. സഭയിൽ ഒരു പ്രതിഫലവും ആഗ്രഹിക്കാതെ കൂടുതൽ സമയം ദൈവവേല ചെയ്യുന്നവരാണ് സൺഡേസ്കൂൾ അദ്ധ്യാപകർ. ഓരോ അദ്ധ്യാപകരുടെയും ജീവിതത്തിൽ ദൈവം നൽകുന്ന അനുഗ്രഹം ഞാൻ തിരിച്ചറിയുന്നുണ്ട്. എന്റെ മകനും ആ അനുഗ്രഹത്തിന്റെ ഭാഗമാകണം.

തങ്ങളുടെ ജീവിതത്തിലെ മാറ്റങ്ങൾക്ക് കാരണം സൺഡേസ്കൂൾ അദ്ധ്യാപകരാണെന്ന് അനുസ്മരിക്കുന്ന അനുഭവം ഓരോ ഇടവകയിൽനിന്നും കേൾക്കാൻ കഴിയും. താൻ ദൈവികപാതയിലേക്ക് തിരിയുവാൻ ഇടയാക്കിയത് ഒരു സൺഡേസ്കൂൾ അദ്ധ്യാപകന്റെ പ്രാർത്ഥനയും ഉപദേശവുമാണെന്ന സാക്ഷ്യം പറയുന്ന അനേകം വൈദികർ നമ്മുടെ സഭയിലുണ്ട്. നല്ല സൺഡേസ്കൂൾ അദ്ധ്യാപകരെ ഇടവകയും സമൂഹവും എന്നും ആദരിക്കും. അതിലേറെ ദൈവം ഏല്പിച്ച കർത്തവ്യം നിറപടിയായി നിറവേറ്റുന്നത് ദൈവസന്നിധിയിൽ വിലപ്പെട്ടതായിരിക്കുമെന്നതിന് ഒരു സംശയവും വേണ്ട. ●



പ്രാർത്ഥന

ജോസ് കുര്യൻ പുളിയേരിൽ

ജാതി മത വ്യത്യാസമെന്യേ എല്ലാ ദൈവ വിശ്വാസികൾക്കും സുപരിചിതമായ പദമാണല്ലോ പ്രാർത്ഥന എന്നത്. സൃഷ്ടിതാവും സൃഷ്ടിയും തമ്മിലുള്ള സംഭാഷണമാകുന്നുവല്ലോ പ്രാർത്ഥന. പ്രാർത്ഥന എന്ന പദത്തിന് ഒട്ടേറെ വ്യാഖ്യാനങ്ങളും വിശദീകരണങ്ങളും കേട്ടിട്ടും പഠിച്ചിട്ടും നമ്മുടെ ജീവിതചര്യകളിൽ പാലിച്ചും വന്നിട്ടുള്ളതാണല്ലോ. പ്രാർത്ഥനാ മല്ലന്മാരായ അനവധി പുണ്യപിതാക്കന്മാർ അതിൽത്തന്നെ നമ്മുടെ കാവൽ പിതാവായ പരിശുദ്ധ പരുമല തിരുമേനിയും മറ്റും പ്രാർത്ഥനയെപ്പറ്റി വളരെ ആകർഷകങ്ങളും അർത്ഥവത്തായതുമായ വ്യാഖ്യാനങ്ങൾ അവരുടെ അനുഭവസമ്പത്തിനെ അധികരിച്ച് പഠിപ്പിക്കുകയും ഉരുവിടുകയും ചെയ്തിട്ടുള്ളത് നമുക്ക് അറിയാമല്ലോ. അവയിൽ പലതും നമുക്ക് ആവേശോജ്ജ്വലമായും അനുകരണീയമായും അനുഭവപ്പെട്ടുവരുന്നതുതന്നെ വളരെ അനുഗ്രഹകരമായ അനുഭവമാണ്. നമ്മുടെ രക്ഷകനും വീണ്ടെടുപ്പുകാരനുമായ യേശുതമ്പുരാൻ വിശുദ്ധ മത്തായിയുടെ സുവിശേഷം 6:25-ൽ കല്പിക്കുന്നു. "നിങ്ങൾ എന്ത് തിന്നും, എന്ത് കുടിക്കും എന്ന് നിങ്ങളുടെ ജീവനായിക്കൊണ്ടും എന്ത് ഉടുക്കും എന്ന് ശരീരത്തിനായിക്കൊണ്ടും വിചാരപ്പെടരുത്.'' പ്രാർത്ഥന എന്നത് നമ്മുടെ ദൈനംദിന ജീവിതത്തിൽ ഐഹിക ആവശ്യങ്ങളുടെ നെടുനീളൻ പട്ടിക നിരത്തുവാനുള്ള ഉപാധിയായി ആധുനിക വിശ്വാസികളിൽ മിക്കവരും കരുതുന്നുവെന്ന സത്യം ഇത്തരുണത്തിൽ ഗൗരവമായി ചിന്തിക്കേണ്ടതാണ്. നമ്മുടെ കർത്താവ് ചോദിക്കുന്നു. ആഹാരത്തെക്കാൾ ജീവനും ഉടുപ്പിനേക്കാൾ ശരീരവും വലുതല്ലയോ? എന്ന് വി. മത്തായിയുടെ സുവിശേഷം 6:26 മുതലുള്ള വാക്യങ്ങളിൽ നമ്മുടെ കർത്താവ് അരുളിച്ചെയ്യുന്നു. ആകാശത്തിലെ പറവകളെ നോക്കുവിൻ അവ വിതയ്ക്കുന്നില്ല, കൊയ്യുന്നില്ല, കളപ്പുരയിൽ കൂട്ടിവയ്ക്കുന്നതുമില്ല. എങ്കിലും സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവ് അവയെ പുലർത്തുന്നു. അവരേക്കാൾ നിങ്ങൾ വിശേഷതയുള്ളവരല്ലയോ? മേല്പറഞ്ഞ വേദവാക്യങ്ങളുടെ ബാക്കിയായി 34-ാം വാക്യം വരെയുള്ള വിശുദ്ധ വേദഭാഗത്തുകൂടി നമ്മുടെ കർത്താവ് നമ്മോട് അനുശാസിക്കുന്നത് നമ്മുടെ പ്രാർത്ഥനകൾ ഒരു കാരണവശാലും ഈ ലോക സംബന്ധമായ കാര്യങ്ങൾക്കുവേണ്ടിയോ ആവശ്യങ്ങൾക്കുവേണ്ടിയോ ആയിരിക്കരുത് എന്നാണ്. നമ്മുടെ പ്രാർത്ഥനകൾ നമ്മുടെ ആത്മാക്കളുടെ രക്ഷയെ ലക്ഷ്യമാക്കി ആത്മാക്കളുടെ വളർച്ചയ്ക്കും ഉയർച്ചയ്ക്കും പാപവുമായി ബന്ധമില്ലാത്തതുമായിരിക്കുവാനുള്ള ദൈവകൃപ യാചിപ്പാൻ വേണ്ടി മാത്രമായിരിക്കേണ്ടതാണ്. നമ്മൾ പ്രാർത്ഥിക്കുമ്പോൾ എന്തിനുവേണ്ടിയാണ് നാം പ്രാർത്ഥിക്കുന്നതെന്നോ അഥവാ നമ്മുടെ ലക്ഷ്യം എന്താണെന്നോ വ്യക്തമായി മനസ്സിലാക്കിയിരിക്കണം. ആപത്തോ അനർത്ഥമോ ബുദ്ധിമുട്ടുകളോ പ്രയാസങ്ങളോ ജീവിതപാതയിൽ ഉണ്ടായാൽ ആരും പ്രാർത്ഥിക്കും. അപ്പോഴൊക്കെയും ദൈവിക കൃപയ്ക്കും കരുണയ്ക്കും വേണ്ടി മാത്രമായിരിക്കണമെന്ന് മാത്രം.

വി. വേദപുസ്തകത്തിൽ പ്രാർത്ഥന എന്തായിരിക്കണമെന്നും എങ്ങനെ ആയിരിക്കണമെന്നും ഉദാഹരണസഹിതം വ്യക്തമാക്കുന്നുണ്ട്. 1 ദിനവൃത്താന്തം 16:35-ൽ ഞങ്ങളുടെ രക്ഷയായ ദൈവമേ ഞങ്ങളെ രക്ഷിക്കണമേ എന്ന പ്രാർത്ഥനാശബ്ദം നാം ശ്രവിക്കുന്നു. നമ്മുടെ രക്ഷകനായ യേശുതമ്പുരാന്റെ ജഡധാരണത്തിനു

ശ്രീ. ജോസ് കുര്യൻ പുളിയേരിൽ അബുദാബി ഓർത്തഡോക്സ് പള്ളിയിലെ ആദ്യകാല പ്രവർത്തനകനായിരുന്നു. 'A commentary of Holy Qurbana' തുടങ്ങി ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ് തിരുമേനിയുടെ ജീവചരിത്രം ഉൾപ്പെടെ പത്തു പുസ്തകങ്ങൾ രചിക്കുകയും കൂടാതെ ഏഴു പുസ്തകങ്ങൾ ഇംഗ്ലീഷിൽനിന്ന് പരിഭാഷപ്പെടുത്തിയിട്ടുമുണ്ട്. അഖില മലങ്കര ഓർത്തഡോക്സ് ശുശ്രൂഷകസംഘം ജനറൽ സെക്രട്ടറി, കാതോലിക്കേറ്റ് ശതാബ്ദി ആഘോഷക്കമ്മറ്റിയുടെ സെക്രട്ടറി എന്നീ നിലകളിൽ സേവനമനുഷ്ഠിച്ചിട്ടുണ്ട്.

അനേക വർഷങ്ങൾക്കുമുമ്പ് ഉരുവിട്ടതായ ഈ പ്രാർത്ഥന പ്രാധാന്യം നൽകുന്നത് രക്ഷയ്ക്കാണല്ലോ. യേശുതമ്പുരാന്റെ രക്ഷണ്യ പ്രവൃത്തികൾ നാം കണ്ടും അറിഞ്ഞും അനുഭവിച്ചും കഴിയുന്നവരാണല്ലോ. 1 യോഹന്നാൻ 4:16-ൽ ഇങ്ങനെ ദൈവത്തിന് നമ്മോടുള്ള സ്നേഹം നാം അറിഞ്ഞും വിശ്വസിച്ചും ഇരിക്കുന്നു. ദൈവം സ്നേഹം തന്നെ. സ്നേഹത്തിൽ വസിക്കുന്നവൻ ദൈവത്തിൽ വസിക്കുന്നു. ദൈവം അവനിലും വസിക്കുന്നു എന്ന് പറഞ്ഞിരിക്കുന്നു. രക്ഷ ദൈവസ്നേഹമാണെന്നും അത് യേശുതമ്പുരാന്റെ ക്രൂശിന്മേലുള്ള പരമ യാഗത്താലാണ് സാധ്യമായതെന്നും പ. യോഹന്നാൻ ശ്ലീഹാ വ്യക്തമാക്കുന്നു. 122-ാം സങ്കീർത്തനം ആറാം വാക്യത്തിൽ യെരുശലേമിന്റെ സമാധാനത്തിനായി പ്രാർത്ഥിക്കുവാനുള്ള ആഹ്വാനമാണ് നാം ശ്രവിക്കുന്നത്. സമാധാനം ദൈവികവും ദൈവദാനവുമാണെന്ന് പുതിയ നിയമത്തിലാണ് മനസ്സിലാക്കുന്നത്. എന്റെ സമാധാനം ഞാൻ നിങ്ങൾക്ക് തരുന്നു. അത് ലോകെ തരുന്നതുപോലെയല്ല എന്ന് യേശുതമ്പുരാൻ അരുളിച്ചെയ്തിരിക്കുന്നു (വി. യോഹന്നാൻ 14:27). സമാധാനം ദൈവത്തിൽ വസിക്കുന്നവർക്ക് ദാനമായി ലഭിക്കുന്ന ഒരു പ്രത്യേക അനുഭവമാണെന്ന് വി. വേദം നമ്മെ ഓർമ്മിപ്പിക്കുന്നു. വി. കുർബ്ബാനാനുഭവത്തിലൂടെയാണ് ഒരു വിശ്വാസിക്ക് ദൈവവുമായുള്ള പരസ്പര വാസത്തിനുള്ള സൗഭാഗ്യം ലഭ്യമാകുന്നത്. ദൈവം വിശുദ്ധനാകയാൽ നാമും വിശുദ്ധരായിരിക്കണമെന്ന് ദൈവഹിതം. അതുകൊണ്ടാണ് ഓരോ വിശ്വാസിയും വി. കുർബ്ബാനാനുഭവത്തിലൂടെ ദൈവത്തിൽ വസിപ്പാനും ദൈവത്തെ തങ്ങളുടെയുള്ളിൽ പുതുക്കി ഇരിപ്പിടമൊരുക്കുവാനും തയ്യാറാകുമ്പോൾ വി. കുമ്പസാരം നടത്തി പാപരഹിതൻ/ രഹിത ആയിരിക്കണമെന്ന് പ. സഭ അനുശാസിക്കുന്നത്. പുതിയ നിയമത്തിൽ സമാധാനം നമുക്ക് ലഭ്യമാകുന്നത് പരിശുദ്ധാത്മാവിലൂടെയാണ്. പ. റൂഹാ നമ്മുടെ ആലോചനക്കാരനും സമാധാന ദാതാവുമാണല്ലോ. പരിശുദ്ധാത്മാവിനെ അനുസരിച്ച് ദൈവഹിതം നിവർത്തിക്കുക എന്നതായിരിക്കണം ഓരോ വിശ്വാസിയുടെയും ജീവിതശൈലി. പരിശുദ്ധാത്മാവ് ദൈവദാനമാണെന്ന് അപ്പോസ്തോല പ്രവർത്തികൾ 10:6, റോമർ 1:7, ഫിലിപ്പിയർ 4:7, കൊലോസ്യർ 3:15, 1 തെസ്സലോനിക്യർ 5:23, 2 തെസ്സലോനിക്യർ 3:16, വെളിപ്പാട് 1:4 എന്നീ വേദഭാഗങ്ങൾ സാക്ഷിക്കുന്നു.

നമ്മുടെ പ്രാർത്ഥ ലൗകിക ആവശ്യങ്ങൾക്കായിട്ടല്ലെങ്കിൽ പിന്നെ എന്തിനുവേണ്ടിയാണ് നാം പ്രാർത്ഥിക്കേണ്ടത്. ഇതിനും വി. വേദപുസ്തകം വളരെ വ്യക്തമായ ഉത്തരം നൽകുന്നു. ഒന്നാമതായി ദൈവകരുണയ്ക്കായി പ്രാർത്ഥിക്കണം. നമ്മുടെ ആത്മീകവും ലൗകികവുമായ നിലനില്പ് തന്നെ ദൈവകരുണയെ ആശ്രയിച്ചാണ് എന്ന മാറ്റമില്ലാത്ത സത്യം നാം പലപ്പോഴും വിസ്മരിക്കാനിടയുണ്ട്. കരുണയ്ക്കായുള്ള പ്രാർത്ഥനയ്ക്ക് വളരെ ഉദാത്ത ഉദാഹരണമായി പരി. സഭ ചൂണ്ടിക്കാട്ടുന്നത്. വി. ലൂക്കോസിന്റെ സുവിശേഷം 18:35-ൽ വിവരിക്കുന്ന കുരുടനായ മനുഷ്യന്റെ പ്രാർത്ഥനാ രീതിയാണ്. "യേശുവേ ദാവീദ് പുത്രാ എന്നോട് കരുണയുണ്ടാകണമേ" എന്ന പ്രാർത്ഥന. ഈ പ്രാർത്ഥനയെ പരി. സഭാ പിതാക്കന്മാർ വളരെയേറെ ശ്രേഷ്ഠമായി അംഗീകരിച്ചും ആദരിച്ചും അനുകരിച്ചും പോന്ന ഒരു പ്രാർത്ഥനയാണ് ഇത്. പരി. സഭയിലെ ആരാധനകൾക്കിടയിൽ നിരന്തരമായി ഉരുവിടുന്ന 'കുറിയേലായിസോൻ' (അഥവാ കർത്താവേ എന്നോട് കരുണ ചെയ്യണമേ) എന്ന പ്രാർത്ഥനയ്ക്ക് തുല്യമാണ്. പ. സഭയിലെ പ്രാർത്ഥനകളെ മൂന്നുതരം പ്രാർത്ഥനകളായി തരംതിരിച്ചിരിക്കുന്നു. 1. പൊതുപ്രാർത്ഥന, 2. സ്വകാര്യ പ്രാർത്ഥന, 3. ക്രിസ്തുനാമ പ്രാർത്ഥന. ഒന്നാമത്തെ വിഭാഗം ദൈവാലയങ്ങളിലോ ഭവനങ്ങളിലോ വെച്ച് നടത്തപ്പെടുന്ന പൊതുപ്രാർത്ഥനകളാണ്. രണ്ടാമത്തെ വിഭാഗത്തിൽപ്പെടുന്നത് പ്രാർത്ഥിക്കുന്ന വ്യക്തിയുടെ സ്വന്ത താല്പര്യമനുസരിച്ച് സ്വകാര്യതകളിൽ (നിശ്ശബ്ദമായി) പ്രാർത്ഥിക്കുന്ന രീതിയാണ്. മൂന്നാമത്തെ വിഭാഗമായ കുറിയേലായിസ്സോൻ എന്ന പ്രാർത്ഥന നിരന്തരമായി മനസ്സിൽനിന്നും ഉരുവിടുന്ന രീതിയാണ്. പരിശീലനത്തിലൂടെ ഉറങ്ങുന്ന സമയത്തുപോലും പല പ. പിതാക്കന്മാരും ക്രിസ്തുനാമ പ്രാർത്ഥനകൾ ഉരുവിട്ടിരുന്നു. എല്ലാം സ്വന്ത രക്ഷയ്ക്കും മാനവസമൂഹത്തിന്റെ രക്ഷയ്ക്കും വേണ്ടിയാണെന്ന് മാത്രം. യേശുതമ്പുരാൻ നമ്മുടെ രക്ഷകനും, വീണ്ടെടുപ്പുകാരനും നമ്മുടെ സർവ്വസ്വവും ആണെന്ന് ഏറ്റുപറഞ്ഞ് സർവ്വ മഹത്വവും ദൈവത്തിന് നൽകി കരുണ യാചിക്കുന്നതാണ് പ്രാർത്ഥനകളുടെ പൊതുവിലുള്ള സ്വഭാവം. പൊതു പ്രാർത്ഥനകൾ ഒക്കെയും പ. പിതാക്കന്മാരാൽ പകർത്തി പകർത്തി സൂക്ഷിച്ചിരുന്നതും, കാലത്തിന്റെ പുരോഗതിയിൽ പുസ്തകങ്ങളായി അച്ചടിച്ച് വിനിയോഗിക്കുന്നതുമാണ്. വളരെയേറെ ശ്രദ്ധയോടെയും ദൈവാശ്രയത്തിലും ദൈവശരണത്തിലും തയ്യാർ ചെയ്യപ്പെട്ടവയാണ് ഓരോ ക്രമത്തിലെയും പ്രാർത്ഥനകൾ. തത്സമയ പ്രാർത്ഥനകളിൽ ലൗകിക ആവശ്യങ്ങളും മറ്റും വിഷയമാക്കുമ്പോൾ കേൾവിക്കാർക്ക് ഇമ്പം തോന്നാമെങ്കിലും അതിന്റെ പിന്നിലുള്ള വലിയ

ആപത്ത് അതൊക്കെയും ദൈവ തിരുവിഷ്ട ത്തിന് വിധേയമല്ലോ എന്നതാണ് ഏത് ആരാധ നയുടേതായാലും ഏത് പ്രാർത്ഥന ആയാലും അതിലൊന്നിലും വ്യക്തിപരമായ ആവശ്യ ങ്ങൾക്ക് പ്രത്യേകിച്ച് ലോകപരമായ ആവശ്യ ങ്ങൾക്ക് യാതൊരു പ്രാധാന്യവും നൽകുന്നില്ലാ യെന്നത് ഒരു കുറവല്ല. പ്രത്യുത ഏറ്റവും വലിയ ശ്രേഷ്ഠതയാണെന്ന് നാം തിരിച്ചറിയണം. നമ്മുടെ പ്രാർത്ഥനകളുടെ മഹത്വവും മാഹാ ത്മ്യവും നാം വേർതിരിച്ചറിയാൻ ശ്രമിക്കണം.

(തുടരും)

പുസ്തകപരിചയം

സുറിയാനി ക്രിസ്ത്യാനികളുടെ ആരാധനാസഹായി

ഡോ. പുന്നൂസ് യു. പാനൂർ

ഏറ്റവും മനോഹരമായ ആരാധന എന്ന് പരക്കെ അംഗീകരിക്കപ്പെട്ടിട്ടുള്ളതാണ് ഓർത്ത ഡോക്സ് ആരാധന. ശ്രദ്ധയോടെ പങ്കെടുക്കുന്ന വിശ്വാസികളെ സ്വർഗ്ഗീയ അനുഭവത്തി ലേക്കു കൂട്ടിക്കൊണ്ടുപോകുന്ന രീതിയിലാണ് ഓർത്തഡോക്സ് ആരാധന ക്രമീകരിച്ചിരി ക്കുന്നത്. എല്ലാവർക്കും മനസ്സിലാകുന്ന രീതിയിൽ വിവിധ ഭാഷകളിലേക്ക് ആരാധനാക്രമ ങ്ങൾ തർജ്ജിമ ചെയ്യപ്പെട്ടിട്ടുമുണ്ട്. എന്നാൽ അർത്ഥപൂർണമായ ആരാധന സാധിക്കണമെ ങ്കിൽ ആരാധനയെകുറിച്ച് പഠിക്കേണ്ടത് വളരെ അത്യാവശ്യമാണ്. ഈ ഒരു പഠനത്തിന് വിശ്വാസികളെ സഹായിക്കുന്ന ഒരു ഗ്രന്ഥമാണ് ഡോ. പുന്നൂസ് യു പാനൂർ രചിച്ച 'സുറി യാനി ക്രിസ്ത്യാനികളുടെ ആരാധനാസഹായി'. കേരളത്തിനുള്ളിലും കേരളത്തിന് പുറത്തും ആദ്ധ്യാത്മിക മേഖലകളിൽ പ്രവർത്തിച്ചും, പിതാക്കന്മാരോട് ഇടപെട്ടും, പഠനങ്ങളിലൂടെയും അദ്ദേഹം ആർജ്ജിച്ച വിജ്ഞാനം ഈ ഗ്രന്ഥരചനയിൽ അദ്ദേഹത്തെ വളരെയധികം സഹാ യിച്ചിട്ടുണ്ട്. വി. കുർബ്ബാനയാണ് മുഖ്യമായും പഠനവിധേയമാക്കിയിട്ടുള്ളത് എങ്കിലും പൊതുവേ എല്ലാ ആരാധനയിലും ശ്രദ്ധിക്കേണ്ട കാര്യങ്ങളും, വേദശാസ്ത്രവിഷയങ്ങളും, ആരാധന കൂടുതൽ ഫലപ്രദമാക്കുവാൻ ശ്രദ്ധിക്കേണ്ട കാര്യങ്ങളും, സുറിയാനി വാക്കുകളുടെയും ഗീത ങ്ങളുടെയും അർത്ഥവും ഇതിൽ ചർച്ചാവിഷയമായിട്ടുണ്ട്. ആത്മാവിലും സത്യത്തിലും ആരാ ധിക്കുവാൻ ആഗ്രഹിക്കുന്ന ഏതൊരു വിശ്വാസിക്കും ഈ പുസ്തകം ഒരു മുതൽക്കൂട്ടായി രിക്കും എന്നതിന് സംശയമില്ല.

CT

മൂന്നാം കവർപേജിൽ കാണുന്ന ? ഈ ചിഹ്നം സൂചിപ്പിക്കുന്ന ചിത്രത്തിൽ ആരെല്ലാമാണ്.

കഴിഞ്ഞ ലക്കത്തിലെ ചോദ്യത്തിന്റ ഉത്തരം

ആന്റോണിയോ ഫ്രാൻസിസ്കോ സേവ്യർ അൽവാരിസ് മാർ യൂലിയോസ് മെത്രാപ്പോലീത്താ

ശരിയായ ഉത്തരം തന്നവർ

1. **എം.എം. ജോൺസൺ പണിക്കർ, നെടുമ്പായിക്കുളം സെന്റ് ജോർജ് ചർച്ച്, കുണ്ടറ**
2. **ബിൻസി ബേബി, എം.ജി.എം.എസ്.എസ്. ചൊവ്വന്നൂർ, കുന്നംകുളം**
3. **ഗ്ലോറിസ് തോമസ്, ക്ലാസ് 9, ചാലുവില, കുണ്ടറ, സെന്റ് തോമസ് ഓർത്തഡോക്സ് പുത്തൻപള്ളി**
4. **ശൈനോ സൂസൻ ബേബി, സെന്റ് പോൾസ് ഓർത്തഡോക്സ് ചർച്ച്, നെടുമാവ്, കോട്ടയം**
5. **അനി സാം, സെന്റ് തോമസ് സൺഡേസ്കൂൾ, മുണ്ടക്കയം**
6. **അനു ഷാജി anushaji771@gmail.com**
7. **മറിയാമ്മ ജോർജ്ജ്, ടീച്ചർ, സെന്റ് ജോർജ് ഓർത്തഡോക്സ് ചർച്ച്, കളമശ്ശേരി**

Question Bank

Class XI Unit 4

1. കുടുംബം നന്നായാൽ സമൂഹം നന്നാകും എന്നു പറയാൻ കാരണമെന്ത്? (73)
2. വി. വേദപുസ്തകത്തിൽ മനുഷ്യസൃഷ്ടിയെക്കുറിച്ചുള്ള ഒന്നാമത്തെ വിവരണത്തിൽ ഏത് ആശയത്തിനാണ് ഊന്നൽ നൽകിയിരിക്കുന്നത്? (73)
3. രണ്ടാമത്തെ വിവരണത്തിൽ എന്തു പാഠമാണ് നൽകുന്നത്? (73)
4. വിവാഹകൂദാശയ്ക്ക് വായിക്കുന്ന ഏവൻഗേലിയോൻ ഭാഗം ഏത്? (73)
5. വിവാഹമോചനം ദൈവ ഇഷ്ടത്തിന് ചേർന്നതല്ല എന്നതിന്റെ വേദപുസ്തക പഠിപ്പിക്കൽ എന്ത്? (73)
6. വിവാഹ കൂദാശയ്ക്ക് വായിക്കുന്ന ലേഖനഭാഗം ഏത്? ഈ ഭാഗത്ത് ഭാര്യയും ഭർത്താവും തമ്മിലുള്ള ബന്ധത്തെ എന്തിനോടാണ് ഉപമിച്ചിരിക്കുന്നത്? (74)
7. വിവാഹകൂദാശയിലെ പ്രധാന കാർമ്മികൻ ആര്? (74)
8. വിവാഹകൂദാശയിലെ വിവിധ ഭാഗങ്ങൾ ഏവ? (74)
9. ത്രിത്വത്തിലെ ഏത് സ്വഭാവമാണ് കുടുംബങ്ങൾക്ക് മാതൃകയാക്കാവുന്നത്? (75)
10. യേശുവിന് ആത്മീയ ശിക്ഷണം ലഭിച്ചിരുന്നു എന്നു വ്യക്തമാക്കുക? (75)
11. ആധുനിക കുടുംബങ്ങൾ നേരിടുന്ന വെല്ലുവിളികൾ ഏവ? അവയ്ക്കുള്ള പരിഹാരങ്ങൾ എന്ത്? (76-78, 80-81 Essay)
12. ആഗോളവത്ക്കരണം കുടുംബബന്ധങ്ങളെ എങ്ങനെ സ്വാധീനിക്കുന്നു? (77)
13. മാധ്യമങ്ങൾ കുടുംബബന്ധങ്ങളെ എങ്ങനെ സ്വാധീനിക്കുന്നു? (77)
14. സങ്കീ. 127:1 ഉദ്ധരിക്കുക.
15. കുടുംബബന്ധങ്ങൾ മെച്ചപ്പെടുത്തുവാൻ മാതാപിതാക്കളേക്കാൾ യുവാക്കൾക്ക് ആശ്രയിക്കാവുന്ന ഘടകങ്ങൾ ഏവ? (81)
16. കുടുംബബന്ധങ്ങൾ ശക്തിപ്പെടുത്തുവാൻ കുടുംബാംഗങ്ങൾക്കു ചെയ്യാവുന്ന കാര്യങ്ങൾ വിശദീകരിക്കുക? (80-81)
17. കുടുംബവും സഭയും തമ്മിൽ എങ്ങനെ താരതമ്യപ്പെടുത്താം? (81)
18. കൂട്ടുകുടുംബം, അണുകുടുംബം ഇവ തമ്മിലുള്ള ഗുണദോഷങ്ങൾ വിശദമാക്കുക? (79)
19. ഓർത്തഡോക്സ് സഭാംഗങ്ങൾ തമ്മിൽ മാത്രമേ നമ്മുടെ സഭ വിവാഹം അനുവദിക്കുന്നുള്ളൂ. എന്തുകൊണ്ട്? (83)
20. മറ്റു സഭാംഗങ്ങളുമായോ, മതവിശ്വാസികളുമായോ ഓർത്തഡോക്സ് വിശ്വാസിക്ക് വിവാഹം നടത്തണമെങ്കിൽ എന്താണ് ചെയ്യേണ്ടത്.
21. മേൽപ്പറഞ്ഞ കാര്യത്തിൽ കാത്തോലിക്കാ സഭയുടെ വ്യത്യസ്ത നിലപാട് എന്ത്? (84)
22. വ്യത്യസ്ത സഭാംഗങ്ങൾ തമ്മിൽ വിവാഹം കഴിക്കുമ്പോൾ ഉണ്ടാകാവുന്ന പ്രശ്നങ്ങൾ എന്തെല്ലാം? (84, 85)
23. വ്യത്യസ്ത മതവിഭാഗങ്ങളിലുള്ളവർ തമ്മിൽ വിവാഹത്തിന് മുതിർന്നാൽ ഉണ്ടാകാവുന്ന പ്രശ്നങ്ങൾ എന്തെല്ലാം? (85)

സൺഡേസ്കൂൾ വാർത്തകൾ

• പന്ത്രണ്ടാം ക്ലാസ്സിലെ വേദപ്രവീൺ പരീക്ഷ എഴുതുവാനാഗ്രഹിക്കുന്ന അദ്ധ്യാപകരുടെ ശ്രദ്ധയ്ക്ക് • രജിസ്ട്രേഷൻ ഫോമിനൊപ്പം കേന്ദ്ര ഓഫീസിൽനിന്നു ലഭിക്കുന്ന മറ്റൊരു ഫോം കൂടി പൂരിപ്പിച്ച് നൽകേണ്ടതാണ്. • 11, 12 ക്ലാസ്സുകളിലെ പാഠഭാഗങ്ങൾ ഉൾക്കൊള്ളുന്ന മൂന്നു മണിക്കൂർ പരീക്ഷയായിരിക്കും അദ്ധ്യാപകർ എഴുതേണ്ടത്. • നിലവിലുള്ള പരീക്ഷാകേന്ദ്രങ്ങളിൽ വിദ്യാർത്ഥികളോടൊപ്പം പരീക്ഷയെഴുതുവാൻ ബുദ്ധിമുട്ടുണ്ടെങ്കിൽ ഡയറക്ടർ ക്രമീകരിക്കുന്ന മറ്റൊരു സെന്ററിൽ അതേ ദിവസം അതേ സമയത്ത് പരീക്ഷയെഴുതേണ്ടതാണ്. • ഓറിയന്റേഷൻ പ്രോഗ്രാമിലുള്ള പങ്കാളിത്തവും പ്രോജക്റ്റ് തയ്യാറാക്കലും അദ്ധ്യാപകർക്കും ബാധകമാണ്. • 10, 11, 12 ക്ലാസ്സുകളിലെ പരീക്ഷയ്ക്കുള്ള രജിസ്ട്രേഷൻ അപേക്ഷകൾ കേന്ദ്ര ഓഫീസിൽ ലഭിക്കേണ്ട അവസാന തീയതി 2018 സെപ്റ്റംബർ 30 ആണ്. • സൺഡേസ്കൂൾ സഹപാഠ്യ മത്സരങ്ങൾ ഭദ്രാസനതലത്തിൽ ഒക്ടോബർ 13-ാം തീയതിയും സോണൽ തലത്തിൽ നവംബർ 8-ാം തീയതിയും നടത്തപ്പെടുന്നതാണ് എന്ന് ഓർമ്മിപ്പിക്കുന്നു. • സൺഡേസ്കൂൾ വാർഷികപ്പരീക്ഷ ഡിസംബർ രണ്ടാം തീയതി ഞായറാഴ്ചയും 5 മുതൽ 9 വരെ ക്ലാസ്സുകളിലെ മത്സര പരീക്ഷയും 10, 11, 12 ക്ലാസ്സുകളിലെ പൊതു പരീക്ഷയും ഡിസംബർ 29 ശനിയാഴ്ച നടത്തുന്നതാണ്.

പിന്നാമ്പുറം

'ഏലം ഒരു ശീലമാക്കണം' സുഗന്ധവ്യഞ്ജന ബോർഡിന്റെ ഒരു പരസ്യ വാചകമാണ്. പക്ഷെ ഇപ്പോൾ അത് എങ്ങും കാണുന്നില്ല. 'പ്രാർത്ഥന ഒരു ശീലമാക്കണം' പരസ്യവാചകമല്ലെങ്കിലും പരക്കെ ശീലിച്ച ഒരു പാഠമാണ്. അതും ഇപ്പോൾ അപ്രത്യക്ഷമായിക്കൊണ്ടിരിക്കുകയാണ്. ഏലം നമ്മെ സുഗന്ധപൂരിതമാക്കുന്നതുപോലെ പ്രാർത്ഥനയും നമ്മുടെ ജീവിതത്തെ സുഗന്ധപൂരിതമാക്കും. സൺഡേസ്കൂൾ പത്താം ക്ലാസ്സ് പാസ്സായി പന്ത്രണ്ടാം ക്ലാസ്സ് പരീക്ഷ എഴുതുവാൻ തയ്യാറെടുക്കുന്ന 210 കുട്ടികളിൽ രാവിലെ പ്രാർത്ഥന ശീലമാക്കിയിട്ടുള്ളവർ 10 ശതമാനത്തിൽ താഴെ മാത്രം. രാവിലെയും വൈകിട്ടും വേദപുസ്തകം വായിക്കുന്നവരാകട്ടെ പത്തിൽ താഴെയും.

ഒരു പ്രസംഗത്തിൽ ശ്രവിച്ച ഭാഗം ഉദ്ധരിക്കുകയാണ്. ഒട്ടകം പ്രഭാതത്തിൽ യജമാനന്റെ മുമ്പിൽ മുട്ടുകുത്തുന്നു. യജമാനൻ ഒട്ടകത്തിന്റെ പുറത്തു കയറി യാത്ര ചെയ്യുന്നു. മരുഭൂമിയിലെ ചൂടും തണുപ്പും സഹിച്ച് യാത്ര ചെയ്യുവാനുള്ള കരുത്തോടെ യാത്ര ചെയ്ത് സന്ധ്യാസമയത്ത് വീണ്ടും ഒട്ടകം മുട്ടുകുത്തുന്നു. യജമാനൻ ഇറങ്ങിക്കഴിഞ്ഞാൽ രാത്രി മുഴുവനും യജമാനനോടൊപ്പം വിശ്രമിക്കുന്നു. പകലും രാത്രിയിലും യജമാനന്റെ കൂടെ യജമാനന്റെ സംരക്ഷണയിൽ. ഭക്തനായ പാട്ടുകാരൻ ഇതു മനസ്സിലാക്കിയാണ് ഇപ്രകാരം പാടിയത്.

"രാത്രിയിൽ ഞാനുറങ്ങുമ്പോൾ ദൈവത്തിന്റെ കൈകളിലുറങ്ങുന്നു"

രാവിലെയും വൈകിട്ടും യജമാനന്റെ മുമ്പിൽ മുട്ടുകുത്തുന്ന ഒട്ടകത്തെപ്പോലെ നാമും നമ്മുടെ കുഞ്ഞുങ്ങളും ദൈവസന്നിധിയിൽ മുട്ടുകുത്തിയിരുന്നുവെങ്കിൽ കുടുംബം എത്ര ഇമ്പമുള്ളതാകുമായിരുന്നു. പ്രഭാതത്തിൽ പ്രാർത്ഥനയില്ലാതെ ഇറങ്ങിത്തിരിക്കുന്ന നമ്മുടെ കുഞ്ഞുങ്ങൾ പകൽ മുഴുവൻ ഊരുചുറ്റുന്നതും വൈകിട്ട് അന്തിയുറങ്ങുന്നതും ആരുടെ കൂടെയെന്ന് നാം ചിന്തിക്കേണ്ടതാണ്.

ശീലിപ്പിക്കേണ്ടവർക്ക് ശീലമില്ലെങ്കിൽ ആരെ പഴിക്കാൻ പറ്റും? "യഥാ രാജാ തഥാ പ്രജ" പ്രാർത്ഥനയാൽ സുഗന്ധപൂരിതമാകട്ടെ നമ്മുടെ പ്രഭാതങ്ങളും സായാഹ്നങ്ങളും.

ദി സൺഡേസ്കൂളിന് ലഭിക്കുന്ന കത്തുകൾ സൂചിപ്പിക്കുന്നത് പതിവായി കുറച്ചു പേരെങ്കിലും വായിക്കുന്നു എന്ന ശുഭ സൂചനയാണ്. മൂന്നുവർഷം പിന്നിടുമ്പോൾ ഇതിന്റെ കെട്ടിലും മട്ടിലും മാറ്റങ്ങൾ കാലത്തിനൊത്ത് ഉണ്ടാകേണ്ടിയിരിക്കുന്നു. അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സ്വാഗതം ചെയ്യുന്നു.

സ്നേഹപൂർവ്വം,

ജോസഫ് അലക്സാണ്ടർ
എക്സിക്യൂട്ടീവ് എഡിറ്റർ
email: joseph.alexander@outlook.com